


‘കുന്നിമണി’ ക്കുശേഷം വിദ്യാലയത്തിന്റെ രണ്ടാമത്തെ മാഗസിൻ.
കൊച്ചു കുട്ടികളുടെ സർഗ്ഗരചനകൾ സ്വച്ഛസുന്ദരമാണ്.
അതിന് മഴവില്ലിന്റെ അഴകുണ്ട്.
‘കുരുന്ന്’ ഞങ്ങൾക്ക് മാരിവില്ലാണ്.



**ഇടക്കേപ്പുറം യു. പി. സ്കൂൾ**
കണ്ണപുരം, പി. ഒ. ചെറുകുന്ന്.

ചീഫ് എഡിറ്റർ
**കെ. പി. സുലോചന** (ഹെഡ്മിസ്ട്രസ്സ്)

എഡിറ്റർ
**എം. ലക്ഷ്മണൻ**

സ്റ്റുഡന്റ് എഡിറ്റർ
**വർണ്യ ആർ.**

പത്രാധിപ സമിതി
**ജിഷ്ണു പി, ആദിത്യ പി. പി,**
**വിഘ്നേഷ് കെ. പി**
**രൂപശ്രീ കെ, ദിൽന കെ വി,**
**ആവണി വി, അമൃത കെ. വി,**
**ശ്രീലാൽ കെ. വി, വർഷ പി**

ഉപദേശക സമിതി
**ഇ. ബാലകൃഷ്ണൻ** (പ്രസിഡണ്ട്, പി.ടി.എ)
**സജീവൻ** (വൈ. പ്രസിഡണ്ട്, പി.ടി.എ)
**പി. ഹേമലത** (പ്രസിഡണ്ട്, മദർ പി.ടി.എ)
**സുരേശൻ കെ,**
**പി. കെ. വാസുദേവൻ നമ്പൂതിരി**
**എം. കെ. റീന**
**ടി. പി. രവീന്ദ്രൻ**
**വി. പ്രസീത**
**ടി. പ്രേമരാജൻ**
**സി. വി. ലതീഷ്**

മുഖചിത്രം :
'പുലരിയുടെ ഉണർത്തുകാരൻ'
ഒരു നിറക്കൂട്ട് ഉൽപന്നം–**ഗോവിന്ദൻ കണ്ണപുരം**

ചിത്രീകരണം
**ഗോവിന്ദൻ കണ്ണപുരം**


കവർഡിസൈൻ & ലേഔട്ട്
**ദീപു അന്നൂർ**

പ്രിന്റിംഗ്
**മലബാർ ഗ്രാഫിക്സ്, പയ്യന്നൂർ**

പ്രസാധകർ
**പി. ടി. എ ഇടക്കേപ്പുറം യു. പി. സ്കൂൾ**



# MESSAGE



**പി.കരുണാകരൻ എം.പി**
കാസർഗോഡ് മണ്ഡലം


**P. KARUNAKARAN, M.P.**
(Lok Sabha)
Deputy Leader, CPI (M)
CHAIRMAN
Committee on Subordinate Legislation
Member:
- Standing Committee on Transport, Tourism & Culture
- Consultative Committee on Railways
- Committee on Estimates

Off.: 143, Parliament House,
New Delhi - 110 001
Tel. : 23034717
Telefax : 23015177

Res.: 41, North Avenue,
New Delhi - 110 001
Tel. : 011-23094503
Telefax : 23093778


നമ്മുടെ കുട്ടികൾ ഭാവിയുടെ സമ്പത്തും പ്രതീക്ഷയുമാണ്. മാറിക്കൊണ്ടിരിക്കുന്ന ലോകസാമൂഹ്യക്രമത്തിന് അനുസൃതമായി ജീവിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ദൗത്യമാണ് വിദ്യാലയങ്ങൾക്ക് നിർവ്വഹിക്കാനുള്ളത്. ആ ദൗത്യനിർവ്വഹണത്തിൽ ഉത്തമമായ മാതൃകകൾ നൽകിക്കൊണ്ടിരിക്കുന്ന ഇടക്കേപ്പുറം യു.പി.സ്കൂളിനെ ഹാർദ്ദവമായി അഭിനന്ദിക്കുന്നു. കുട്ടികളുടെ ഭിന്നതല സർഗ്ഗശേഷി വികസിപ്പിക്കുന്നതിലൂടെ ലഭിച്ച 'കുരുന്നി'ന് എന്റെ എല്ലാവിധ ശുഭാശംസകളും നേരുന്നു. കൊച്ചുവിദ്യാർത്ഥിനികൾക്കും പ്രത്യേകം എന്റെ സ്നേഹാന്വേഷണങ്ങളും ആശംസകളും.

**P. KARUNAKARAN**
**Member, Lok Sabha**
**1-Kasaragod**
**Kerala.**

---



**ടി.വി.രാജേഷ് എം.എൽ.എ.**
കല്ല്യാശ്ശേരി നിയോജകമണ്ഡലം

വിദ്യാലയങ്ങൾ കേവല അറിവു നല്കുന്നതിനു പകരം അറിവു നിർമ്മിതി കേന്ദ്രങ്ങളായി മാറുകയാണ്. പ്രവർത്തിക്കുമ്പോഴാണ് അറിവുണ്ടാകുന്നത്. പഠനപ്രവർത്തത്തനങ്ങളിൽ നിന്നുമുണ്ടായ സർഗ്ഗരചനകൾ സമാഹരിച്ച് ഇടക്കേപ്പുറം യു. പി. സ്കൂൾ 'കുരുന്ന്' മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇത് മാതൃകാപരമായ മികവാണ്. അതിൽ ഏർപ്പെട്ട കുട്ടികളെയും അദ്ധ്യാപകരെയും രക്ഷിതാക്കളെയും ഹൃദയം നിറഞ്ഞ് അഭിനന്ദിക്കുന്നു. കൊച്ചുകൂട്ടുകാർക്കും അവരുടെ 'കുരുന്നി'നും എന്റെ വിജയാശംസകൾ.

കല്ല്യാശ്ശേരി
15-02-2014

സ്നേഹപൂർവ്വം
(ഒപ്പ്)

# MESSAGE



പി.പി.ദിവ്യ
മെമ്പർ
കണ്ണൂർജില്ലാ പഞ്ചായത്ത്

'കുഞ്ഞുങ്ങൾ അനന്ത സാധ്യതയുള്ള ആകാശങ്ങളാണ്. ഇടക്കേപുറം യു.പി സ്കൂളിലെ മിടുക്കികളും മിടുക്കന്മാരും തയ്യാറാക്കുന്ന ഈ അക്ഷരലോകം അവരുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കാനും പുറംലോകത്തെ അറിയിക്കാനുമുള്ള അവസരം നൽകട്ടെ.

ഇരിണാവ് — സ്നേഹപൂർവ്വം

12-02-2014 — പി.പി.ദിവ്യ(ഒപ്പ്))

---



എം.ശ്യാമള
പ്രസിഡണ്ട്
കണ്ണപുരം ഗ്രാമപഞ്ചായത്ത്

മാതൃസ്നേഹം, മാധുര്യമൂറം അമ്മിഞ്ഞപ്പാലിനൊപ്പം നുകരുമ്പോൾതന്നെ മാതൃഭാഷയായ മലയാളവും ഹൃദിസ്ഥമാക്കുന്നവരാണ് നമ്മുടെ കുഞ്ഞുങ്ങൾ. ആധുനിക മലയാളിസമൂഹം മാതൃഭാഷയോട് കാണിക്കുന്ന അവഹേളനം നമ്മുടെ ദൃശ്യമാധ്യമങ്ങളിലെ അവതാരകരുടെ 'മംഗ്ലീഷ്' ലോകം കണ്ടുകൊണ്ടിരിക്കുകയാണ്. മലയാളഭാഷാനൈപുണ്യം ഉച്ചാരണത്തിലൂടെയും ഉപയോഗത്തിലൂടെയും ആർജ്ജിക്കുന്നതിന് ഇടക്കേപ്പുറം യു.പി. സ്കൂൾ കുട്ടികൾ തയ്യാറാക്കിയ 'കുരുന്ന്' മാഗസിൻ പ്രസിദ്ധീകരണം സഹായിക്കട്ടെയന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

കണ്ണപുരം — സ്നേഹപൂർവ്വം

10-02-2014 — എം.ശ്യാമള (ഒപ്പ്))

# MESSAGE



ഇടക്കേപ്പുറം യു.പി.സ്കൂളിലെ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് 'കുരുന്ന്' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

മാടായി സ്നേഹപൂർവ്വം

12-02-2014 വി.വി.രാമചന്ദ്രൻ (ഒപ്പ്))

**വി.വി.രാമചന്ദ്രൻ**
**ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ**
**മാടായി**

---



കുട്ടികളുടെ പഠനമികവ് ലക്ഷ്യംവെച്ച്കൊണ്ട് വൈവിധ്യമാർന്ന ഒട്ടേറെ പഠാനുബന്ധപ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാലയമാണ് ഇടക്കേപ്പുറം യു.പി.സ്കൂൾ. അത്തരത്തിലുള്ള പ്രവർത്തനങ്ങളിലൊന്നാണ് 'കുരുന്ന്' മാഗസിൻ പ്രസിദ്ധീകരണം. കുട്ടികളുടെ സർഗരചനാശേഷി പ്രോത്സാഹിപ്പിക്കാനുള്ള ഈ ശ്രമത്തെ എല്ലാ അർത്ഥത്തിലും അഭിനന്ദിക്കുന്നു. എന്റെ എല്ലാവിധ ആശംകളും അറിയക്കട്ടെ

കണ്ണപുരം സ്നേഹപൂർവ്വം

14-02-2014 കെ.വി.ശ്രീധരൻ

(ഒപ്പ്))

**കെ.വി.ശ്രീധരൻ**
**വൈ.പ്രസിഡണ്ട്**
**കണ്ണപുരം ഗ്രാമപഞ്ചായത്ത്**

# സ്കൂൾ മാനേജിങ് കമ്മിറ്റി



**ശ്രീ. കെ.വി.കണ്ണൻ**
(മാനേജർ)



**ശ്രീ.കെ.നാരായണൻ**
(പ്രസിഡണ്ട്, സ്കൂൾ മാനേജിങ് കമ്മിറ്റി)



**ശ്രീ.വി.വി.കൃഷ്ണൻ**
(സിക്രട്ടറി, സ്കൂൾ മാനേജിങ് കമ്മിറ്റി)



ഇരിക്കുന്നവർ  ഇടത്തുനിന്ന് : **കെ.നാരായണൻ, കെ.വി.കണ്ണൻ, കെ.പി.സുലോചന, പി.വി.കുഞ്ഞിരാമൻ**
നിൽക്കുന്നവർ - ഇടത്തുനിന്ന് : **കെ.വി.ബാലൻ മാസ്റ്റർ, എം.സുരേന്ദ്രൻ, എം.വി.ബാലൻ, വി.വി.കൃഷ്ണൻ**



Headmistress K.P.Sulochana

## പി.ടി.എ. പ്രവർത്തകസമിതി



**ശ്രീ.ഇ.ബാലകൃഷ്ണൻ**
(പ്രസിഡണ്ട്)



**ശ്രീ.സജീവൻ പി.പി.**
(വൈ. പ്രസിഡണ്ട്)



ഇരിക്കുന്നവർ ഇടത്തുനിന്ന്: രവി പി, കെ.പി.സുലോചന, മഞ്ജുള കെ, മിനി എം, രാജശ്രീ ഇ.
നിൽക്കുന്നവർ – ഇടത്തുനിന്ന്: സുരൻ കെ, വത്സലൻ എം.വി, ബാലകൃഷ്ണൻ ഇ, സജീവൻ പി.പി, ജിതേഷ് പി.വി.

## മദർ പി.ടി.എ. പ്രവർത്തകസമിതി



**ശ്രീമതി ഹേമലത പി.**
(പ്രസിഡണ്ട്)



**ശ്രീമതി.പി.കെ.ഗീത**
(മെമ്പർ, കണ്ണപുരം ഗ്രാമപഞ്ചായത്ത്)



ഇരിക്കുന്നവർ ഇടത്തുനിന്ന്: ആസിമ എം.പി, അനിത കെ, ലതിക പുഷ്പജൻ, ഷൈജ കെ.
നിൽക്കുന്നവർ – ഇടത്തുനിന്ന്: ഹേമലത പി, കെ.പി.സുലോചന, സിന്ധു ടി.വി.

# ആമുഖം



**കാലം** ഒഴുകിപ്പോകുന്നു. കോലങ്ങൾ മാറിയും മറിഞ്ഞും കൊണ്ടിരിക്കുന്നു. പൂവും പുലരിയും മാറിമാറി വരുന്നു. പുതുമയെ കാംക്ഷിക്കുന്ന മനുഷ്യൻ പലതിന്റെയും പിന്നാലെ ഓടിത്തളരുന്നു. കിതക്കുമ്പോഴും കൊതിക്കുന്നതാണല്ലോ മനുഷ്യന്റെ പ്രകൃതം. അതുകൊണ്ടുതന്നെ വീണ്ടും വീണ്ടും എന്തെങ്കിലും ചെയ്യാൻ ആശിച്ചുകൊണ്ടേയിരിക്കുന്നു. നമ്മളൊക്കെ ചെറിയ മനുഷ്യരാണ്. നമുക്ക് പരിമിതികളുണ്ട്. ആ പരിമിതിക്കകത്തു നിന്നു ആവുന്നതു ചെയ്തു തീർക്കാൻ കൊതിക്കുന്നു. അത്തരം കൊതികളാണ് ഇത്തരം കാര്യങ്ങൾ ചെയ്യുവാനുള്ള പ്രേരകശക്തി. സ്വന്തം പരിമിതി മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഞങ്ങൾ ഇറങ്ങിപ്പുറപ്പെട്ടത്. പൊന്ന് വെക്കേണ്ടിടത്ത് പൂവ് വച്ച് തൃപ്തിപ്പെടുക എന്ന് പറയാറില്ലേ. അതുപോലെ ഞങ്ങളും ചിലത് ചെയ്തുവെന്ന് സമാധാനിക്കുന്നു.

സ്കൂൾ ജീവിതം ഒരു തുടർച്ചയാണ്. ഇടർച്ച പറ്റാതെ ജീവിതം നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് വിദ്യാലയത്തിന്റെ കടമ. പൂന്തോട്ടത്തിൽ പാറിനടക്കുന്ന പൂമ്പാറ്റകളെപ്പോലെയാണ് കുട്ടികൾ. അറിവു നുകരാനും പുതുമ കണ്ടെത്താനും കൊതിക്കുന്ന മനസ്സ്. അത്തരം മനസ്സുകളെ ഉണർത്തിയെടുക്കുക ദുഷ്കരമാണ്. എന്നാലും ഞങ്ങൾ ശ്രമിച്ചു. ചിലതൊക്കെ ലഭിച്ചു. അത്തരം സൃഷ്ടികളാണ് തുടർന്നു വരുന്ന താളുകളിൽ. ചൈതന്യത്തിന്റെ പ്രസരണം കൊണ്ട് സംതൃപ്തമാക്കാനുള്ള ശ്രമം ഒരിക്കലും വ്യർഥമാവില്ലാകുന്നില്ല. ഈ ഒരാശയമാണ് ഞങ്ങളുടെ ആശയും ആവേശവും. വിലയിരുത്തേണ്ടത് നിങ്ങളാണ്, വായനക്കാർ.

സ്നേഹപൂർവ്വം

K. P. SULOCHANA
HEADMISTRESS
EDAKKEPPURAM U.P. SCHOOL
P. O. CHERUKUNNU-670 301

# സ്കൂൾ സ്റ്റാഫ്



**കെ.പി.സുലോചന**
(ഹെഡ്മിസ്ട്രസ്സ്)



**ടി. പി. രവീന്ദ്രൻ**
(സ്റ്റാഫ് സിക്രട്ടറി)



**എം. ലക്ഷ്മണൻ**
(എസ്സ്. ആർ. ജി. കൺവീനർ)



ഇരിക്കുന്നവർ ഇടത്തുനിന്ന് : **പി.കെ.വാസുദേവൻ നമ്പൂതിരി, എം.കെ.റീന, കെ.പി.സുലോചന, വി.പ്രസീത, ടി.പി.രവീന്ദ്രൻ**
നിൽക്കുന്നവർ - ഇടത്തുനിന്ന് : **എം. ലക്ഷ്മണൻ, കെ.സുരേശൻ, സി.വി.ലതീഷ്, ടി. പ്രേമരാജൻ**



# കൈത്താങ്ങ്

കുരുന്ന് പുതുജീവന്റെ പ്രതീകമാണ്.
പൊള്ളുന്ന യാഥാർത്ഥ്യങ്ങൾക്കഭിമുഖമായിട്ടാണ്
അത് വളരുന്നത്.
അഭിമുഖീകരണമാണ് ജീവന്റെ കരുത്ത്.
നമ്മുടെ കുട്ടികളുടെ ഇളം മനസ്സിൽ പിറന്ന
രചനകളിൽ കരുത്തിന്റെ ചില അടയാളപ്പെടുത്തലുകളുണ്ട്.
തീർച്ചയായും അത് വളരെ സന്തോഷം നൽകുന്നു.
ആഗ്രഹിക്കുന്നതും അതുതന്നെയാണ്.
ഈ സംരംഭം അവരുടെ കരുത്തിന്
ഞങ്ങൾ നിറഞ്ഞ സ്നേഹവാത്സല്യത്തോടെ
നൽകുന്ന കൈത്താങ്ങാണ്.

എഡിറ്റർ
**എം.ലക്ഷ്മണൻ**



# ഉള്ളടക്കം


അവസാനത്തെ വയൽ/ **സ്നേഹ കെ 13**
വയനാട്ടിലേക്ക് ഒരു യാത്ര/ **അനുപ്രിയ വി.വി 14**
അമ്മ കൊയ്യുന്നു സ്നേഹത്തിന്റെ തൂവൽസ്പർശം/ **വർഷ പി 15**
കുട്ടികളുടെ ആരോഗ്യം / **പി.പി.സജീവൻ 16**
പാഠം 1 പാടം/ **തീർത്ഥ പി.എം 18**
പ്രകൃതിനിരീക്ഷണം പക്ഷികളിലൂടെ/ **അക്ഷയ് സി 19**
അടുക്കളത്തോട്ടം: ആരോഗ്യത്തിന്, കുടുംബത്തിന്, നാട്ടിന്/ **ദിൽന കെ.വി 21**

സ്വർഗ്ഗവും നരഗവും/ **ദേവിക കെ 22**
നാട്ടറിവിലെ ഗണിതം/ **വർണ്യ ആർ 26**
വാമൊഴി സൗന്ദര്യം/ **മുഹമ്മദ് സീനാൻ 28**
കൃഷിയറിവ് ചൊല്ലുകളിൽ/ **വിശ്വാസ് സി 29**
വെളിച്ചം/ **അമൃത കെ.വി 30**
മലയാളം/ **ലയന കെ.വി 30**
നിറങ്ങളുടെ ഹരിതകാന്തി/ **ലക്ഷ്മണൻ എം 31**

നിറക്കൂട്ട്: മനസ്സിനെ നിറങ്ങളിൽ ചാലിച്ച ശില്പശാല/ വർണ്യ ആർ 32
പുരാവസ്തുക്കൾ: ജീവിതവും സംസ്കാരവും/ **സനിഘ പി.പി 33**
അദ്ധ്യാപനം ഒരു സ്നേഹസ്പർശനകല/ **അക്ഷയ കെ 34**
ഞങ്ങളുടെ മുത്തശ്ശി / **സുധിക കെ 35**
അമ്മ തന്നെ ദൈവം / **നന്ദന ഒ.കെ 36**
ഇഷ്ടം / **കൃഷ്ണേന്ദു ജയരാജ് 36**
കാത്തിരിപ്പ് / **തീർത്ഥ പി.എം 41**

ഋതുക്കൾ/ **അമയ പി.വി 42**
വസന്തോത്സവം/ **ആദിത്യ പി.പി 42**
കരിമീൻ/ **അതുൽ കെ 43**
സുന്ദരഗ്രാമം/ **അഷ്ന കെ.വി 43**
ഒരു ഓണനാളിന്റെ മധുരസ്മരണകൾ/ **സനിക പി.വി 44**
ശ്രീനിവാസ രാമാനുജൻ / **അനഘ ടി 45**
മഴയാഘോഷം/ **രജിനാരമേശൻ 46**
വലിയമ്മാവൻ / **രജിനാ രമേശൻ 46**

പുതുവർഷം ഹരിതവർഷം/ **ഐശ്വര്യ പി.പി 48**
വിദ്യാഭ്യാസം ധാനാഭ്യാസമാകുമ്പോൾ / **വാസുദേവൻ നമ്പൂതിരി പി.കെ 51**
ഇന്ത്യയിലെ ഉത്സവങ്ങൾ/ **ആവണി വി 54**
ശ്രേഷ്ഠഭാഷ മലയാളം/ **സനിക പി.പി 55**
സംപൂജ്യൻ/ **ശ്വേത കെ.വി 56**
ഭക്ഷണം : രുചിയുടെ കൊതിയൂറുന്ന നാട്ടുപാരമ്പര്യം/ **വിഷ്ണുമായ ടി.വി 57**
ശൈലികളും കടങ്കഥകളും / **അഷീന എ 58**
'ഒലി' മണ്ണിന്റെ മണമുള്ള കവിത/ **അജില പി 19**

-കഥ

# അവസാനത്തെ വയൽ



സ്നേഹ കെ

**അ**ങ്ങനെ അവസാനത്തെ വയലും ഇല്ലാതാവുകയാണ്. രേവതിയുടെ ആകെയുള്ള ഒരു നല്ല സുഹൃത്തായിരുന്നു ആ വയൽ. ആരുമില്ലാത്ത നേരം അവൾ തന്റെ സങ്കടങ്ങൾ പറഞ്ഞിരുന്നത് ആ വയലിനോടായിരുന്നു. ഇനി ആരോടാണ് എല്ലാം പറയേണ്ടത്?

അവളുടെ കുടുംബത്തിന്റെ ഏക ആശ്രയം ആ വയലായിരുന്നു. മൺപാത്രങ്ങൾ ഉണ്ടാക്കാനുള്ള കളിമണ്ണ് എടുത്തിരുന്നത് അവിടെ നിന്നായിരുന്നു. ഇന്ന് വയലിൽ ആരുമില്ല. പണിക്കാരുടെ ആഹ്ലാദാരവങ്ങളില്ല. നെന്മണികൾ തേടുന്ന പക്ഷികൾ വരാതായി. കളിച്ചും ചിരിച്ചും നടക്കുന്ന കാറ്റിനുപോലും വയലിനെവേണ്ടാതായി. എങ്ങും ശ്മശാനതുല്ല്യമായ ശൂന്യത. മനംമടുപ്പിക്കുന്ന ഒരുതരം നിശ്ചലത.

ഉമ്മറക്കോലായിലിരുന്ന് മുറുക്കാൻ ചവച്ചുകൊണ്ടിരുന്ന അമ്മൂമ്മയുടെ മുഖത്തുപോലും അതിന്റെ ദു:ഖം കാണാൻ കഴിയുന്നുണ്ട്. വയലിന്റെ മരണം അവർ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. എന്നാൽ, ആ ദുരന്തവും വന്നുചേരുകയാണ്.

രാത്രിയുടെ അവസാനയാമം. കാലന്റെ നിലവിളി അവൾക്ക് കേൾക്കാമായിരുന്നു. എങ്കിലും ഭയന്നില്ല. അർദ്ധരാത്രിയിൽ അവൾ വയലിനടുത്തേക്ക് നടന്നു. വിങ്ങിപ്പൊട്ടിക്കൊണ്ട് തന്റെ എല്ലാ വിഷമങ്ങളും വയലിനോടായി പറഞ്ഞു. ക്ഷമയില്ലാത്ത വണ്ണം പുലരി വെട്ടം എത്തിയപ്പോൾ വയൽ ഉണർന്നെണീറ്റു. രേവതി വീട്ടിലേക്ക് നടന്നു നീങ്ങി. അപ്പോഴേക്കും വലിയ വണ്ടികൾ മണ്ണും നിറച്ച് വയലിലേക്ക് ചാലിട്ടു തുടങ്ങിയിരുന്നു. കുറേയാളുകളും എത്തുന്നുണ്ടായിരുന്നു. വയലിന്റെ മരണമാഘോഷിക്കുന്നവരായിരിക്കും അവർ.

അങ്ങനെ അവസാനത്തെ വയലും ഇല്ലാതാവുകയാണ്; തന്റെ ജീവിതം നിരാലംബമാക്കിക്കൊണ്ട്. വയലിന്റെ ഒരുപിടി മണ്ണ് വാരിയെടുത്ത് രേവതി കിണറ്റിലേക്ക് ഇട്ടു. അതിന്റെ ജീവകണികകൾ കുടിക്കുന്ന വെള്ളത്തിലുടെ തന്നിൽ അലിഞ്ഞുചേരാൻ അവൾ ആഗ്രഹിച്ചിരുന്നു.

കാലം ആരെയും കാത്തിരിക്കാതെ മുന്നോട്ടേക്ക് പോയിക്കൊണ്ടേയിരുന്നു. വയൽ എങ്ങോ മറഞ്ഞുപോയി. അതിനിടയിൽ ഒരുപാട് ജീവന്റെ എണ്ണമറ്റ സ്വപ്നങ്ങൾ എവിടെയൊക്കെയോ ഊർന്നുവീണിരുന്നു. വഴിത്താരകളിൽ അവ പലരുടെയും കാലടികളിൽപ്പെട്ട് ചതഞ്ഞരഞ്ഞു. രേവതിക്ക് അത് കണ്ടുനിൽക്കാനായില്ല. അവൾ നിലവിളിച്ചു.

മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ രേവതിയും ഒരു വയലിന്റെ പുനർജ്ജനിക്കായി കാത്തിരുന്നു



# വയനാട്ടിലേക്ക് ഒരു യാത്ര



അനുപ്രിയ പി.വി

ഈ വർഷം സ്കൂളിലെ പഠനയാത്ര കുന്നുകളുടെയും മലകളുടെയും തേയിലത്തോട്ടങ്ങളുടെയും നാടായ വയനാട്ടിലേക്കായിരുന്നു. മഞ്ഞു നിറഞ്ഞ പുലരിയിൽ ഞങ്ങൾ യാത്ര പുറപ്പെട്ടു. ആഹ്ലാദം തിരതല്ലിയ മനസ്സോടെ ആ യാത്ര ശരിക്കും ഞങ്ങൾ ആഘോഷിച്ചു. എല്ലാം മറന്ന് ഒരു പുതിയ ലോകത്തേക്ക് പോകുന്നതുപോലെ തോന്നി.

ബസ്സിൽനിന്നും വെളിയിലേക്ക് നോക്കിയപ്പോൾ ആദ്യമൊക്കെ കാണാക്കാഴ്ചകളായിരുന്നു. അത് പിന്നീട് അത്ഭുതലോകമായി മാറുന്നതായി അനുഭവപ്പെട്ടു. വളരെ ആകർഷകമായിരുന്നു ആ കാഴ്ചകൾ. എല്ലാം മറന്നുള്ള ഇങ്ങനെയൊരു യാത്ര ആദ്യത്തേതായിരുന്നു. വിദൂരതയിൽ മഞ്ഞിൽ മൂടിക്കിടക്കുന്ന മലനിരകളും തേയിലകളുടെ പച്ചപ്പട്ടുടുത്ത മലമേടുകളും നിറഞ്ഞ ഒരു ലോകം കാണുന്നുതും ആദ്യമായിട്ടായിരുന്നു.

വയനാട്ടിലേക്കുള്ള യാത്ര ഒരു ചുരത്തിലൂടെയായിരുന്നു. യാത്രയ്ക്കിടയിൽ മലമുകളിൽ ഒരിടത്ത് ബസ്സിറങ്ങി. അപ്പോൾ കണ്ട മലമടക്കുകളുടെയും താഴ് വാരങ്ങളുടെയും ഭംഗി ഞങ്ങൾ ആസ്വദിച്ചു. താഴേക്കുനോക്കിയപ്പോൾ വന്ന വഴി എത്രയോ അടി താഴെ വളഞ്ഞുപുളഞ്ഞു കിടക്കുന്നതായി കണ്ടു. എല്ലാം ഒരു ചിത്രം വരച്ചതുപോലെ

അവിടെനിന്ന് യാത്ര തിരിച്ചു. ഉച്ചയോടുകൂടി പൂക്കോടു തടാകത്തിലെത്തി. തടാകത്തിനരികിൽ കുട്ടികളുടെ ഒരു പാർക്കുണ്ട്. അവിടെനിന്ന് കുറച്ചു സമയം കളിച്ചുരസിച്ചു. പിന്നെ തടാകത്തിന്നരികിലേക്കുപോയി. സൂര്യവെളിച്ചത്തിൽ വെട്ടിത്തിളങ്ങുന്ന തടാകത്തിൽ ധാരാളം ബോട്ടുകളുണ്ടായിരുന്നു. തടാകക്കരയിൽ ആന സവാരി നടത്താനുള്ള സൗകര്യമുണ്ട്. ആനയെക്കണ്ട് ഞങ്ങൾ അവിടം വിട്ടു.

അടുത്ത യാത്ര സൂചിപ്പാറയിലേക്കായിരുന്നു. യാത്രയ്ക്കിടയിൽ ഒരു കാട്ടരുവിയുടെ അരികിൽ ബസ്സ് നിർത്തി. ഉച്ചഭക്ഷണം കഴിച്ചത് അവിടെ നിന്നായിരുന്നു. പാറക്കെട്ടുകൾക്കിടയിലൂടെ കണ്ണാടിച്ചില്ലുപോലെ ഒഴുകുന്ന ആ ചെറു അരുവിയിൽ ഞങ്ങൾ ഇറങ്ങിയിരുന്നു. അതിലെ വെള്ളം എനിക്കു നല്കിയ കുളിര് ഇപ്പോഴും വിരൽത്തുമ്പിൽ തങ്ങിനിൽക്കുന്നതായിത്തോന്നുന്നു.

സൂചിപ്പാറയിലേക്കുള്ള യാത്രയിലും ഉടനീളം പച്ചപ്പ് കാണാൻ കഴിഞ്ഞു. അവിടെ എത്തുമ്പോൾ മൂന്ന് മണിയായിരുന്നു. ബസ്സ് നിന്ന സ്ഥലത്തുനിന്നും വെള്ളച്ചാട്ടത്തിലേക്ക് ഒരു കിലോമീറ്റർ ദൂരമുണ്ട്. അത്രയും ദൂരം നടന്നു. നടത്തം ഒരു ഇറക്കത്തിലേക്കായിരുന്നു. ഒടുവിൽ വെള്ളച്ചാട്ടത്തിന്നടുത്തെത്തി. മലമേടുകളിലെ വെള്ളം കുത്തനെ താഴെയുള്ള പാറക്കെട്ടുകളിലേക്ക് പതിച്ച് ചിന്നിച്ചിതറിത്തെറിക്കുന്ന കാഴ്ച വളരെ മനോഹരമാണ്. ഒരു പാലരുവിയുടെ പതനം! കുറച്ചു സമയം വെള്ളച്ചാട്ടത്തിന്റെ ഭംഗി ആസ്വദിച്ചു. പിന്നെ, തിരിച്ചു നടന്നു. ഇറക്കത്തിന്റെ അത്രയും ഉയരത്തിലേക്ക്.

5 മണിക്ക് വയനാട്ടിനോട് യാത്ര പറഞ്ഞു. 10 മണിക്ക് സ്കൂളിൽ തിരിച്ചെത്തി. വയനാട് എനിക്ക് നൽകിയ അനുഭവം മറക്കില്ലൊരിക്കലും





# 'അമ്മ കൊയ്യുന്നു' സ്നേഹത്തിന്റെ തൂവൽസ്പർശം

വർഷ പി

പ്രശസ്ത കഥാകൃത്തായ മുണ്ടൂർ സേതുമാധവൻ മാസ്റ്ററുടെ 'അമ്മ കൊയ്യുന്നു' എന്ന കഥ എരിയുന്ന ജീവിതത്തിന്റെ ഒരു മാതൃകയാണ്. ഇതിലെ പ്രധാന കഥാപാത്രം ഭുവനയാണ്. അവളുടെ അനുഭവം നമ്മുടെ മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തുന്നു.

ഭുവന ഒരു ദരിദ്രകുടുംബത്തിലെ കുട്ടിയാണ്. ജീവിക്കാൻ പാടുപെടുന്ന കുടുംബം. വിശപ്പടക്കാൻ ഭക്ഷണമില്ല; നല്ല വസ്ത്രമില്ല; പഠനം വഴിമുട്ടുന്ന അവസ്ഥ. പക്ഷേ, ഭുവന സർഗ്ഗവാസനയുള്ള കുട്ടിയാണ്. നല്ലൊരു ചിത്രകാരിയാണ്. അവളിലെ ചിത്രകാരിയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ഒരു ടീച്ചറുണ്ടായി: കസ്തൂരി ടീച്ചർ. ഭുവനയുടെ അമ്മയ്ക്ക് അതിൽ കാര്യമില്ല. പാടത്ത് പണിയെടുക്കാൻ വിധിക്കപ്പെട്ടവർക്ക് ചിത്രംകൊണ്ട് എന്തു പ്രയോജനം? അതാണ് അവരുടെ ചോദ്യം. കസ്തൂരി ടീച്ചറുടെ നിർബന്ധത്തിനു വഴങ്ങി ഭുവന ചിത്രരചനാ മത്സരത്തിൽ പങ്കെടുത്തു. ഒന്നാംസ്ഥാനം നേടുകയും ചെയ്തു. അവൾ വരച്ചത് തന്റെ അമ്മ പാടത്തു കൊയ്യുന്നതിന്റെ ചിത്രമാണ്.

എനിക്ക് ഈ കഥയിൽ ഇഷ്ടപ്പെട്ടത് കസ്തൂരി ടീച്ചറെയാണ്. കാരണം അവരുടെ വിശാല മനസ്സുകൊണ്ടാണ് ഭുവനയ്ക്ക് അംഗീകാരം കിട്ടിയത്. നമ്മുടെ ചുറ്റുപാടും ഭുവനയെപ്പോലെയുള്ള കുറെ കുട്ടികളുണ്ട്. അവർക്കൊന്നും ശരിയായ പ്രോത്സാഹനമോ അംഗീകാരമോ ലഭിക്കുന്നില്ല. കസ്തൂരി ടീച്ചറെപ്പോലെയുള്ളവർ സ്കൂളിലും സമൂഹത്തിലും ഉണ്ടാകണം. കഥ നൽകുന്ന ഒരു ഓർമ്മപ്പെടുത്തലാണിത്. ക്രൂരമായ ജീവിതസാഹചര്യത്തിൽപ്പെട്ട് എത്രയോ കുട്ടികൾ കരിഞ്ഞുണങ്ങുന്നുണ്ട്. ചാച്ചാജിക്ക് കുട്ടികൾ പൂവുകളായിരുന്നു. ടീച്ചറും കുട്ടികളെ പൂക്കളെപ്പോലെ സ്നേഹിക്കുന്നു. സ്കൂൾ ഒരു ഉദ്യാനമാണെങ്കിൽ ടീച്ചറെ ഒരു ഉദ്യാനപാലകയായിട്ടാണ് ഞാൻ കണക്കാക്കുന്നത്.

കഥയിലെ ചില പ്രയോഗങ്ങൾ വളരെ മനോഹരമാണ്. 'എരിയുന്ന സൂര്യൻ', 'തങ്ക നിറത്തിൽ വയൽ', 'കരിക്കട്ടപോലെയുള്ള അമ്മ' തുടങ്ങിയവ ഉദാഹരണങ്ങളാണ്. വികാരങ്ങളും ആശയങ്ങളും ശക്തിയോടെ അവതരിപ്പിക്കാൻ ഇങ്ങനെയുള്ള പ്രയോഗങ്ങൾ സഹായിക്കുന്നുണ്ട്.

ഭുവനയ്ക്ക് അമ്മയോട് വളരെ വലിയ സ്നേഹമുണ്ട്. അതും ഈ കഥയെ ഹൃദയത്തോട് അടുപ്പിക്കുന്നു. മത്സരത്തേക്കാളും അമ്മയോടുള്ള സ്നേഹത്തിനാണ് അവൾ വില കൽപ്പിക്കുന്നത്. ആ സ്നേഹമായിരിക്കണം അവൾ വരച്ച ചിത്രത്തെ ജീവനുള്ളതാക്കിത്തീർത്തത് എന്നാണ് ഞാൻ കരുതുന്നത്.

പല നിലയ്ക്കും വേറിട്ടൊരു കഥയാണ് 'അമ്മ കൊയ്യുന്നു' എന്ന കഥ. സ്നേഹവാത്സല്യങ്ങളുടെ ആർദ്രതയിൽ വിടർന്ന ഒരു പൂവാണ് ആ കഥ. എല്ലാവരും വായിച്ചിരിക്കേണ്ട ഒരു കഥ. വായിക്കണമെന്നാണ് എന്റെ അപേക്ഷ●



ലേഖനം

കുട്ടികൾ വൈകുന്നേരങ്ങളിൽ ഫുട്ബോളും വോളിബോളും ക്രിക്കറ്റും മറ്റും കളിച്ചിരുന്ന പതിവ് വിട്ട് ടെലിവിഷന്റെയും കമ്പ്യൂട്ടറിന്റെയും മുമ്പിൽ ചടഞ്ഞിരിക്കുകയാണിപ്പോൾ. തൽഫലമായി അവർക്ക് ശാരീരികവും മാനസികവുമായ വ്യായാമം കിട്ടാതാവുന്നു. കാൽനടയായി സ്കൂളിൽ പോകുക, വൈകുന്നേരങ്ങളിൽ നീന്തിക്കുളിക്കുക, പറമ്പിലും പാടത്തും മാതാപിതാക്കളെ കൃഷിപ്പണിയിൽ സഹായിക്കുക തുടങ്ങിയ കാര്യങ്ങളും അപ്രത്യക്ഷമായി.



# കുട്ടികളുടെ ആരോഗ്യം

പി.പി.സജീവൻ

**കേ**രളജനസംഖ്യയിൽ 25 ശതമാനത്തോളം വരുന്ന കുട്ടികളിൽ പകുതിയും ജീവിതശൈലീ രോഗങ്ങളായ അമിതവണ്ണം, രക്താതി സമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ, അമിതമായ കൊഴുപ്പ്, മാനസിക പിരിമുറുക്കം എന്നിവ അനുഭവിക്കുന്നവരാണെന്നാണ് അരോഗ്യവകുപ്പിന്റെ വിലയിരുത്തൽ. പണ്ട് മുതിർന്നവർക്ക് മാത്രം ഉണ്ടായിരുന്ന ഈ രോഗങ്ങൾ കുട്ടികളിലേക്കും വ്യാപിക്കാൻ കാരണം വ്യായാമത്തിന്റെയും കായിക പ്രവർത്തനങ്ങളുടെയും കുറവുകൊണ്ടാണ്. കുട്ടികൾ മാത്രമല്ല കേരളത്തിലെ 70 ശതമാനത്തോളം വരുന്ന മുതിർന്നവരും ഒരു വ്യായാമവും ചെയ്യാത്തവരാണെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കെടുപ്പിൽ പറയുന്നത്. കുഞ്ഞുങ്ങൾക്ക് മുലപ്പാൽ ജീവാമൃതമാണ്. അതുപോലെയാണ് കുട്ടികൾക്ക് വ്യായാമവും. അടിസ്ഥാനപരമായ ഈ കാര്യം ഇന്നത്തെ സമൂഹം വിസ്മരിക്കുകയാണ്.

ആദികാലത്ത് മനുഷ്യർക്ക് അധ്വാനിക്കാതെ ജീവിക്കാൻ പററുമായിരുന്നില്ല. എന്നാൽ ശാസ്ത്ര സാങ്കേതിക വളർച്ച സാധ്യമാവുകയും ജീവിതസൗകര്യങ്ങൾ വർധിക്കുകയും ചെയ്തതോടെ കായികാധ്വാനം വലിയ തോതിൽ ഇല്ലാതായി. ഇരുചക്രവാഹനവും കാറും ഇന്നോവയും അടക്കം യാത്രാസൗകര്യങ്ങൾ വർധിച്ചപ്പോൾ ചെറിയ ദൂരംപോലും നടക്കാൻ കഴിയാത്തവരായി നാം മാറി. ഭക്ഷണശീലങ്ങളിലും മാറ്റമുണ്ടായി. മണ്ണിൽ കൃഷി ചെയ്ത് ഭക്ഷിക്കുന്ന രീതിവിട്ട് കോഴി പൊരിച്ചതും വറുത്തതുമായ ഫാസ്റ്റ്ഫുഡ് സംസ്കാരം സ്വീകരിച്ചു. ചീരയും തവരയും തോരനും പകരം കൊഴുപ്പേറിയ ആഹാരപദാർത്ഥങ്ങൾക്ക് മുൻതൂക്കം ലഭിച്ചു. ഇത്തരം മാറ്റങ്ങൾ നമ്മെ വലിയ രോഗികളാക്കി മാറ്റി.

ടെലിവിഷന്റെയും കമ്പ്യൂട്ടറിന്റെയും മൊബൈലിന്റെയും കടന്നുവരവും നമ്മുടെ ജീവിതരീതിയെ തകിടം മറിച്ചു. കുട്ടികൾ വൈകുന്നേരങ്ങളിൽ ഫുട്ബോളും വോളിബോളും ക്രിക്കറ്റും മറ്റും കളിച്ചിരുന്ന പതിവ് വിട്ട് ടെലിലിഷന്റെയും കമ്പ്യൂട്ടറിന്റെയും മുമ്പിൽ ചടഞ്ഞിരിക്കുകയാണിപ്പോൾ. തൽഫലമായി അവർക്ക് ശാരീരികവും മാനസികവുമായ വ്യായാമം കിട്ടാതാവുന്നു. കാൽനടയായി സ്കൂളിൽ പോകുക, വൈകുന്നേരങ്ങളിൽ നീന്തിക്കുളിക്കുക, പറമ്പിലും പാടത്തും മാതാപിതാക്കളെ



കൃഷിപ്പണിയിൽ സഹായിക്കുക തുടങ്ങിയ കാര്യങ്ങളും അപ്രത്യക്ഷമായി. ചുരുക്കം ചില കുട്ടികൾ മാത്രം സൈക്കിൾ യാത്ര നടത്തുന്നു. രക്ഷിതാക്കൾ രാവിലെത്തന്നെ കുട്ടികളെ അണിയിച്ചൊരുക്കി സ്കൂൾ ബസ്സിനും ട്രാവലറിനും കാത്തുനിൽക്കുന്നു. രാവിലെ 9 മണിക്കുതന്നെ വീടിന്റെ പൂമുഖത്ത് സ്കൂൾവാഹനം എത്തുന്നു. വൈകുന്നേരം തിരിച്ചിങ്ങോട്ടും. ഇതുമൂലവും നഷ്ടമാകുന്നത് കുട്ടികളുടെ കായികക്ഷമതയാണ്.

കുട്ടികളുടെ കായികക്ഷമത വർധിപ്പിക്കാൻ മുൻകാലങ്ങളിൽ ഡ്രിൽപിരിയഡുകൾ ഉണ്ടായിരുന്നു. ഇന്ന് അവ ഉണ്ടോ? ആവോ? കുട്ടികളുടെ ആരോഗ്യജീവിതത്തിൽ കായികക്ഷമത വർദ്ധിപ്പിക്കാൻ ഡ്രിൽ പിരിയഡുകൾ അത്യാവശ്യമാണ്.

ലോകാരോഗ്യസംഘടനയുടെ നിഗമനം വ്യായാമരഹിത ജീവിതം അകാലമരണത്തിലേക്ക് നയിക്കുന്നു എന്നാണ്. വ്യായാമം ചെറുപ്രായത്തിൽ തന്നെ തുടങ്ങണം. ശരീരബലത്തിന് പോഷക സമൃദ്ധമായ ആഹാരംപോലെ വ്യായാമവും അതിപ്രധാനമാണ്. കുട്ടികൾ കളിച്ചും രസിച്ചും വ്യായാമം ചെയ്തും വളരട്ടെ! അത് അവരുടെ ശരീരത്തിന് ആയാസവും കണ്ണിന് കുളിർമയും തിളക്കവും ഓർമ ശക്തിയും നല്ല ഉറക്കവും നൽകുന്നു. ദിവസവും ആഹാരം കഴിക്കുന്നതുപോലെ ഒരു മണിക്കൂർ വീതം വ്യായാമം ചെയ്യുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. ചെറുതും വലുതുമായ ധാരാളം രോഗങ്ങളെ അകറ്റി ആരോഗ്യം പ്രദാനം ചെയ്യുന്ന സർവ്വ രോഗസംഹാരിയാണ് വ്യായാമം. ബി.പി.യും പ്രമേഹവും കൊളസ്ട്രോളുമില്ലാത്തവരായി ജീവിക്കാൻ വ്യായാമത്തിലൂടെ സാധിക്കും.

ദരിദ്രനാരായണന്മാരുടെ രാജ്യമാണ് ഇന്ത്യ. എങ്കിലും 10 കോടിയിലധികം പേർ പൊണ്ണത്തടിയന്മാരാണ് എന്നാണ് കണക്ക്. ബാല്യം മാറാത്ത കുട്ടികൾ പോലും പൊണ്ണത്തടിയുടെ അമിതഭാരവുമായി ജീവിക്കുന്നത് കാണാം. ആവശ്യത്തിന് വ്യായാമം ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

വ്യായാമം ചെയ്യുമ്പോൾ ശരീരത്തിലുള്ള കൊഴുപ്പ് വിഘടിച്ച് ഊർജ്ജമായിമാറുകയും അത് ധാരാളം ചെലവഴിക്കപ്പെടുകയും ചെയ്യും. തൽഫലമായി ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞു കൂടുന്നത് ഇല്ലാതാകും. പൊണ്ണത്തടിയും അമിതഭാരവും കുറയ്ക്കാനും ഹൃദയം നല്ല ആരോഗ്യത്തോടെ സംരക്ഷിക്കാനും അങ്ങനെ സാധിക്കും.

വ്യായാമം രണ്ടു തരത്തിലുണ്ട്: 1. എയറോബിക് വ്യായാമം. 2. എയറോബിക് അല്ലാത്ത വ്യായാമം. ശ്വസനത്തെ സഹായിക്കുന്ന വ്യായാമങ്ങളാണ് എയറോബിക് വ്യായാമങ്ങൾ. ഉദാ: നടത്തം, ഓട്ടം, നീന്തൽ, സൈക്ളിങ്, നൃത്തം എന്നിവ. വോളിബോൾ, ഫുട്ബോൾ, ടെന്നീസ്, ബാഡ്മിന്റൺ എന്നിവ എയറോബിക് കായികവിനോദങ്ങളാണ്. ശ്വാസകോശത്തെയും ശരീരപേശികളെയും ഉത്തേജിപ്പിക്കാനും ഹൃദയധമനികളിൽ ഓക്സിജൻ എത്തിക്കാനും ഇത്തരം വ്യായാമങ്ങൾക്ക് കഴിയും. ശ്വാസം പിടിച്ചുനിർത്തിക്കൊണ്ട് ചെയ്യുന്നതാണ് എയറോബിക് അല്ലാത്ത വ്യായാമം. ഉദാ: യോഗ, വെയ്റ്റ്ലിഫ്റ്റിങ്, ബോഡിബിൽഡിങ് എന്നിവ.

വ്യായാമം രോഗപ്രതിരാധവും ശാരീരിക ശേഷിയും ബുദ്ധിശക്തിയും ആത്മവിശ്വാസവും എല്ലാം തരുന്ന ഉത്തമ ഔഷധമാണ്. ഒന്നും ചെയ്യാതെ ഉറക്കം തൂങ്ങിയിരിക്കുന്നതിന് പകരം വ്യായാമം ചെയ്ത് കർമ്മനിരതനാവുക. കുട്ടികൾ കൃത്യമായ കായിക വ്യായാമമുറകൾ പരിശീലിക്കണം. സ്കൂളിൽ ഗെയിംസ്, സ്പോർട്സ് എന്നിവയിൽ പങ്കെടുക്കണം. ടെലിവിഷനും കമ്പ്യൂട്ടറും മററും ഉപയോഗിക്കുന്നത് വ്യായാമത്തിന് തടസ്സമാകാതിരിക്കാൻ ശ്രദ്ധിക്കണം. കൂട്ടുകാരോടൊത്ത് കളിക്കുകയും രസിക്കുകയും ചെയ്തുകൊണ്ട് ആരോഗ്യപൂർണ്ണമായ ജീവിതം നയിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയട്ടെ!





-കവിത

# പാഠം 1 പാടം

തീർത്ഥ പി.എം



**വെ**യിലേറ്റ് പാടത്ത് പണിയെടുക്കുന്നിതാ
കാളയോടൊപ്പം മനുഷ്യരും കൂട്ടരായ്.
തളരുന്നവർക്കേറെ തുണയേകീടുവാനായ്
ഒരു കൊച്ചു കാററങ്ങോടിയെത്തി.
പിന്നെ ചാറ്റൽ മഴ വീണ പാടത്തു നിന്നുമാ
മണ്ണിൻ മണവുമായി തെന്നൽ പോയി.
മഴ നനഞ്ഞപ്പോഴാ മണ്ണുണർന്നു,
പാടത്തെ വിത്തുകൾ കൺ തുറന്നു.
പച്ചയുടുപ്പിട്ട കൂട്ടുകാരി വയൽ
നൃത്തമാടിയാടി രസിച്ചുനിന്നു.
പച്ച വിരിച്ച നെൽപ്പാടങ്ങളിൽ
സ്വർണ്ണ നിറമാർന്ന നെന്മണികൾ
കൊത്തിപ്പറക്കുന്നു തത്തകൾ തൻ
കുഞ്ഞിനു തീററകൊടുത്തീടുവാൻ.
ഒരു നെല്ലിലായിരം അന്നം വിളമ്പി നീ
ഊട്ടുന്നൊരമ്മയായി മുന്നിൽ നിൽക്കെ
അറിയുന്നു ആയിരം കൈകൾ – കരുത്തുകൾ
ആത്മാവ് കൂട്ടി കുഴിച്ചിട്ട വിത്തുകൾ.
ഇന്നിവിടെയീ പാടത്ത് വന്നിരിക്കുന്നു ഞാൻ
എവിടെയാ പച്ച വയൽ പെൺകൊടിയാൾ
വെയിലേററുമലച്ചു കിടക്കുന്നു മുന്നിൽ നീ
തൊണ്ട വരണ്ട വേഴാമ്പലായ്.
ഇവിടെ നിന്നെനീ സ്വപ്നങ്ങൾ കാണാം
അച്ഛൻ പറഞ്ഞറിഞ്ഞൊരാ പാടത്തിൻ ഉണ്മയെ



# പൂക്കളിലൂടെ

അക്ഷയ് സി

സ്കൂളിലെ ദേശീയ ഹരിതസേനയായ ഹരിത ഇക്കോ ക്ലബ്ബ് കഴിഞ്ഞ അദ്ധ്യയനവർഷം പൂക്കൾ നിരീക്ഷിച്ച് പഠിക്കുന്ന ഒരു പ്രവർത്തനം നടത്തിയിരുന്നു. ഇതിൽ പങ്കെടുത്ത എനിക്ക് പൂക്കളെക്കുറിച്ച് പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞു. ഋതുക്കളും പൂക്കളും തമ്മിൽ ബന്ധമുണ്ട്. സസ്യങ്ങൾ ഓരോ ഋതുവിനോടും ഓരോ തരത്തിലാണ് പ്രതികരിക്കുന്നത്. പൂക്കൾ നിരീക്ഷിച്ച് ഋതുക്കളെയും പ്രകൃതി യെയും പഠിക്കുന്ന ആ പ്രവർത്തനം എനിക്ക് ഇഷ്ടപ്പെട്ടു. അതുപോലെ പവർപോയന്റ് ആയി തയ്യാറാക്കിയ 'ഫ്ളവർ ഗ്യാലറിയും' ഇഷ്ടമായി.

പ്രകൃതി എല്ലായ്പോഴും ഒരേ രൂപത്തിലും ഭാവത്തിലുമല്ല കാണപ്പെടുന്നത്. ചില മാസം ധാരാളം പൂക്കൾ കാണപ്പെടും. ചിലപ്പോൾ തീരേ കാണില്ല. ഒരു നിശ്ചിതമാസം മാത്രം വിരിയുന്ന ചെടികളും മരങ്ങളുമുണ്ട്. പ്രകൃതിയുടെ ഭാവം ഇങ്ങനെ മാറിമാറി വരുന്നതിനെക്കുറിച്ച് ഒരു കഥയുണ്ട്. ഗ്രീക്ക് പുരാണത്തിലെ ആ കഥ രസകരമാണ്. ധാന്യങ്ങളുടെ ദേവതയാണ് ഡിമിറ്റർ. അവളുടെ മകളാണ് പെർസിഫോണ. മകളെ ഡിമിറ്റർ പ്രാണനുതുല്ല്യം സ്നേഹിച്ചിരുന്നു. ഒരിക്കൽ പാതാളരാജാവായ പ്ലൂട്ടോ പെർസിഫോണയെ പാതാളത്തിലേക്ക് തട്ടിക്കൊണ്ടുപോയി. ഡിമിറ്റർ ദേവത വളരെ ദു:ഖിതയായി. അതോടെ ധാന്യങ്ങൾ മുളയ്ക്കാതായി. കൃഷി വിളയാതായി. ചെടികളും മരങ്ങളും പൂഷ്പ്പിച്ചില്ല. കായ്കനികൾ ഇല്ലാതായി. പക്ഷികളുടെ പാട്ടുകൾ നിലച്ചു. ഗതിമുട്ടിയ ഭൂമിയിലെ കൃഷിക്കാർ സ്യൂസ് ദേവനെ ശരണം പ്രാപിച്ചു. അദ്ദേഹം പെർസിഫോണയെ പാതാളത്തിൽനിന്നും വീണ്ടെടുത്തു. പെർസിഫോണയെ വിട്ടുകൊടുക്കുമ്പോൾ പ്ലൂട്ടോ വ്യവസ്ഥ ചെയ്തിരുന്നു: അവൾ പാതാളത്തിൽനിന്ന് 6 മാതള നാരങ്ങ കഴിച്ചിരുന്നു.

അതുകൊണ്ട് ഓരോ കൊല്ലവും 6 മാസം വീതം പാതാളത്തിൽ താമസിക്കണം. ഇതുപ്രകാരം പെർസിഫോണ ഭൂമിയിൽനിന്ന് പാതാളത്തിലേക്കും അവിടെനിന്ന് ഭൂമിയിലേക്കും വരണമായിരുന്നു. അതിനനുസരിച്ച് അമ്മയായ ഡിമിറ്ററിന് ദു:ഖവും സന്തോഷവും ഉണ്ടാകുന്നു. അങ്ങിനെയാണ് ഭൂമിയിൽ പൂക്കളും കായ്കനികളും ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നത്! ആ ദേവതയുടെ ഭാവഭേദമാണ് പ്രകൃതിയിൽ കാണപ്പെടുന്നത്.

ഗ്രീക്ക് പുരാണത്തിലെ മറ്റൊരു സങ്കല്പവും രസകരമാണ്. പൂക്കളുള്ള കാലം ഭൂമിയുടെ ബാല്യകാലമാണ്. വേനൽക്കാലം യൗവനകാലം. പൂക്കളൊന്നുമില്ലാത്ത തണുത്ത കാലം വാർദ്ധക്യ കാലം. ഓരോ വർഷവും ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. എനിക്ക് ഭൂമിയുടെ ബാല്യവും യൗവനവുമാണ് ഇഷ്ടം. ഭൂമി പൂക്കൾകൊണ്ട് മൂടുന്ന കാലം എത്ര മനോഹരമാണ്! പൂക്കൾക്ക് പിന്നാലെ ആ സ്ഥാനത്ത് കായ്കളും കനികളും നിറയും. അവയുടെ സമൃദ്ധി എല്ലാവരിലും സന്തോഷം നിറയ്ക്കുന്നു. നിറങ്ങളുടെയും മണങ്ങളുടെയും രുചികളുടെയും ലോകം മതിവരാത്തതാണ്.

തോരാത്ത മഴയ്ക്കുശേഷം വരുന്ന ഓണക്കാലം നമുക്ക് ഒരു വസന്തകാലം തന്നെയാണ്. എത്രയെത്ര പൂക്കൾ. ഓണം ശരിക്കും ഒരു പുഷ്പോത്സവമാണ്. അക്കാലം പുൽവർഗ്ഗങ്ങളും ചെറിയ ചെറിയ ചെടികളും പൂവിടുന്നു. വേനൽക്കാലം വലിയ വലിയ മരങ്ങളും. മാവും കൊന്നയും പുന്നയും മററും ഉദാഹരണം. ഓണക്കാലത്തിനും വേനൽക്കാലത്തിനുമിടയിൽ കുറിച്ചെടികൾ പൂക്കുന്നതും കാണാം.

കാലാവസ്ഥയ്ക്കനുസരിച്ച് പൂക്കളുടെ നിറത്തിന് വ്യത്യാസമുണ്ടാകുന്നുണ്ട്. ഓറഞ്ച്, മഞ്ഞ എന്നീ നിറങ്ങളിലുള്ള പൂക്കൾ ചൂടുള്ള കാലാവസ്ഥയിലാണ് ധാരാളം ഉണ്ടാകുന്നത്. പടിഞ്ഞാറുനിന്നുള്ള കടുപ്പമേറിയ സൂര്യപ്രകാശത്തിലാണ് പല ചുകപ്പ് പൂക്കളും വിരിയുന്നത്. ഉന്നം, താന്നി, വെട്ടിപ്ലാവ്, പ്ളാശ്, മുരിക്ക് തുടങ്ങിയവ പുഷ്പിക്കുന്നത് കഠിനമായ വേനൽക്കാലത്താണ്. ഇവയുടെ പൂക്കൾ ചുകപ്പോ ചുകപ്പിന്റെ വകഭേദമോ ആണ്. തടിയുടെ നിറവും ചുകപ്പാണ്. ചില മരങ്ങളുടെ പൂക്കൾ വെള്ള നിറമാണ്. അവ പൊതുവെ പൂക്കുന്നത് സപ്തംബറിനും ഡിസംബറിനും ഇടയിലുള്ള തണുപ്പ്, ചൂട് കാലാവസ്ഥയിലാണ്. തണുപ്പുള്ള പ്രദേശങ്ങളിലെ പൂക്കൾ നന്നായി വിടരില്ല; ശരിയായ നിറവും മണവും ഉണ്ടാകില്ല. നമ്മുടെ നാട്ടിലെ പൂക്കൾ നല്ല നിറവും മണവും ഉള്ളതും നന്നായി വിടരുന്നതുമാണ്. നമ്മുടെ നാട് ഉഷ്ണമേഖലയിലാണ്.

സന്ധ്യാനേരത്തും രാത്രിയും വിടരുന്ന പൂക്കൾ വെളുത്തതും സുഗന്ധമുള്ളതുമായിരിക്കും. മുല്ല, പാരിജാതം തുടങ്ങിയവ ഉദാഹരണമാണ്. ആമ്പൽ രാത്രിയാണ് വിടരുന്നത്. താമരയാകട്ടെ സൂര്യനുദിക്കുമ്പോഴും. സമയം നോക്കി വിടരുന്ന പൂക്കളാണ് പത്തുമണിപ്പൂവും നാലുമണിപ്പൂവും. പേരു തന്നെ അങ്ങനെയുണ്ടായതാണ്.

പൂക്കളുടെ പഠനം ഋതുക്കളുമായി ബന്ധപ്പെടുത്തുന്നത് രസകരവും വിജ്ഞാനപ്രദവുമാണ്. പ്രകൃതിയുടെ ഭാവഭേദം പൂക്കളിൽ പ്രതിഫലിക്കുന്നു. മനസ്സിന്റെ കണ്ണാടിയാണ് മുഖം എന്നു പറയാറുണ്ട്. അതുപോലെ പ്രകൃതിയുടെ കണ്ണാടിയാണ് പൂക്കൾ. പൂക്കളിലൂടെ പ്രകൃതിയുടെ മനസ്സ് തൊട്ടറിയുക!





# അടുക്കളത്തോട്ടം: ആരോഗ്യത്തിന്, കുടുംബത്തിന്, നാട്ടിന്

ദിൽന കെ.വി

എല്ലാ സാധനങ്ങൾക്കും നാൾക്കുനാൾ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല വില കൊടുത്തു വാങ്ങുന്ന സാധനങ്ങൾ വിശ്വസിക്കാനും പറ്റുന്നില്ല. പച്ചക്കറികളെല്ലാം വിഷമയമാണ്. സ്ഥിരമായി കഴിക്കുകയാണെങ്കിൽ നിത്യരോഗിയാകുമെന്ന് തീർച്ച. വില കൊടുത്ത് വാങ്ങുന്നത് പച്ചക്കറിയല്ല രോഗമാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളെ എങ്ങനെയാണ് നേരിടുക? അവനവന്റെ വീട്ടിൽ അടുക്കളത്തോട്ടം ഉണ്ടാക്കുകയാണ് ഏററവും നല്ലത്. എങ്കിൽ വിശ്വസിക്കാൻ പറ്റുന്നതും ഔഷധഗുണമുള്ളതുമായ പച്ചക്കറി നമുക്ക് കഴിക്കാം. ആരോഗ്യത്തിന് അതാണ് സുരക്ഷിതം.

ഓരോ കുടുംബവും അടുക്കളത്തോട്ടം നിർമ്മിച്ചാൽ കുറെയൊക്കെ സ്വയംപര്യാപ്തത നേടാൻ പററും. അതിന് കുടുംബത്തിലെ എല്ലാവരും കഴിയുന്ന രീതിയിൽ പണിയെടുക്കണം. സ്വയംപര്യാപ്തത നേടിയാൽ വിലക്കയറ്റത്തിന്റെ കെടുതിയിൽനിന്നും കുറച്ച് ആശ്വാസം കിട്ടും. മാത്രമല്ല വെറുതെയിരിക്കുന്ന വീട്ടമ്മമാർക്ക് വ്യായാമവുമായി. ഓരോ കുടുംബവും സ്വയംപര്യാപ്തതമാകുമ്പോൾ നാടും സ്വയംപര്യാപ്തമാകും. അപ്പോൾ വീടും നാടും ഹരിതാഭമാകും. ഭക്ഷ്യക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കാനുമാവും. ഈ വർഷം കുടുംബക്കൃഷി വർഷമാണ്. അതിനാൽ നമുക്ക് ഇങ്ങനെയൊക്കെ ചിന്തിച്ചു പ്രവർത്തിക്കാം. ഹരിതവത്ക്കരണം ഓരോ വീട്ടിൽനിന്നും തുടങ്ങാം.

അടുക്കളത്തോട്ടം നിർമ്മിക്കാൻ സ്ഥലമില്ലെന്ന പ്രശ്നം ചില കുടുംബത്തിന് ഉണ്ടാകും. പ്രത്യേകിച്ച് പട്ടണത്തിൽ താമസിക്കുന്ന കുടുംബത്തിന്. അത് പരിഹരിക്കാൻ ചില വഴികളുണ്ട്. ചട്ടിയിലും ചാക്കിലും മണ്ണ് നിറച്ച് അതിൽ കൃഷി ചെയ്യാം. ടെറസ്സിന്റെ മുകളിലും കൃഷി ചെയ്യാം. നിത്യം ഉപയോഗിക്കുന്ന തക്കാളി, വഴുതിന, വെണ്ട, ചീര, പറങ്കി തുടങ്ങിയ പച്ചക്കറികൾ ഇങ്ങനെ ഉല്പാദിപ്പിക്കാം.

ഞാൻ മോശമല്ലാത്ത അടുക്കളത്തോട്ടം നിർമ്മിച്ചിട്ടുണ്ട്. തക്കാളി, താലോരി, വഴുതിന, പയർ, വെള്ളരി, കയ്പ, ചീര, വെണ്ട, പറങ്കി തുടങ്ങിയവ പലപ്പോഴായി കൃഷി ചെയ്തിട്ടുണ്ട്. ഇപ്പോൾ ചെയ്ത കൃഷിയിൽ തക്കാളിയും പറങ്കിയും താലോരിയും പൂവിട്ടു തുടങ്ങിയിട്ടുണ്ട്. ജൈവ വളമാണ് കൂടുതലായി ഉപയോഗിക്കുന്നത്. ആട്ടിൻ കാട്ടം, ചാണകം, പിണ്ണാക്ക് ഇവയാണ് പ്രധാനം.


അടുക്കളത്തോട്ട നിർമ്മാണത്തിൽ എന്റെ കൂട്ടുകാരി അക്ഷയയും കൂട്ടുണ്ട്. ഇത് നമ്മുടെ ആദ്യത്തെ കൂട്ടുകൃഷിയാണ്. നമ്മൾ നട്ട പയറിന്റെ ഇല കറിവെച്ചു തിന്നു. വിചാരിക്കാത്ത നിലയിൽ പയറും ഉണ്ടാകുന്നുണ്ട്. അദ്ധ്വാനത്തിന് തക്ക പ്രതിഫലം കിട്ടുമ്പോൾ ഉണ്ടാകുന്ന സന്തോഷം ഒന്നു വേറെത്തന്നെയാണ്. ഭക്ഷിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം അതിലും വലുതാണ്. കൃഷി ആനന്ദകരമായ ജോലിയാണെന്ന് എനിക്ക് സ്വയം അനുഭവപ്പെട്ടു ●

# സ്വർഗ്ഗവും നരകവും



ദേവിക കെ

**നോ**ക്കെത്താ ദൂരത്ത് വയലുണ്ടേ
വയലിൽ നിറയേ കതിരുണ്ടേ
അഴകാം വയലിനു നേരെയുണ്ട്
പച്ചക്കുന്നും മാമലയും.
കതിരുകൾ കൊത്തിപ്പാറിപ്പോകും
തത്തമ്മകളുടെ ചുണ്ടത്ത്
പുഞ്ചിരിതൻ നറുമുത്തുകളും
കണ്ണിൽക്കള്ള പരിഭവവും.
ഇതാണു നമ്മുടെ തനി സ്വർഗ്ഗം!
ഇതാണു നമ്മുടെ തനി സ്വർഗ്ഗം!!
സുന്ദരകരമാം വയലുകളും
തത്തമ്മകളുടെ പുഞ്ചിരിയും
ഇന്നത്തെ നാട് നാമറിയുന്നില്ല
ഈ സുന്ദരകരമാം നാടൊന്നും.
വയലിൽ കൂറ്റൻ തൊഴിൽ ശാലകളും
അവിടെ അടിമത്തൊഴിലാളികളും
ദയനീയകരമാം വയലിനു നേരെ
മൊട്ടക്കുന്നും പൊള്ളും മലയും.
ഇതാണു നമ്മുടെ തനി നരകം!
ഇതാണു നമ്മുടെ തനി നരകം!!





# എന്റെ ഹരിത പാഠം



## പൂമ്പാറ്റയും ഞാനും

വർണ്യ ആർ.

എന്റെ വീട്ടിലെ ഉറുതൂക്കി എന്ന സസ്യത്തിലാണ് നാട്ടുറോസ്, ഗരുഡശലഭം എന്നീ പൂമ്പാറ്റകൾ മുട്ടയുടുന്നത്. അതുകൊണ്ടുതന്നെ അവയുടെ ജീവിതഘട്ടം നിരീക്ഷിക്കാൻ എനിക്കു കഴിഞ്ഞു. അത് വളരെ നല്ലൊരു അനുഭവമായി.

കറുത്ത ലാർവകളായിരുന്നു ഇവ രണ്ടിന്റേയും. അതിന്റെ പുറത്തുള്ള മുള്ളുപോലുള്ള ഭാഗത്ത് ചുവന്ന പുള്ളിയുമുണ്ട്. കുറച്ച് ദിവസത്തിനു ശേഷം അത് പ്യൂപ ദശയിലേക്ക് കടന്നു. പിന്നെ 21 ദിവസത്തിനു ശേഷം ഗരുഡ ശലഭവും 14 ദിവസത്തിനു ശേഷം നാട്ടുറോസും വിരിഞ്ഞ് പറന്നുപോയി. അതിന്റെ ജീവിത ദശ മുഴുവൻ നിരീക്ഷിക്കാനായത് എന്റെ ഭാഗ്യമാണ്. ഇതുപോലെ 20 ഓളം നാട്ടുറോസുകളും 5 ഗരുഡ ശലഭവും വിരിഞ്ഞ് പറന്നുപോകുന്നത് എനിക്ക് നേരിൽ കാണാൻ സാധിച്ചു. ഈ നല്ല അനുഭവം ഞനെന്നും മനസ്സിൽ സൂക്ഷിക്കും.



## വെണ്ടക്കൃഷി

രൂപശ്രീ കെ.


ഇക്കൊല്ലം ആദ്യമായി സ്കൂൾ മുററത്ത് പച്ചക്കറിക്കൃഷി ചെയ്തു. ഞങ്ങൾ കുറെ പേർ വിത്തുനടാൻ സഹായിച്ചിരുന്നു. അന്നു തന്നെ വീട്ടിലും ചാക്കിൽ മണ്ണ് നിറച്ച് വെണ്ട വിത്ത് നട്ടു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അത് മുളച്ചു. ആവശ്യമായ വെള്ളവും വളവും നല്കാൻ എനിക്ക് നല്ല ഉത്സാഹമുണ്ടായി. ദിവസം കഴിയുന്തോറും, പ്രതീക്ഷിച്ചതിലും അധികം, അതിന്റെ തണ്ട് തടിച്ചുതടിച്ചു വന്നു; വലിയ വലിയ ഇലകൾ വന്നുകൊണ്ടേയിരുന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അതിൽ പൂ വിരിഞ്ഞു. അത് വെണ്ടക്കയാവുന്നത് ഞാൻ നിരീക്ഷിച്ചുകൊണ്ടിരുന്നു. അതിനിടയിൽ ഓരോ ദിവസവും പൂക്കൾ വിരിയുന്നുണ്ടായിരുന്നു. ആ വെണ്ടച്ചെടിയിൽ നിന്നും കുറെ വെണ്ടയ്ക്ക എനിക്കു കിട്ടി. ഇപ്പോഴും അത് വെണ്ടയ്ക്ക തന്നുകൊണ്ടേയിരിക്കുന്നുണ്ട്. ഇതിനു മുമ്പും ഞാൻ വെണ്ട നട്ടിട്ടുണ്ട്. പക്ഷേ ഇത്രയും വെണ്ടയ്ക്ക പറിച്ചത് ആദ്യമായിട്ടാണ്. ഇതെനിക്ക് വളരെ വലിയ സന്തോഷം നല്കുന്നു. സമൃദ്ധമായ വിളവെടുപ്പിന്റെ ആഹ്ളാദത്തിമിർപ്പിൽ !



## ആദ്യത്തെ കൃഷിപാഠം

അമൃത കെ. വി.

ഈ വർഷം സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കൃഷിഭവന്റെ പച്ചക്കറിക്കറി വിത്ത് കിട്ടി. അന്ന് തന്നെ ഞാൻ വീട്ടിൽ പച്ചക്കറിക്കൃഷി ആരംഭിച്ചു. രണ്ട് ചാക്കിൽ മണ്ണ് നിറച്ചു. ഒന്നിൽ ഞാനും മറ്റേതിൽ അമ്മയും വിത്തു നട്ടു. വെണ്ടയുടെ വിത്താണ് നട്ടത്. അതിന് ഞാൻ ദിവസവും വെള്ളം കൊടുത്തു. ദിവസങ്ങൾ കടന്നുപോയി. അമ്മ നട്ടത് മുളച്ചു. എന്റേത് മാത്രം മുളച്ചില്ല. അതു കണ്ടിട്ട് എനിക്ക് വിഷമമായി. എന്റേത് എന്താ മുളക്കാഞ്ഞത് എന്ന് അമ്മയോടു ചോദിച്ചു. ആഴത്തിൽ നട്ടതുകൊണ്ടായിരിക്കുമെന്ന് അമ്മ പറഞ്ഞു. പിന്നെ അമ്മ പറഞ്ഞതുമാതിരി വേറൊരു വെണ്ട വിത്ത് നട്ടു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അത് മുളച്ചു. ഈ സംഭവം എന്നെ വളരെയധികം സന്തോഷിപ്പിച്ചു. അമ്മയും വിത്തും എനിക്കേകിയ ആദ്യത്തെ കൃഷിപാഠം!



## ഒരു പനിനീർച്ചെടിയുടെ കനിവ്

ആര്യ കെ.വി

ഒരു ദിവസം സ്കൂൾ വിട്ട് വീട്ടിലേക്ക് പോകുംവഴി അരുണിമയുടെ വീട്ടിൽ കയറി. അവൾ എനിക്ക് രണ്ടു തരം പനിനീർച്ചെടിയുടെ കൊമ്പ് തന്നു. ഒന്ന് റോസ് നിറവും മറ്റേത് വെള്ളയുമായിരുന്നു. വീട്ടിലെത്തിയപ്പോൾത്തന്നെ അത് നട്ടു. രണ്ടിനും വേണ്ട പരിപാലനം ചെയ്തു. എന്നിട്ടും റോസ് നിറത്തിലുള്ളതിന്റെ ചെടി ഉണങ്ങിപ്പോയി. എനിക്ക് വല്ലാത്ത സങ്കടമുണ്ടായി. വെള്ളപ്പനിനീർച്ചെടി വളർന്നുകൊണ്ടിരുന്നു. ഇപ്പോഴതിൽ ധാരാളം പൂക്കളുണ്ട്. അവ എനിക്ക് വളരെ വലിയ സന്തോഷം നല്കുന്നു. എന്റെ ദു:ഖത്തോടുള്ള കനിവായിരിക്കുമത്!

(ഹരിത ഇക്കോ ക്ലബ്ബിലെ കൂട്ടികൾക്ക് അവർ നേടിയ പ്രകൃതിയറിവ് കുറിച്ചിടാനുള്ള ഡയറിയാണ് '**എന്റെ ഹരിതപാഠം**'. അതിൽനിന്നുള്ള കുറിപ്പുകളാണിത്.)

# പൊതുവിജ്ഞാനം


1. ലോകത്തിലെ ഏക തേക്ക് മ്യൂസിയം?
2. ചുവന്ന സ്വർണ്ണം എന്നറിയപ്പെടുന്നത് ഏത്?
3. കേരളത്തിൽ ഏററവും കൂടുതൽ നദിയുള്ളത് ഏതു ജില്ലയിലാണ്?
4. കേരളത്തിൽ ആദ്യ തെരഞ്ഞെടുപ്പ് നടന്ന വർഷം?
5. കറുത്ത പൊന്ന് എന്നറിയപ്പെടുന്നത് ഏത്?
6. പൂജ്യം ഉപയോഗിക്കാത്ത സംഖ്യാ സമ്പ്രദായം?
7. ഹരിത വിപ്ലവം ആദ്യമായി തുടങ്ങിയത് ഏതു രാജ്യത്താണ്?
8. വെർമി കൾച്ചർ എന്നറിയപ്പെടുന്നത് എന്താണ്?
9. ലോകത്തിലെ ഏക നെല്ല് മ്യൂസിയം എവിടെയാണ് സ്ഥിതിചെയ്യുന്നത്?
10. ലോക പൈതൃകസ്വത്തുക്കളുടെ ഔദ്യോഗിക പട്ടിക തയ്യാറാക്കുന്ന സ്ഥാപനം?
11. ലോകത്തിലാദ്യമായി സ്ത്രീകൾക്ക് വോട്ടവകാശം നൽകിയ രാജ്യം?
12. മുളയുടെ ജന്മനാട്?
13. ഭാഷാടിസ്ഥാനത്തിൽ രൂപവൽക്കരിക്കപ്പെട്ട ആദ്യ ഇന്ത്യൻ സംസ്ഥാനം ?
14. കൃത്രിമമായി നിർമ്മിച്ച ആദ്യത്തെ പഞ്ചസാര ?
15. ചന്ദ്രനിൽ ദൃശ്യമാകുന്ന ആകാശത്തിന്റെ നിറം?
16. തുഞ്ചത്തെഴുത്തച്ഛന്റെ ജീവിതത്തെ ആസ്പദമാക്കി സി. രാധാകൃഷ്ണൻ രചിച്ച നോവൽ ?
17. പറക്കുന്ന സസ്തനി?
18. മിന്നാമിനുങ്ങുകളുടെ തിളക്കത്തിനു കാരണമായ രാസവസ്തു?
19. പരിണാമത്തിന്റെ പരീക്ഷണശാലയെന്നറിയപ്പെടുന്ന ദ്വീപ്?
20. വയനാട്ടിലെ അമ്പുകുത്തിമലയിൽ സ്ഥിതിചെയ്യുന്ന പ്രശസ്തമായ ഗുഹ?



ശ്രീലാൽ കെ.വി

**ഉത്തരം**

1. നിലമ്പൂർ
2. കുങ്കുമപ്പൂവ്
3. കണ്ണൂർ
4. 1957
5. കുരുമുളക്
6. റോമൻ
7. മെക്സിക്കോ
8. മണ്ണിരക്കമ്പോസ്റ്റ് നിർമ്മാണം
9. മനിലയിൽ (ഫിലിപ്പീൻസ്)
10. യുനെസ്കോ
11. ബ്രിട്ടൺ
12. ഇന്ത്യ
13. ആന്ധ്രപ്രദേശ്
14. സാക്കറിൻ
15. കറുപ്പ്
16. തീക്കടൽ കടന്ന് തിരുമധുരം
17. വവ്വാൽ
18. ലൂസിഫെറിൻ
19. ഗാലപ്പഗോസ് ദ്വീപുകൾ
20. എടക്കൽ ഗുഹ







# കുസൃതിച്ചോദ്യം

ആദർശ് എൻ.

1. ടൺ കണക്കിന് തുണി അലക്കുന്ന സ്ഥലം?
2. പോലീസിനെ കണ്ടാൽ കള്ളന്മാർ ഓടുന്നത് എന്തുകൊണ്ട്?
3. ഏറ്റവും ചെറിയ പാലം?
4. ഓടിക്കാൻ പറ്റാത്ത കാർ?
5. കുളിക്കാൻ പററാത്ത കുളം?
6. ഒരു മീറ്റർ വീതിയും ഒരു മീറ്റർ നീളവും ഒരു മീറ്റർ ആഴവുമുള്ള ഒരു കുഴിയിൽ എത്ര മണ്ണ് ഉണ്ടാകും?
7. മീൻ നീന്തുന്നത് എന്തുകൊണ്ട്?
8. തലയ്ക്ക് മീതെ കാൽ വെച്ച് നടക്കുന്ന ജീവി?
9. മാങ്ങയുടെ ജന്മസ്ഥലം?
10. ഒരു സ്ഥലത്തുനിന്ന് കള്ളു കുടിക്കുന്നു. മറ്റൊരു സ്ഥലത്തുനിന്ന് ശീട്ടു കളിക്കുന്നു. പോലീസ് ബൈക്കിൽ അതു വഴി വരുന്നു. ആരെയാണ് ആദ്യം പിടിക്കുക?
11. വെള്ളത്തിലുള്ള മീനിനെകരക്കിട്ടാൽ എന്തു പറ്റും?
12. കുതിരയിലുണ്ട്, മുതിരയിലുണ്ട്, കടലിലുണ്ട്?
13. കുട്ടികൾക്ക് ഇഷ്ടപ്പെട്ട മരം?
14. തിന്നുന്ന ആന?
15. ഇലകളില്ലാത്ത മരം?

**ഉത്തരം :**
1. വാഷിങ്ടൺ
2. കാലുകൊണ്ട്
3. മൂക്കിന്റെ പാലം
4. മഴക്കാർ
5. ഏറണാകുളം
6. ഒന്നുമില്ല
7. നടക്കാൻ കഴിയാത്തതുകൊണ്ട്
8. പേൻ
9. മാവ്
10. ബ്രെയ്ക്ക്
11. മണ്ണ്
12. തിര
13. സമരം
14. ബനാന
15. കൊടിമരം

പ്രോജക്ട്



വർണ്യ ആർ

# നാട്ടറിവിലെ ഗണിതം



**ഗൈഡ് : എം.കെ.റീന**
(മാടായി ഉപജില്ലാ ഭാസ്കരാചാര്യ ഗണിതശാസ്ത്രസെമിനാറിൽ രണ്ടാം സ്ഥാനം നേടി ജില്ലാ സെമിനാറിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധം.)

**നാ**ട്ടറിവിലെ ഗണിതം എന്നതാണല്ലോ സെമിനാറിന്റെ വിഷയം. ഗണിതത്തെ ഒരുവട്ടത്തിനുള്ളിൽ തളച്ചിടാനാകില്ലെന്ന് നമുക്കെല്ലാമറിയാം. ലോകംമുഴുവൻ അത് വ്യാപിച്ചുകിടക്കുന്നു. യുഗങ്ങൾക്കു മുമ്പുതന്നെ ഗണിതവിജ്ഞാനം ജനങ്ങൾക്കുണ്ടായിരുന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്. നിഴൽനോക്കി സമയം കണക്കാക്കുന്നതിലും സൂര്യചന്ദ്രന്മാരുടെ ആകർഷണ ഫലമായുണ്ടാകുന്ന വേലിയേറ്റ വേലിയിറക്കസമയം കണക്കാക്കുന്നതിലും നക്ഷത്രങ്ങളുടെ സ്ഥാനം നോക്കി മുഹൂർത്തം കുറിക്കുന്നതിലും ഞാററുവേല കണക്കാക്കി വിത്തിറക്കുന്നതിലും എന്നുവേണ്ട നിത്യജീവിതത്തിലെ എതു കാര്യങ്ങളിലും ഗണിതത്തിന്റെ സാന്നിദ്ധ്യമുണ്ട്.

ഇവിടെ അടിസ്ഥാനഅളവുകളിലും മറ്റ് ഗണിതാശയങ്ങളിലും നമ്മുടെ പൂർവ്വികർക്കുള്ള അറിവിലേക്ക് ഒരു എത്തിനോട്ടം നടത്തുകയാണ്.

അടിസ്ഥാന അളവുകൾ ദൈർഘ്യം, ഭാരം, സമയം എന്നിവയാണല്ലോ. ദൈർഘ്യം അളവിന് അവമാനം എന്നും തൂക്കത്തിന്റെ അളവിന് തുലാമാനമെന്നും വ്യാപ്ത ത്തിന്റെ അളവിന് ഘനമാനമെന്നും പറയുന്നു. എല്ലാത്തരം അളവിനും കൂടി മൊത്തത്തിൽ പ്രമാണം എന്നും പ്രയോഗിച്ചിരുന്നു.

നീളം അളക്കുന്നതിന് ശരീരഭാഗങ്ങളാണ് പ്രാഥമിക മാനങ്ങളായി പണ്ടുള്ളവർ ഉപയോഗിച്ചിരുന്നത്. വിരൽ, ചാൺ, അടി, മുഴം, മാറ് എന്നിങ്ങനെയായിരുന്നു ദൈർഘ്യം അളന്നിരുന്നത്. അംഗുലം, ഹസ്തം, ഡണ്ഡം, ക്രോശം, യോജനഎന്നിവയും ദൈർഘ്യം അളവുകൾ തന്നെ. നീളം അളക്കാനുള്ള മറ്റൊരു തോതാണ് അകുത്സം. 30 അംഗുലം (3/4 മീററർ) ആണ് ഒരു അകുത്സം. നീളം അളക്കാനുള്ള അളവുകളിൽ ഏററവും ചെറിയതും അവിഭാജ്യവുമായ അളവാണ് അണു. ഇത് 1 ന്റെ 72 ൽ 1 ഭാഗമാണ്.

യോജന എന്ന അളവിന് കാലാനുസൃതമായി മാറ്റങ്ങൾ കാണാം. ഓരോരുത്തർക്കും വ്യത്യസ്ത അളവായിരുന്നു യോജന. ഹനുമാൻ ലങ്കയിലേക്ക് 100 യോജന ചാടിക്കടന്നു എന്ന് രാമായണത്തിൽ പറഞ്ഞിട്ടുണ്ട്.

നീളം അളക്കാനുള്ള മറ്റൊരു തോതാണ് കോൽ. മരത്തിന്റെ നീളം, ഭൂമിയുടെ വിസ്തൃതി എന്നിവയ്ക്ക് കോൽ ഉപയോഗിച്ചിരുന്നു. വിവിധ തരം കോലളവ് ഉണ്ടായിരുന്നു. ആശാരിക്കോൽ, മുഴുക്കോൽ, ആനക്കോൽ എന്നിങ്ങനെ.

1 മുഴുക്കോൽ = 72 സെ. മീ.

6 അടി = 1 വലിയ കോൽ = 1.85 മീററർ

'ചങ്ങല' എന്നതും നീളം അളക്കാൻ ഉപയോഗിച്ചുവരുന്നു.

12 വിരൽ = ചാൺ (ഏകദേശം 9 ഇഞ്ച് = 23 സെ. മീ)
2 ചാൺ = 1 മുഴം
4 മുഴം = 1 മാറ്
1,000 മാറ് = 1 നാഴിക
5 യവം = 1 അംഗുലം
24 അംഗുലം = 1 ഹസ്തം

4 ഹസ്തം = 1 ഡണ്ഡം
2,000 ഡണ്ഡം = 1 ക്രോശം
4 ക്രോശം = 1 യോജന

ഭാരം: തുലാസ് പ്രചാരത്തിലുണ്ടാകുന്നതിനു മുമ്പ് കയ്യോൽ, തട, കല്ല് തുടങ്ങിയവയാണ് തൂക്കത്തിന് ഉപയോഗിച്ചിരുന്നത്. ഇതിന്റെ ഏകകങ്ങൾ പലം, റാത്തൽ, തുലാം, കണ്ടി തുടങ്ങിയവയായിരുന്നു.

1 പലം = 14 ഊച്ചി കനത്തൂക്കം (ഏകദേശം 167 മുന)
1 റാത്തൽ = 3 പലം
35 റാത്തൽ = 1 തുലാം
1 പാരം = 700 റാത്തൽ
6 പലം = 1 കി. ഗ്രാം.
1 ഊച്ചി കനത്തൂക്കം = ഏകദേശം 12 ഗ്രാം.
1 റാത്തൽ = 500 ഗ്രാം.
1 തുലാം = 17. 5 കി. ഗ്രാം.
1 കണ്ടി = 350 കി. ഗ്രാം.
1 പാരം = 350 കി. ഗ്രാം.

സമയം : 1 നാഴിക സമയംകൊണ്ട് ഒരു മനുഷ്യൻ സാവധാനത്തിൽ നടന്നെത്തുന്ന ദൂരമാണ് നാഴിക. പൂർവ്വികർ നിഴൽ നോക്കി സമയം കണക്കാക്കിയിരുന്നു. നിഴൽ ഘടികാരം, മണൽ ഘടികാരം എന്നിവയൊക്കെ ഉപയോഗപ്പെടുത്തിയിരുന്നു.

60 വിനാഴിക = 1 നാഴിക
60 നാഴിക = 1 ദിവസം
1 നാഴിക = 24 മിനുട്ട്
30 വിനാഴിക = 1 നാഴിക
2.5 നാഴിക = 1 മണിക്കൂർ

എന്ന കണക്ക് കേരളത്തിൽ നിലവിലുണ്ട്.

30 ദിനം = 1 മാസം
12 മാസം = 1 വർഷം
1 മനുഷ്യ വർഷം = 1 ദിവ്യ ദിനം
360 ദേവ ദിനം = 1 ദിവ്യ വർഷം
1 മന്വന്തരം = 1 കല്പം

ഇതിനു പുറമെ, മറ്റു ചില അളവുകൾ കൂടി പരിചയപ്പെടാം. ഏറ്റവും വ്യാപകമായി പ്രചാരത്തിലുണ്ടായിരുന്ന നാണയാവസ്ഥ:

6 പൈസ = 1 അണ
16 അണ = 1 രൂപ
കാശ് = 1 ചക്രം
4 ചക്രം = 1 പണം
7 പണം = 1 രൂപ
28 ചക്രം = 1 രൂപ

തിരുവിതാംകൂറിൽ നിലനിന്ന നാണയ വിനിമയം ആണിത്. വ്യാപ്തം അളക്കുന്നതിന് വ്യത്യസ്തമായ ഒരു യൂണിറ്റ് നിലനിന്നിരുന്നു. തൂടം, നാഴി, ഇടങ്ങഴി, പറ, ഖാരിക, ഉരി, ഉഴക്ക്, ആഴക്ക്, ദ്രോണം, ഹസ്തം, കുഭം എന്നിങ്ങനെ. ഒരു ഹസ്തം നീളവും വീതിയും ഉയരവുമുള്ള ഘനവസ്തുവിന്റെ വ്യാപ്തമാണ് ഒരു ഖാരിക. നെല്ല് അളക്കുന്നതിന് പ്രത്യേകം അളവുകളും അളവു പാത്രങ്ങളും നിലനിന്നിരുന്നു. 14,400 നെൽമണി കൊള്ളുന്നതാണ് ഒരു ചെറുനാഴി.

360 നെൽമണി = 1 ചവട്
1 പറ = 10 ഇടങ്ങഴി
20 ഇടങ്ങഴി = 1 പൊതി
(നെൽവിത്ത് കെട്ടിവെക്കാൻ)

ഇവയിൽ നാഴി ഇന്നും പ്രചാരത്തിലുണ്ട്. പാൽ, എണ്ണ എന്നിവ അളക്കാൻ ആഴക്ക്, ഉഴക്ക്, ഉരി എന്നീ അളവുകൾ ഉപയോഗിക്കാറുണ്ട്. ഉപ്പ് അളക്കാൻ ഉപയോഗിക്കുന്ന ഒരളവാണ് കുമ്പ. 160 പറ ചേർന്നതാണ് 1 കുമ്പ. വ്യത്യസ്ത അളവിലുള്ള ഇടങ്ങഴി പ്രദേശിക ഭേദമനുസരിച്ച് നിലവിലുണ്ടായിരുന്നു. നെല്ല് തന്നെ കൂലി കൊടുക്കുന്ന ഒരേർപ്പാടുണ്ടായിരുന്നു. 'കൊങ്ങാഴി' നെല്ല് അളക്കുന്ന ഒരു അളവാണ്. വള്ളുവനാടൻ പ്രദേശത്ത് എണ്ണയും ധാന്യവും അളക്കാൻ ഇത് ഉപയോഗിച്ചിരുന്നു.

വൈക്കോലിന്റെ അളവ് കണക്കാക്കുന്നതിന് 'കണ്ണ്' ഉപയോഗിക്കുന്നു. കുറച്ച് വൈക്കോൽ എടുത്ത് നടുവിൽ കെട്ടുന്നു. ഇതിന് കൃത്യമായ അളവില്ല. കെട്ടുന്നയാളിന്റെ മനോഭാവമനുസരിച്ച് വ്യത്യാസപ്പെടുന്നു. പുരമേയുന്നതിനും മററും മെടഞ്ഞ ഓല ഉപയോഗിച്ചിരുന്നു. 20 ഓലമെടൽ ചീന്തി മെടഞ്ഞതാണ് 1 കെട്ട് ഓല എന്നു പറയുന്നത്.

സ്വർണ്ണം, വെള്ളി, മരുന്ന് എന്നിവ അളക്കാൻ കഴഞ്ച് എന്ന അളവ് ഉപയോഗിച്ചിരുന്നു.

2 വെള്ളിപ്പണത്തൂക്കം= 1 കഴഞ്ച്
10 പൊൻപണം = 1 തൂക്കം
1 തോല = 11.66 ഗ്രാം (ഏകദേശം)

ക്ഷേത്രനിർമ്മാണത്തിലും ബിംബനിർമ്മാണത്തിലും അളവുകൾ ഉണ്ടായിരുന്നു. 'യവം' ബിംബ നിർമ്മാണത്തിനുപയോഗിക്കുന്ന അളവാണ്. മരുന്നിന്റെ അളവ്: 10 കാണം 1 കഴഞ്ച്. കേരളത്തിൽ ഏകദേശം 4 ഗ്രാം ആണ് 1 കഴഞ്ച്. 1 ഔൺസ് ഏകദേശം 30 മി.ലി. ആണ്.

ഇതുവരെ അളവുകളെക്കുറിച്ചാണ് പറഞ്ഞത്. മറ്റ് ഗണിതാശയങ്ങളിലും അറിവുണ്ടായിരുന്നു എന്ന് ചില ഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കണക്കധികാരം, ഗുണകോഷ്ഠം, ഗ്രഹാചാര നിബന്ധനം, പരിഹിതഗണിതം എന്നീ ഗ്രന്ഥങ്ങളിൽ അക്കങ്ങളെക്കുറിച്ചും അവയുടെ ഗുണനം, ഹരണം, സൂര്യചന്ദ്രാദികളുടെ സ്ഥാനനിർണ്ണയം കണക്കാക്കൽ തുടങ്ങിയവയും പ്രതിപാദിച്ചിട്ടുണ്ട്. ശ്ലോകരൂപത്തിലാണ് ഗണിതാശയങ്ങളിൾ എഴുതിയിട്ടുള്ളത്. ത്രികോണത്തിന്റെ വിസ്തീർണ്ണം, വ്യാപ്തം, പൂജ്യം, മാന്ത്രിക ചതുരം, വട്ടവും വിട്ടവും (വട്ടം-വൃത്തപരിധി, വിട്ടം-വ്യാസം), പൈസയുടെ മൂല്യം എന്നിവയെക്കുറിച്ചും അറിവുണ്ടായിരുന്നു. ഭാസ്കാരാചാര്യന്റെ 'ലീലാവതി', പൊതു മനസോമയാജിയുടെ 'കരണപദ്ധതി' എന്നിവയിൽ ഇതിനെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. വലിയ സംഖ്യകളെയും ചെറിയ സംഖ്യകളെയും വ്യവസ്ഥ ചെയ്തിരുന്നു. 1 മുതൽ 10 ന്റെ ഗുണിതങ്ങളായി 17 സ്ഥാനങ്ങൾ വരെയുള്ള സംഖ്യകളെയും ഇതിൽ പരാമർശിക്കുന്നുണ്ട്. വ്യവഹാര സൗകര്യത്തിനായി ദശഗുണ സംഖ്യാസ്ഥാനങ്ങൾക്ക് പേരുകൾ നൽകിയിരുന്നു. അക്കങ്ങൾക്കു പകരം പ്രതീകങ്ങളോ സൂചനകളോ ഉപയോഗിക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. ഭൂതസംഖ്യ എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്.

സമയ പരിമിതി മൂലംപല കാര്യങ്ങളും വിശദീകരിക്കുവാൻ സാധിച്ചിട്ടില്ല. പലതും പേരിൽ മാത്രം ഒതുക്കേണ്ടിയും വന്നിട്ടുണ്ട്. ഇത്രയും പറഞ്ഞ് ഈ വിഷയം ഇവിടെ അവസാനിപ്പിക്കുന്നു.●





# വാമൊഴി സൗന്ദര്യം



മുഹമ്മദ് സീനാൻ

(വാമൊഴിയും ഭാഷയുടെ പൈതൃകമാണ്. ജീവിതത്തിന്റെ ഭാഷയാണത്. വാമൊഴിക്കും അതിന്റേതായ ശക്തിസൗന്ദര്യമുണ്ട്. ബഷീർകൃതികളെ അന്ന്യമാക്കുന്നത് അതിലെ വാമൊഴി കൂടിയാണ്.)

| | | | |
|---|---|---|---|
| ബെര്ത്തം | - രോഗം | ബെയിക്കുക | - ഭക്ഷണം കഴിക്കുക |
| ചെക്കൻ | - ആൺ കുട്ടി | മകിടി | - ചെരിപ്പ് |
| തൊണ്ടൻ | - വൃദ്ധൻ | ദർസർ | - ഡോക്ടർ |
| കൂളുത്ത് | - പഴഞ്ചോറ് | മയ്യാല | - സന്ധ്യ |
| കൂട്ടാൻ | - കറി | ബയി | - വഴി |
| മറക്കെടുക്കക | - ഉഷ്ണിക്കുക | അപ്രം | - അപ്പുറം |
| കൂററ് എടുക്കുക | - ഒച്ച വെക്കുക | ഓൻ | - അവൻ |
| ഓള് | - അവൾ | പാങ്ങ് | - സൗകര്യം |
| പ്റ്ക്ക് | - കൊതുക് | കീയുക | - ഇറങ്ങുക |
| പെരിയ | - വഴി | ബിശ്യം | - വർത്തമാനം |
| ആച്ച് | - കാലാവസ്ഥ | അപ്പിച്ചി | - പായസം |
| ദൈശം | - ദ്വേഷ്യം | ഏല് | - സൗകര്യം |
| പൗറ് | - ഗമ | എശല് | - ഗമ |
| കലമ്പുക | - വഴക്കു പറയുക | ബേശാറ് | - സങ്കടം |





സമ്പാ: വിശ്വാസ് സി

# കൃഷിയറിവ് ചൊല്ലുകളിൽ

- **കാറ്റുള്ളപ്പോൾ തൂറ്റണം**

അനുകൂല സാഹചര്യത്തിൽ പ്രവർത്തിക്കണം.

- **വിതച്ചത് കൊയ്യും**

സ്വന്തം കർമ്മ ഫലം സ്വയം അനുഭവിക്കും.

- **ഞാറുറച്ചാൽ ചോറുറച്ചു**

നല്ലതു ചെയ്താൽ വിജയം നിശ്ചയം

- **മണ്ണറിഞ്ഞ് വിത്തിട്ടാൽ കിണ്ണം നിറയെ ചോറുണ്ണാം**

മണ്ണിന് യോജിച്ച വിത്തിട്ടാലേ നല്ല വിളവ് കിട്ടൂ.

- **മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും**

മകരത്തിലെ മഴ കൃഷിക്കു നന്നല്ല.

- **കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും ചോറ്**

കുംഭത്തിലെ മഴ കൃഷിക്കു നല്ലതാണ്.

- **മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല**

മീനത്തിലെ മഴ കൃഷിക്കു നന്നല്ല.

- **മേടം പത്തിനു മുമ്പ് പൊടി വിത കഴിയണം**
- **ഏറെ വിളഞ്ഞാൽ വിത്തിനാകാ**

അധികം വിളഞ്ഞാൽ വിത്തിന് പറ്റില്ല.

- **വിത്ത് വിറ്റുണ്ണരുത്**

വിത്തില്ലെങ്കിൽ കൃഷിയില്ല.

- **വിത്തു ഗുണം പത്തു ഗുണം**

വിത്തിന്റെ ഗുണമാണ് പ്രധാനം.

- **ഇനം പാതി പരിപാലനം പാതി**

വിത്തിന്റെ ഗുണംപോലെ പരിപാലനവും പ്രധാനമാണ്.

- **അശ്വതിയിലിട്ട വിത്തും ഭരണിയിലടച്ച മാങ്ങയും കേടുവരില്ല**

വിരിപ്പു കൃഷിയുടെ വിത്ത് അശ്വതി ഞാററുവേലയിൽ ഇടുന്ന താണ് ഉത്തമം.


- **പൂയം ഞാറ്റുവേലയിൽ പുല്ലു പോലും പൂവണിയും**


പൂയം ഞാറ്റുവേലയിലെ മഴ കൃഷിക്കുത്തമം

- **മകത്തിന്റെ മുഖത്ത് എള്ളെറിഞ്ഞാൽ കുടത്തിന്റെ മുഖത്ത് എണ്ണ**
- എള്ള് കൃഷിയുടെ അനുയോജ്യമായ ഞാറ്റുവേലയാണ് മകം.

അശ്വതിയിൽ വിത്തിട്ടാൽ വിളവ് ഐശ്വര്യമാകും.

ചോതിയിലെ മഴ കൃഷിക്കു നല്ലതാണ്.







# വെളിച്ചം

അമൃത കെ.വി

**അ**ന്ധതയുടെ ഭീതിതവീഥിയിൽ
ദുരിതയാത്ര ചെയ്തിടുമ്പോൾ
പ്രകൃതി സൗന്ദര്യം തൊട്ടറിഞ്ഞു ഞാൻ
കൈവിരലിൻ മൃദുസ്പർശനത്താൽ.
മാതാപിതാക്കൾതൻ സ്നേഹോദാരത
കാതരമെൻമനം സാന്ത്വനിപ്പിച്ചീടിലും
കണ്ണിൽ വെളിച്ചം വീണുകിട്ടുമെന്ന
ആഗ്രഹമെന്നുള്ളിൽ നിറഞ്ഞിരിപ്പൂ.



# മലയാളം

ലയന കെ.വി

**മ**ലയാളമേ എന്നമ്മമലയാളമേ
നിന്നെ കൈകൂപ്പി വന്ദിച്ചിടട്ടെ ഞങ്ങൾ.
ഞങ്ങൾതൻ സത്താമഴകാം മലയാളമേ
നിന്റെ പാദത്തിൽത്തൊട്ട് നമിച്ചിടട്ടെ.
അമ്മതൻ മടിത്തട്ടിൽ ചായുന്നു ഞങ്ങൾ,
അമ്മതൻ മാധുര്യം നുകകരുന്നു ഞങ്ങൾ.
മലയാളമേ എന്നമ്മമലയാളമേ
നിന്റെയനുഗ്രഹത്തിനായി പ്രാർത്ഥിച്ചിടട്ടെ.





ലക്ഷ്മണൻ എം

# നിറങ്ങളുടെ **ഹരിതകാന്തി**

**ഈ** വർഷം സ്കൂളിൽ നടത്തിയ ഒരു തനത് പഠനാനുബന്ധപ്രവർത്തനമാണ് 'നിറക്കൂട്ട്' നാട്ടറിവ് -ശാസ്ത്ര ശില്പശാല. ദേശീയ ഹരിതസേനയായ ഹരിത ഇക്കോ ക്ലബ്ബും നെയ്തൽ ഫോക്‌ലോർ ക്ലബ്ബും സംയുക്തമായി കേരള ഫോക്‌ലോർ അക്കാദമിയുടെയും പി.ടി.ഐ യുടെയും സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്.

ചായങ്ങളുടെ വിവിധ പ്രയോഗങ്ങൾ അനുഭവവേദ്യമാക്കുകയും അവയിലെ നാട്ടറിവും ശാസ്ത്രവും പഠിക്കുകയുമാണ് ശില്പശാലയുടെ ലക്ഷ്യം. നമ്മുടെ പൂർവ്വികർ പ്രകൃതിയോട് ഇണങ്ങി ജീവിച്ചവരാണ്. അതിനാൽ അവരുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം, കൃഷി, വിവിധ തൊഴിലുകൾ, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രകൃതി പാരസ്പര്യത്തിന്റെ ചുണ്ടൊപ്പ്, ഹരിത മുദ്രകൾ, കാണാൻ കഴിയും. അവർ ഉല്പാദിപ്പിച്ച അറിവുകളെല്ലാം ജീവിതാനുഭവങ്ങളുടെ ഉല്പന്നങ്ങളാണ്; ജൈവികമാണ്.

ഓരോ ജനവിഭാഗത്തിനും ഓരോ പ്രദേശത്തിനുമുണ്ട് തനതായ ഹരിത മുദ്രകൾ. ഇതിനെയാണ് നാട്ടറിവുകളെന്ന് പറയുന്നത്. നാട്ടറിവുകളുടെ വൈവിധ്യങ്ങളും സമ്പന്നതയും പ്രകൃതി സംവേദനങ്ങളുടെ തരഭേദമനുസരിച്ച് ഉണ്ടാകുന്നതാണ്. അറിവുകളിലെ ഹരിതമുദ്രകളെല്ലാം സമാഹരിക്കുകയാണെങ്കിൽ അവ എത്രയോ വാല്യങ്ങളായിവരും. ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച നമ്മെ നാമാക്കിയ പൈതൃകം എന്ന പുസ്തകപരമ്പര ആരെയും വിസ്മയപ്പെടുത്തുന്നതാണ്. രേഖപ്പെടുത്താത് അതിലുമെത്രയോ വരും. അറിവുകളുടെ ഈ ഖനി ആഴത്തിലും പരപ്പിലുമുള്ള പഠനം അർഹിക്കുന്നു

നമ്മെ തിരിച്ചറിയാനും ജീവിതത്തെ മണ്ണിൽ ഉറപ്പിച്ചു നിർത്താനും പൈതൃകത്തിന്റെ പ്രകൃതി പാഠങ്ങളെക്കുറിച്ചുള്ള പഠനം സഹായകമാകും. എത്യോപ്യയുടെ അനുഭവം ഒരു ഉദാഹരണമാണ്. "കൊടിയ ക്ഷാമംകൊണ്ട് ആയിരക്കണക്കിനാളുകൾ മരിച്ച എത്യോപ്യ അതിജീവിച്ചത് നാട്ടറിവുകളിലേക്ക് മടങ്ങിയായിരുന്നു. ഈ ഭൂമിയെത്തന്നെയും-നമ്മെത്തന്നെയും സംരക്ഷിക്കുന്നതിന്, ജൈവസ്വാതന്ത്ര്യം നിലനിർത്തുന്നതിന്, നാട്ടറിവുകളിലേക്ക് മടങ്ങാതെ വയ്യ എന്ന് ലോകം തിരിച്ചറിഞ്ഞിരിക്കുന്നു."*

പരിസ്ഥിതിനിരാസത്തിൽ ജീവിതത്തിനും ലോകത്തിനും സുസ്ഥിരതയില്ല എന്ന തിരിച്ചറിവ് ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. പ്രകൃതി നാശത്തെക്കുറിച്ചുള്ള വർധിച്ചുവരുന്ന ഉൽക്കണ്ഠ അതിന്റെ സൂചനയാണ്. ആ സാഹചര്യത്തിൽ നാട്ടറിവു പഠനങ്ങളും അവ സ്വാംശീകരിക്കാനുള്ള ശ്രമങ്ങളും എന്തിന്റെയൊക്കെയോ നിലനില്പിനായുള്ള യത്നങ്ങളാണ്. സ്കൂളിൽ സംഘടിപ്പിച്ചിട്ടുള്ള ശില്പശാല ഒരു യജ്ഞമാണ്; ജീവനെജൈവോന്മുഖമാക്കാനുള്ള യജ്ഞം.

ചായങ്ങളുടെ നാട്ടറിവ് അതിസമ്പന്നമാണ്. പൂർവ്വികർ അവരുടെ മനോധർമ്മങ്ങളെ വർണ്ണശബളിതമാക്കിയത് ജീവിതപരിസരത്തുള്ള പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ചായിരുന്നു. അതിനുള്ള സാങ്കേതികവിദ്യ അവർ വികസിപ്പിച്ചെടുത്തത് പ്രകൃതിയുമായുള്ള ആത്മബന്ധത്തിലൂടെയായിരുന്നു. വസ്ത്രങ്ങൾ ചായം പിടിപ്പിക്കുന്നതിനും വീടിന്റെ തറയും ചുമരും മോടി പിടിപ്പിക്കുന്നതിനും ചിത്രങ്ങൾ വരയ്ക്കുന്നതിനും വിവിധ കലാരൂപങ്ങൾ വശ്യമനോഹരമാക്കുന്നതിനും മററും വേണ്ട ചായങ്ങൾ ഉണ്ടാക്കുന്നതിലും പ്രയോഗിക്കുന്നതിലും ഈ ആത്മബന്ധത്തിന്റെ അടയാളങ്ങളുണ്ട്. അതിന്റെ എളിയ രൂപത്തിലുള്ള അനാവരണമാണ് ശില്പശാല. നാട്ടറിവുകളുടെ പുനർവായനയ്ക്ക് പ്രചോദനമേകിയെങ്കിൽ ശില്പശാല ചരിതാർത്ഥമായി.

* ഡോ.സി.ആർ.രാജഗോപാലൻ, കൃഷിയുടെ നാട്ടറിവുകൾ, പുറം 9





# നിറക്കൂട്ട്: മനസ്സിനെ നിറങ്ങളിൽ ചാലിച്ച ശില്പശാല

വർണ്യ ആർ

സ്കൂളിൽ നടത്തിയ നിറക്കൂട്ട് നാട്ടറിവ്-ശാസ്ത്ര ശില്പ ശാലയായ ഞാൻ നന്നായി ആസ്വദിച്ചു. ചിത്രം വരഞ്ഞു കൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തത് പുതുമയാർന്നതും രസകരവുമായി തോന്നി. ചിത്രകലയിലെ നിറക്കൂട്ടിനെക്കുറിച്ച് ക്ലാസ്സെടുത്തത് ശ്രീ.ഗോവിന്ദൻ കണ്ണപുരമായിരുന്നു. ഏറെ രസകരമായ ക്ലാസ്സായിരുന്നു അത്. മിനിട്ടുകൾ കൊണ്ട് കടലാസ്സിൽ ഒരു അത്ഭുത ലോകം സൃഷ്ടിച്ചത് ഞങ്ങളെ വല്ലാതെ ആകർഷിച്ചു. ഞങ്ങൾക്ക് ചിത്രം വരയാൻ അവസരം തന്നതും ഒരു മികവും ഇല്ലാതിരുന്നിട്ടും ഞങ്ങളുടെ ചിത്രത്തെ അഭിനന്ദിച്ചതും പൂർത്തിയാക്കിയ എല്ലാ ചിത്രങ്ങളും ശരിയാണെന്ന് പറഞ്ഞതും എന്റെ മനസ്സിൽ തട്ടി.

നിറങ്ങളുടെ രസതന്ത്രത്തെക്കുറിച്ച് ക്ലാസ്സെടുത്തത് ദിനേശൻ മാഷായിരുന്നു. അത് ഒരു ക്ലാസ്സായി അനുഭവപ്പെട്ടതേയില്ല. അത്രയും രസകരമായിരുന്നു ക്ലാസ്സ്. ഒരു മണിയുടെ വിശപ്പുപോലും അറിഞ്ഞില്ല. ഞങ്ങളെ അന്വേഷണത്തിലേക്ക് നയിക്കാൻ ധാരാളം കാര്യങ്ങൾ മാഷ് പറയാതെ ബാക്കി വച്ചിരുന്നു.

ഉച്ചഭക്ഷണത്തിനുശേഷമുള്ള ക്ലാസ്സ് ഭക്ഷണത്തിലെ നിറക്കൂട്ടുകളെക്കുറിച്ചായിരുന്നു. ഷൈജുവേട്ടന്റെ ആ ക്ലാസ്സ് ഞങ്ങളെ വല്ലാതെ ആകർഷിച്ചു. നമ്മെ ആകർഷിക്കാനും കബളിപ്പിക്കാനും ഐസ് ക്രീം, കേക്ക് തുടങ്ങിയ ബേക്കറിസാധനങ്ങളിലും എന്തിന് പഴങ്ങളിൽ പോലും ചേർക്കുന്ന നിറങ്ങളും അവ കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങളും വിശദീകരക്കുന്ന വീഡിയോ പ്രദർശനം ഏറെ ചിന്തിപ്പിക്കുന്നതായിരുന്നു. അതിനുശേഷം നിർദ്ദേശിച്ച തുടർപ്രവർത്തനം ചെയ്യാൻ എനിക്ക് വളരെ താല്പര്യം ഉണ്ടായി. കോഴിയെ തിന്നുന്നത് മനുഷ്യനോ? അതോ മനുഷ്യനെതിന്നുന്നത് കോഴിയോ? എന്ന പേരിൽ കാണിച്ച വീഡിയോ മനസ്സിൽ തട്ടി. ആ ചോദ്യം വീഡിയോ കാണുന്നതുവരെ ഒരു വിഡ്ഢിച്ചോദ്യമായിട്ടാണ് തോന്നിയിരുന്നത്. മനുഷ്യനെതിന്നുന്നത് കോഴിയാണെന്ന് ഇപ്പോൾ ബോധ്യമായി. അങ്ങനെ ധാരാളം വിവരങ്ങൾ സമ്മാനിച്ച് ഒന്നാം ദിവസം മറഞ്ഞു.

രണ്ടാംദിവസം മൂന്നു ഗ്രൂപ്പുകളായിത്തിരിഞ്ഞായിരുന്നു പരിപാടികൾ കണ്ടത്. കളമെഴുത്തും മററും നേരിൽ കാണുവാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി കരുതുന്നു. ആ കലാകാരന്മാർ എന്തുകൊണ്ടാണ് അറിയപ്പെടാതെ പോകുന്നത് എന്ന് ഞാൻ ചിന്തിച്ചു. കളം പൂർത്തിയായി കണ്ടപ്പോൾ എനിക്ക് അതിൽനിന്നും കണ്ണെടുക്കാനായില്ല.

പിന്നെ, ധാരാളം തെയ്യങ്ങളുടെ ചിത്രങ്ങളടങ്ങിയ പ്രദർശനവും കണ്ടു. അത് ഏറെ രസകരമായിരുന്നു. തെയ്യങ്ങളുടെ മുഖത്തെഴുത്തും അതിന് ഉപയോഗിക്കുന്ന നിറക്കൂട്ടുകളും എന്നെ ആകർഷിച്ചു. തെയ്യം കലാകാര ന്മാർ എത്ര വിദഗ്ദ്ധമായിട്ടും സൂക്ഷ്മമായിട്ടുമാണ് മുഖത്തെഴുതുന്നത്? അതെല്ലാം കുറേസമയം നിന്നുപോയി. മുഖത്തെഴുതാൻ ഉപയോഗിക്കുന്ന വർണ്ണപൊലിവുള്ള നിറക്കൂട്ടുകൾ പ്രകൃതിവസ്തുക്കളുപയോഗിച്ച് നേരിട്ടു ണ്ടാക്കുന്നത് എങ്ങനെയെന്ന് അവർ പറഞ്ഞുതന്നു. നിറക്കൂട്ടുകളുടെ നിർമ്മാണം വിജ്ഞാനപ്രദമായിരുന്നു. പ്രകൃതിവസ്തുക്കളിൽനിന്നും നേരിട്ടുണ്ടാക്കിയ നിറക്കൂട്ടുകളുടെ പ്രദർശനം വേറിട്ട അനുഭവമായി. ജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കുവേണ്ട നിറങ്ങൾ പ്രകൃതി പല വിഭവങ്ങളിലായി ഒരുക്കിവെച്ചിട്ടുണ്ടെന്ന സത്യപ്പെടുത്തലായിരുന്നു ആ പ്രദർശനം.

ഉച്ചഭക്ഷണത്തിനുശേഷം ചുമർചിത്രകലയെക്കുറിച്ചുള്ള ക്ലാസ്സായിരുന്നു. കൃഷ്ണ കെ. റാം ചേച്ചി എടുത്ത ക്ലാസ്സും വീഡിയോ പ്രദർശനവും വളരെ ഇഷ്ടപ്പെട്ടു. ഒരറിവും ഇല്ലായിരുന്ന ചുമർചിത്രകലയെക്കുറിച്ച് കുറച്ചെങ്കിലും മനസ്സിലാക്കാൻ അത് സഹായിച്ചു. ശില്പശാല കഴിയുമ്പോഴേക്കും ഒരുപാട് പുതിയ അറിവുകളും അനുഭവങ്ങളും കിട്ടിയതിന്റെ സന്തോഷമുണ്ടായി. മനസ്സിനെ കുറെക്കൂടി വർണ്ണാഭമാക്കിയ അനുഭവം.






-ലേഖനം



# പുരാവസ്തുക്കൾ: ജീവിതവും സംസ്കാരവും



സനിഘ പി.പി

സ്കൂളിലെ ഹരിത ഇക്കോ ക്ലബ്ബും നെയ്തൽ ഫോക്‌ലോർ ക്ലബ്ബും ചേർന്ന് നടത്തിയ പരിപാടിയാണ് നാട്ടറിവ് ശിൽപശാല. കേരള ഫോക്‌ലോർ അക്കാദമിയുടെയും പി.ടി.എയുടെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. നമ്മുടെ നാട്ടിലെ വിവിധ പരമ്പരാഗത കൈത്തൊഴിലുകളുടെ നിർമ്മാണം, കരകൗശല നിർമ്മാണം, പാരമ്പര്യഭക്ഷണങ്ങളുടെ പ്രദർശനം, നിരവധി പക്ഷിക്കൂടുകളുടെ പ്രദർശനം തുടങ്ങിയ പരിപാടികളാണ് ശിൽപശാലയിൽ ഉണ്ടായിരുന്നത്. ധാരാളം കാര്യങ്ങൾ മനസ്സിലാക്കാൻ ഇതിലൂടെ സാധിച്ചു. വളരെ രസകരവും കൗതുകകരവുമായിരുന്നു ശിൽപശാല.

പുരാവസ്തു പ്രദർശനം എനിക്ക് നന്നായി ഇഷ്ടപ്പെട്ടു. ഇതുവരെയും കാണാതിരുന്ന കുറെ ഗൃഹോപകരണങ്ങളും കാർഷികോപകരണങ്ങളും നേരിൽ കാണാൻ സാധിച്ചു. അതിന്റെ ഉപയോഗത്തെക്കുറിച്ച് ഭാസ്കരേട്ടൻ പറഞ്ഞുതന്നപ്പോൾ ഒരുപാട് അറിവുകിട്ടി. പഴയ ആളുകൾ ജീവിച്ചിരുന്നതിന്റെ കഥയായിട്ടാണ് എനിക്കപ്പോൾ തോന്നി യത്. പുതിയ ഒരനുഭവമായിരുന്നു പുരാവസ്തു പ്രദർശനം. ചില ഉപകരണങ്ങളെക്കുറിച്ച് എഴുതാം.

**ഓലക്കുട:**

പ്രദർശനത്തിൽ പലതരം ഓലക്കുടകൾ ഉണ്ടായിരുന്നു: കളക്കുട, തലക്കുട, ആചാരക്കുട, കുട്ടികൾ ഉപയോഗിക്കുന്ന കുട തുടങ്ങിയവ. നാട്ടിപ്പണിയെടുക്കുന്ന സ്ത്രീകൾ ഉപയോഗിക്കുന്ന കുടയാണ് കളക്കുട. നടുമടങ്ങി പണിയെടുക്കുമ്പോൾ കുട പുറത്തിടുന്നു. അതിന്റെ കാല് വളരെ ചെറുതാണ്. കുടയ്ക്ക് നല്ല വിസ്താരമുണ്ട്. വയലിൽ പണിയെടുക്കുന്ന പുരുഷന്മാർ ഉപയോഗിക്കുന്ന കുടയാണ് തലക്കുട. തലയിൽ ധരിക്കുന്ന കുടയാണ് തലക്കുട. തൊപ്പിക്കുട എന്നും പറയാറുണ്ട്. തലയിൽ ധരിക്കുന്നതിന് കുടയ്ക്ക് തൊപ്പിപോലെയുള്ള ഭാഗമുണ്ട്. കുട ചെറുതാണ്. പണ്ടുള്ള കുട്ടികൾ ഓലക്കുടയാണ് ഉപയോഗിച്ചിരുന്നത്. അതിന്റെ കാല് നീണ്ടതാണ്. ഒരുതരം പനയോലകൊണ്ടാണ് ഇത്തരം കുടകൾ നിർമ്മിച്ചിരുന്നത്. കണിയാൻ സമുദായത്തിൽപ്പെട്ടവരുടെ കുലത്തൊഴിലാണ് ഓലക്കുട നിർമ്മാണം.

**കട്ടക്കോയി :**

ഇത് ഒരു കാർഷികഉപകരണമാണ്. ഉഴുതുമറിച്ചിട്ട വയലിൽ കട്ടയുടക്കാൻ സ്ത്രീകൾ ഉപയോഗിക്കുന്നു. ഒരുതരം മുട്ടിയാണിത്. മുട്ടി മരംകൊണ്ടാണ് നിർമ്മിക്കുന്നത്. ഇതിന് നീണ്ട പിടിയുണ്ടായിരിക്കും. അതിൽപ്പിടിച്ചു കട്ടയിലേക്ക് ചുഴറ്റിവീശിയാണ് കട്ടയുടയ്ക്കുന്നത്.

**ഡാവ്:**

ഇതും ഒരു കാർഷികോപകരണമാണ്. ജലാശയത്തിൽനിന്നും കണ്ടത്തിലേക്കും കണ്ടത്തിലുള്ള അധിക വെള്ളം പുറത്തേക്കും തേവി മാററുന്നതിനാണ് ഡാവ് ഉപയോഗിക്കുന്നത്. ഈറ്റകൊണ്ടാണ് ഉണ്ടാക്കുന്നത്. പാത്രംപോലുള്ള ഇതിന്റെ രണ്ടു വശങ്ങളിലായി രണ്ടുവീതം കുറച്ചു നീണ്ട കയറുണ്ട്. രണ്ടാൾ രണ്ടു ഭാഗത്തുനിന്ന് ഓരോ കയർ ഓരോ കൈയിൽ പിടിക്കുന്നു. എന്നിട്ട് രണ്ടുപേരും വീശിയെറിഞ്ഞ് വെള്ളം കോരിയെടുത്ത് ആവശ്യമുള്ളിടത്തേക്ക് വീശി മറിക്കുന്നു.

**കൊണ്ടോട്ടി:**

പശുക്കളുടെ കഴുത്തളയിൽ കെട്ടുന്ന ഒരു ഉപകരണമാണ് കൊണ്ടോട്ടി. മരംകൊണ്ടാണ് നിർമ്മിക്കുന്നത്. ഇതിന് രണ്ടു തുളയുണ്ട്. ഒരു തുളയിൽ കഴുത്തളയും മറ്റേ തുളയിൽ കയറും കോർക്കുന്നു. കയർ പിരിഞ്ഞു പോകാതിരിക്കാനാണ് ഇത് ഉപയോഗിക്കുന്നത്.

**വിത്തുപൊതി:**

നെൽവിത്ത് സൂക്ഷിക്കാനാണ് പൊതി കെട്ടുന്നത്. പുല്ലുകൊണ്ടാണ് പൊതിയുണ്ടാക്കുന്നത്. പല വലിപ്പ ത്തിലും പൊതികെട്ടാം. കല്ല എന്ന ഒരു വളയംകൊ ണ്ടാണ് വലിപ്പം വരുത്തുക. കല്ലയും പുല്ലുപയോഗിച്ചാണ് ഉണ്ടാക്കുന്നത്.

നുകം, കലപ്പ, ഒള, വിത്തുകോരി, പറ തുടങ്ങി നിരവധി കാർഷിക ഉകരണങ്ങൾ പ്രദർശനത്തിൽ ഉണ്ടായിരുന്നു. അതുപോലെ ഗൃഹോപകരണങ്ങളും. ഇന്ന് എവിടെയും ഉപയോഗിക്കാത്തവയും അക്കൂട്ടത്തിലുണ്ട്. കൃഷി മുമ്പ് ജീവിച്ചവർക്ക് ഒരു സംസ്കാരമായിരുന്നു. അവർ ഉപയോഗിച്ചിരുന്ന പല ഉപകരണങ്ങളും അതിനുള്ള തെളിവുകളാണ്.

# അധ്യാപനം:
# ഒരു സ്നേഹസ്പർശനകല



അക്ഷയ കെ

(അധ്യാപകരിൽനിന്നും ഞാൻ പ്രതീക്ഷിക്കുന്നത് –
ഒരു ക്ലാസ്സ് റൂം ഉല്പന്നം)

അധ്യാപകരിൽനിന്നും ഞാൻ ആഗ്രഹിക്കുന്നതെന്താണെന്ന് എഴുതാം. അവർ കുട്ടികളോട് ഒരു സുഹൃത്ത് എന്നതുപോലെ പെറുമാറണം. സ്നേഹപൂർവ്വമായ പെരുമാററം ഉണ്ടാകണം. മനസ്സിലാകാത്ത കാര്യങ്ങൾ കുട്ടികൾ പഠിക്കുന്നതുവരെ പഠിപ്പിക്കണം. ചില കുട്ടികൾക്ക് പഠിക്കാൻ വല്ല പ്രശ്നങ്ങളോ മറ്റോ ഉണ്ടാകും. ആ പ്രശ്നം അന്വേഷിച്ച് പരിഹരിക്കാൻ പറ്റുന്നതാണെങ്കിൽ അത് പരിഹരിക്കുന്നതിന് ടീച്ചർമാർ തയ്യാറാകണം. പഠനത്തിൽ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ സഹായിക്കുന്ന ഒരാളായിരിക്കണം അധ്യാപകൻ. കുട്ടികളുടെ പ്രശ്നങ്ങൾ വേഗത്തിൽ മനസ്സിലാക്കാൻ അവർക്കു കഴിയണം.

ഞാൻ ഒരു നല്ല കാര്യം ചെയ്താൽ അതിനെ പ്രശംസിക്കണം. സത്യസന്ധമായ പ്രശംസയാണ് ആഗ്രഹിക്കുന്നത്. അതുപോലെ, ക്ഷമയും ദയയും ത്യാഗവും എനിക്ക് പരിചയപ്പെടുത്തിത്തരണം. അധ്യാപകർ കുട്ടികളോട് ഇങ്ങനെയൊക്കെ പെരുമാറേണ്ടതാണ്. ക്ലാസ്സിൽ ഏറ്റവും നന്നായി പഠിക്കുന്നവരെ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം പഠനനിലവാരത്തിൽ താഴ്ന്ന കുട്ടികളെ അതിലും കൂടുതൽ പ്രോത്സാഹിപ്പിച്ച് മുൻനിരയിൽ എത്തിക്കാൻ നോക്കണം.

അധ്യാപകൻ ഒരു നല്ല വിദ്യാർത്ഥിയാകാൻ കൂടി ശ്രമിക്കണം. എന്തെന്നാൽ പഠിച്ചുകൊണ്ടിരിക്കുന്ന ഒരധ്യാപകനു മാത്രമേ പുതിയ പുതിയ അറിവുകൾ കുട്ടികളുടെ മനസ്സിൽ എത്തിക്കാൻ കഴിയൂ. ഞാൻ എന്റെ വിദ്യാലയത്തെ സ്നേഹിക്കുന്നു. കാരണം, ഞാൻ ആഗ്രഹിക്കുന്ന തരത്തിലാണ് ഇവിടുത്തെ അദ്ധ്യാപകർ എന്നെ പഠിപ്പിക്കുന്നത്. അവർ കുട്ടികളെ സ്വന്തം കുട്ടികളെപ്പോലെയാണ് കാണുന്നത്. പാഠഭാഗങ്ങൾ മനസ്സിലാകുന്ന തരത്തിൽ പഠിപ്പിക്കുന്നു. ഭയവും മടിയും ഇല്ലാതെ സംശയങ്ങൾ ചോദിക്കാൻ സാധിക്കുന്നുണ്ട്. അവർ എനിക്ക് രക്ഷിതാവായിട്ട് അനുഭവപ്പെടുന്നു.●







സുധിക കെ

# ഞങ്ങളുടെ മുത്തശ്ശി

വയലാർ രാമവർമ്മയുടെ കൊന്തയും പൂണൂലും എന്ന കൃതിയിലെ ഒരു കവിതയാണ് ഞങ്ങളുടെ മുത്തശ്ശി'. ഇതിൽ ഒരു മുത്തശ്ശി കുട്ടികൾക്ക് അധ്വാനിക്കുന്ന ജനങ്ങളുടെ കഥ വിവരിച്ചുകൊടുക്കുന്നു. വയലിൽ വെള്ളം കയറാതിരിക്കാൻ കായലിൽ മുങ്ങിത്തപ്പി ചേറെടുത്ത് വയലിനുചുറ്റും കോട്ട വളച്ച് സന്ധ്യ ആവുമ്പോഴേക്കും ആകെ വിളർത്ത് വലഞ്ഞുവരുന്ന കർഷകരെ നോക്കിയാണ് മുത്തശ്ശി കഥ പറയുന്നത്.

മുത്തശ്ശിമാർ സാധാരണയായി ദൈവങ്ങളുടെയും പക്ഷിമൃഗാദികളുടെയും കഥകളാണ് കുട്ടികൾക്ക് പറഞ്ഞുകൊടുക്കാറ്. അതിൽനിന്നും വ്യത്യസ്തമായി ഇവിടെ മുത്തശ്ശി പറയുന്നത് തൊഴിലാളികളുടെ കഥയാണ്. നാടിന്റെ നന്മ, സമ്പൽസമൃദ്ധി അവിടത്തെ തൊഴിലാളികളിലാണ് നിലകൊള്ളുന്നത്. സ്വന്തം ശരീരം തളരുന്നതുവരെ പണിചെയ്ത് അവർ നാടിന് സമൃദ്ധിയുണ്ടാക്കുന്നു. പഴയ കാലത്ത് യാതൊരുവിധ പരിഗണനയോ അർഹമായ കൂലിയോ അവർക്കു ലഭിച്ചിരുന്നില്ല. നാടിന്റെ പട്ടിണി മാറ്റുന്നവർ സ്വന്തം ജീവിതത്തിൽ പട്ടിണി പാകി വളർത്തുകയാണ് ചെയ്യുന്നത്. അവരെക്കുറിച്ച് പുതിയ തലമുറ അറിയണം; അവരെ ബഹുമാനിക്കണം; അധ്വാനത്തിന് അർഹമായ കൂലി നൽകണം. പഴയകാലങ്ങളിൽ അവർ അനുഭവിച്ച ത്യാഗത്തിന്റെ കഥയും പുതിയ തലമുറ അറിയേണ്ടതുണ്ട്. അതുകൊണ്ടാണ് നമ്മുടെ ഈ മുത്തശ്ശി തൊഴിലാളികളുടെ ആത്മത്യാഗത്തിന്റെ കഥ നമുക്ക് പകർന്നു തരുന്നത്. വയലാർ ഒരു വിപ്ലവകവി കൂടിയാണ്. മുത്തശ്ശിയെ വിപ്ലവത്തിന്റെ വക്താവായിട്ടാണ് കവി ഈ കവിതയിൽ അവതരിപ്പിക്കുന്നത്.

തൊഴിലാളികളുടെ ദൈന്യജീവിതം കവി ഈ കവിതയിൽ വർണ്ണിക്കുന്നുണ്ട്. 'ആകെ വിളർത്തു തളർന്നും പട്ടിണി പാകി വളർത്താൻ പണി ചെയ്തും' എന്ന വരി എന്നെ വല്ലാതെ ആകർഷിക്കുന്നു. രാവിലെ മുതൽ രാത്രിവരെ കഠിനാധ്വാനം ചെയ്താലും ഇവർക്കു കിട്ടുന്നത് പട്ടിണിയും പരിവട്ടവും മാത്രം. പണി ചെയ്തുണ്ടാക്കുന്ന എല്ലാ സാധനങ്ങളും വയലിന്റെ ഉടമസ്ഥൻ കൊണ്ടുപോകുന്നു. ഇത് ഏറ്റവും വലിയ നീതികേടാണ്.

കാവ്യമനോഹരമായ കുറെ വരികളുണ്ട് ഈ കവിതയിൽ.

> "വെള്ളരിയുടെ മലർമൊട്ടുകൾ പുള്ളികൾ
> കുത്തിയ പാടത്തിൽ
> നീലക്കറുകകളണി മുക്കുറ്റികൾ ചേല
> വിരിച്ച വരമ്പിൻമേൽ
> കൂടും ഞങ്ങൾ മുത്തശ്ശിയുമായ്
> കൂലിക്കാരുടെ കഥ പറയാൻ"

മുത്തശ്ശി കഥ പറയാൻ വേണ്ടി നിലത്ത് വിരിക്കുന്ന വിരിയുടെ ചിത്രമാണ് വെള്ളരിയുടെ പൂക്കളും കറുകപ്പുല്ലുകളും മുക്കുറ്റിയും ചേർന്നൊരുക്കുന്നത്. വയലിൽ കഥ പറയാൻ ഇരിക്കുന്ന മുത്തശ്ശിക്കും കുട്ടികൾക്കും പ്രകൃതി വിരിച്ചുകൊടുത്ത വിരി! ഈ കവി ഭാവന എനിക്ക് വളരെ ഇഷ്ടപ്പെട്ടു.

കഥപറയാറുണ്ടന്തിക്കോരോ കവിതകൾ മാലത്തുലയുമ്പോൾ

കഥ പറയുന്ന സമയത്തെ മാനത്തെ വർണ്ണിക്കുന്ന ഈ വരിയും ഇഷ്ടപ്പെട്ടു. സൗന്ദര്യം പൂത്തുലയുന്ന കവിതകളായിട്ടാണ് നക്ഷത്രങ്ങളെ കവി സങ്കല്പിക്കുന്നത്! പിന്നെ, കവിതയുടെ ഈണവും താളവും മനോഹരമാണ്. എത്ര ചൊല്ലിയാലും മതിയാവാത്ത അവസ്ഥ.



# അമ്മ തന്നെ ദൈവം



നന്ദന ഒ. കെ.

**അ**മ്മയെന്ന രണ്ടക്ഷരത്തിന്
അമ്മിഞ്ഞപ്പാലിൻ മാധുര്യം.
എന്റെ പാദസരക്കിലുക്കം കേൾക്കാൻ
കാതോർത്തു നിന്നുവെന്നമ്മ.
കൊഞ്ചിക്കൊഞ്ചി അമ്മേയെന്ന് വിളിച്ചപ്പോൾ
പുഞ്ചിരി തൂകി വന്നുയെന്നമ്മ.
അ ആ ഇ ഈ യെന്നു പറഞ്ഞു പഠിപ്പിച്ചു
മാതൃഭാഷതൻ പാലൂട്ടിയെന്നമ്മ
എന്റെ ദൈവമാണമ്മ, സത്യമാണമ്മ
ഞാൻ ഒരിക്കലും പിരിയില്ലയെന്നമ്മയെ●

# ഇഷ്ടം



കൃഷ്ണേന്ദു ജയരാജ് പി.വി

**എ**ന്തിഷ്ടമാണെനിക്കെന്നച്ഛനെ,
എന്തിഷ്ടമാണെനിക്കെന്നമ്മയെ.
എന്തിഷ്ടമാണെനിക്കെന്റെയനുജനെ,
ഇഷ്ടപ്പെടുന്നു ഞാനെന്റെ രാജ്യത്തെ.
അഭിമാനമാണെനിക്കതിൻ പൈതൃകം,
എന്തു ബഹുമാനമാ മൂവർണ്ണക്കൊടിയോട്.
ഇഷ്ടപ്പെടുന്നു ഞാനാപതാകയിലെ
മൂവർണ്ണങ്ങളും അശോകചക്രവും.
കാത്തുസൂക്ഷിക്കുമെന്നുമീയിഷ്ടം
എന്നിൽ ജീവനുള്ള കാലത്തോളം●

# വിദ്യാലയ ശാക്തീകരണത്തിന്റെ പി.ടി.എ മാതൃക

നമ്മുടെ വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ മികവ് നിർമ്മിക്കുന്നതിൽ പി. ടി. എ. ശ്രദ്ധേയമായ ഇടപേടലുകൾ നടത്തിയിട്ടുണ്ട്. ഒരു പി.ടി.എ യുടെ ക്രീയാത്മകതയുടെ മാനകം സ്കൂളിനുണ്ടായ അഭിവൃദ്ധിയാണ്. നമ്മുടെ ചില അനുഭവസാക്ഷ്യങ്ങൾ:

ഭൗതിക വികസനം:

വിദ്യാലയത്തിന് ഒരു വായനാ മുറി

പഠനത്തിന് അധികവായന അത്യാവശ്യമാണ്. അതിനുള്ള സജ്ജീകരണം വിദ്യാലയത്തിൽ നിർബന്ധമായും ഉണ്ടായിരിക്കണം. പി.ടി.എ സഹകരണത്തോടെ മികച്ച ഒരു വായനാമുറി ഒരുക്കിയിട്ടുണ്ട്. റഫറൻസ് ഗ്രന്ഥങ്ങളും 10 ആനുകാലികപ്രസിദ്ധീകരണങ്ങളും 30 കസേരയും 2 മേശയും ഉള്ളതാണ് നമ്മുടെ വായനാമുറി. കുട്ടികളുടെ പഠനോല്പന്നങ്ങളും റഫറൻസിനായി അവിടെ ഒരുക്കുന്നുണ്ട്. (2009-10)

സ്മാർട്ട് ക്ലാസ്സ് റൂം

കാലത്തിന് അനുസൃതമായി പഠനാന്തരീക്ഷം വികസിപ്പിച്ചു. ആധുനിക ഡിജിറ്റൽ സംവിധാനമുള്ളതാണ് നമ്മുടെ സ്മാർട്ട് ക്ലാസ്സ് റൂം. എൽസിഡി പ്രൊജക്ടർ, 100 ൽപ്പരം സി.ഡികൾ, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവയാണ് അവിടെയുള്ളത്.

നൂതന ഐ.ടി ലാബ്

പഠനാന്തരീക്ഷം നവലോകത്തിന് ഇണങ്ങുന്നതാക്കാൻ ആധുനികസംവിധാനമുള്ള ഐ.ടി ലാബ് അനിവാര്യമാണ്. കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ഡോട്മാട്രിക്സ് A3പ്രിന്റർ, ലേസർപ്രിന്റർ, ഡിജിറ്റൽ ക്യാമറ, മൂവി ക്യാമറ, നെറ്റ്ബുക്ക്, ഇന്റർനെറ്റ് സംവിധാനം തുടങ്ങിയവയുള്ള നവീകൃത ഐ.ടി ലാബ് ആണ് തയ്യാറാക്കിയിട്ടുള്ളത്.

വിദ്യാലയ സൗഹൃദ അടുക്കള

കേടുപാടുകൾ തീർത്ത് പുകയില്ലാത്ത അടുക്കളയും അടുപ്പും നവീകരിച്ചു. അവിടെ ഒരു ഗ്രൈന്റർ സ്ഥാപിച്ചു. (2013 14)


ഇടക്കേപ്പുറം യുപി സ്കൂളിൽ വായനമുറി പി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.















കുടിക്കാൻ എല്ലാവർക്കും
ശുദ്ധജലം

കുട്ടികൾ അനാരോഗ്യകരമായ വിധത്തിൽ ബോട്ട്ൽ വെള്ളം കുടിക്കുന്ന സ്ഥിതി ഒഴിവാക്കി. തിളപ്പിച്ചാറ്റിയ ശുദ്ധജലം എല്ലാ വർക്കും നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. അതിനായി സ്കൂളിൽ പൊതുവായി സ്റ്റീൽ ടംബ്ളറുകൾ സ്ഥാപിച്ചു. (2013 14 )

ശിശു സൗഹൃദ ഉച്ചഭക്ഷണം

എല്ലാ ദിവസവും രണ്ടു വീതം കറിയുള്ള ചോറ് നൽകുന്നു. 2008-09 മുതൽക്കേ പി.ടി.എ. നേതൃത്തിത്തിൽ ശിശുസൗഹൃദ ഉച്ച ഭക്ഷണം നമ്മുടെ വിദ്യാലയത്തിൽ നടപ്പിലാക്കിയിരുന്നു. ഭക്ഷണം കഴിക്കുന്നതിനുള്ള സ്റ്റീൽ പ്ലേറ്റ് മുഴുൻ പേർക്കും സ്കൂളിൽ ലഭ്യ മാക്കി.

നവീകരിച്ച ക്ലാസ്സ് മുറികൾ

എല്ലാ ക്ലാസ്സ് മുറികളിലും പഠനപ്രവർത്തന ങ്ങൾക്ക് ഇന്റർനെറ്റ് സംവിധാനം പ്രയോജന പ്പെടുത്താനുള്ള സൗകര്യവും ഫാൻ, ട്യൂബ് ലൈറ്റ്, വൈദ്യുതി തുടങ്ങിയ ഭൗതിസസൗകര്യങ്ങളും എർപ്പെ ടുത്തി. (2013 14)

സ്കൂൾ സ്റ്റേജ്

കലാപരിപാടികളും മറ്റു പരിപാടികളും സൗകര്യപ്രദമായി സംഘടിപ്പിക്കുന്നതിന് സ്റ്റേജ് അത്യാവശ്യാമാണ്. പി.ടി.എ സഹക രണത്തോടെ സ്കൂൾ സ്റ്റേജ് സ്ഥാപിച്ചു. (2013–14)

അക്കാദമികം:

പുസ്തക പ്രസാധനം

കുട്ടികൾ തയ്യാറാക്കിയ പ്രാദേശിക ചരിത്ര പഠനപ്രബന്ധങ്ങൾ 'നാട്ടുപാതയിലൂടെ' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. അതിന്റെ ഡോക്യുമെന്ററിയും നിർമ്മിക്കുകയുണ്ടായി. (2008–29)

സ്കൂൾ മാഗസിൻ പ്രസിദ്ധീകരണം

കുട്ടികളുടെ മികച്ച സർഗ്ഗരചനകൾ ചേർത്ത് 'കുന്നിമണി' എന്ന പേരിൽ സ്കൂൾ മാഗസിൻ പ്രസിദ്ധീകരിച്ചു. ഈ വർഷത്തെ മാഗ സിനും പി.ടി.എ സഹകരണത്തോടെയാണ് പ്രസിദ്ധീകരിക്കുന്നത്.

പൈതൃക സ്വാംശീകരണത്തിന് ശില്പശാലകൾ

പരമ്പരാഗത കൈത്തൊഴിലുകളും അതിലെ പ്രകൃതിയുടെ കൈയൊപ്പും പഠിക്കുന്നതിന് കേരള ഫോക്‌ലോർ അക്കാദമിയു മായി ചേർന്ന് വിപുലമായ ബഹുജനപങ്കാളിത്തത്തോടുകൂടി നാട്ട റിവ് ശില്പശാല സംഘടിപ്പിച്ചു. അതിന്റെ ഡോക്യുമെന്ററിയും നിർമ്മിക്കുകയുണ്ടായി.

ഈ വർഷവും നിറങ്ങളുടെ ഹരിതപാരമ്പര്യം പഠിക്കുന്നതിന് 'നിറക്കൂട്ട്' എന്ന പേരിൽ നാട്ടറിവ് ശാസ്ത്ര ശിൽപശാല സംഘടി പ്പിക്കുകയുണ്ടായി. ഡോക്യുമെന്ററിയും അതോടൊപ്പം നിർമ്മിച്ചു.

ക്ലാസ്സ്മുറിയിൽനിന്ന്
വെബ്സൈറ്റിലേക്ക്

സ്കൂളിന്റെ അക്കാദമിക കാര്യങ്ങൾ ഇന്റർനെറ്റ് ലോകവുമായി സംവദിക്കുന്നതിന് സ്കൂൾ ബ്ലോഗ് നിർമ്മിച്ചു.

പഠനസാക്ഷ്യത്തിന് എല്ലാവർക്കും
പോർട്ഫോളിയോ

പഠനത്തെളിവുകൾ സൂക്ഷിക്കുന്നതിന് എല്ലാവർക്കും പോർട് ഫോളിയോ നൽകുന്നു. പഠനോല്പന്നങ്ങളും പോർട് ഫോളി യോയും സംരക്ഷിക്കുന്നതിനും ക്ലാസ്സ് ലൈബ്രറി ഒരിക്കുന്നതിനും എല്ലാ ക്ലാസ്സ് മുറികളിലും സ്റ്റീൽ അലമാര സ്ഥാപിച്ചു. (2008–09)

# വിദ്യാലയം: അംഗീകാരങ്ങളുടെ നിറവിൽ



ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റിഷോ അവതരണം



പര്യാവരൺമിത്ര അവാർഡ് സ്വീകരണം



ശുചിത്വവീഥി അവാർഡ് കെ.പി.സുലോചന (ഹെഡ്മിസ്ട്രസ്) കൃഷിവകുപ്പ് മന്ത്രി കെ.പി.മോഹനനിൽനിന്ന് സ്വീകരിക്കുന്നു.

(വിദ്യാലയത്തിന്റെ അക്കാദമിക മികവിന് ലഭിച്ചിട്ടുള്ള ചില അംഗീകാരങ്ങൾ)

ചരിത്രാന്വേഷണ യാത്രാ അവാർഡ്

ഇടക്കേപ്പുറം – അയ്യോത്ത് – മടക്കര പ്രദേശങ്ങളിൽ കഴിഞ്ഞ 100 വർഷത്തിനിടയിൽ സംഭവിച്ച പാരിസ്ഥിതിക മാറ്റങ്ങളെക്കുറിച്ചുള്ള ചിത്രന്വേഷണ പഠനപ്രപന്ധത്തിന് കേരള ചരിത്രഗവേഷണ കൗൺസിലി (KCHR)ന്റെ അവാർഡ് ലഭിച്ചു. ജില്ലയിൽ രണ്ടാം സ്ഥാനമാണ് ലഭിച്ചത്.

ചരിത്രാന്വേഷണ യാത്രാ അവാർഡ്

സ്വന്തം ഗ്രാമത്തിലെ പ്രായമായ ഒരാളിന്റെ ജീവചരിത്ര രചനയിലൂടെ പ്രദേശത്തിന്റെ ചരിത്രം അനാവരണം ചെയ്യൂന്ന ചരിത്രരചനാപ്രബന്ധത്തിന് കേരള ചരിത്രഗവേഷണ കൗൺസിലി(KCHR)ന്റെ അവാർഡ് ലഭിച്ചു. ജില്ലയിൽ ഒന്നാംസ്ഥാനമാണ് ലഭിച്ചത്.

ബാലശാസ്ത്ര കോൺഗ്രസ്സ്

ചെങ്കൽക്കുന്നിലെ മണ്ണ് ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് നടത്തിയ പഠനപ്രോജക്ട് ജില്ലാ ബാലശാസ്ത്ര കോൺഗ്രസ്സിൽ രണ്ടാംസ്ഥാനം നേടി. കേരള യൂണിവേഴ്സിററിയും എസ്സ്.എസ്സ്.എ.യും സംയുക്തമായി സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച ശാസ്ത്രശിൽപശാലയിൽ അവതരിപ്പിക്കാൻ പ്രോജക്ട് തെരഞ്ഞെടുക്കപ്പെട്ടു.

ജ്യോതിശാസ്ത്ര വിദ്യാലയം

അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷാചരണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ നടത്തിയ ജ്യോതിശാസ്ത്ര പഠനപ്രവർത്തങ്ങൾ വിലയിരുത്തി വിദ്യാഭ്യാസവകുപ്പ് ഉപജില്ലകളിൽ മികച്ച വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിരുന്നു. മാടായി ഉപജില്ലയിൽ നമ്മുടെ വിദ്യാലയമായിരുന്നു മികച്ച ജ്യോതിശാസ്ത്രവിദ്യാലയം.



സംസ്കൃതം പ്രശ്നോത്തരി രാമായണം – ഉപജില്ലയിൽ ഒന്നാംസ്ഥാനം



സംസ്കൃതോത്സവം – ഉപജില്ലയിൽ രണ്ടാംസ്ഥാനം



ഉപജില്ല കലോത്സവം ഒപ്പന എ ഗ്രേഡ്



ഉപജില്ല വിദ്യാരംഗം സാഹിത്യോത്സവം മൂന്നാം സ്ഥാനം



ഉപജില്ല കലോത്സവം സംഘനൃത്തം എ ഗ്രേഡ്

ഹരിത വിദ്യാലയം

വിദ്യാഭ്യാസവകുപ്പ് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ റിയാലിറ്റിഷോയാണ് ഹരിത വിദ്യാലയം. അക്കാദമിക മികവ് വില യിരുത്തി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളെ പങ്കെടുപ്പിച്ച് നടത്തിയ വിദ്യാഭ്യാസ റിയാലിററി ഷോയിൽ നമ്മുടെ വിദ്യാലയം അ ഗ്രേഡ് നേടി. ഒരു ലക്ഷം രൂപയുടെ കഠ പഠനോപകരണ ങ്ങൾ അനുമോദന സമ്മാനമായി ലഭിച്ചു.

പര്യാവരൺ മിത്ര അവാർഡ്

കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള പരിസ്ഥിതി വിദ്യാഭ്യാസകേന്ദ്രം (CEE) നൽകുന്ന അവാർഡാണ് പര്യാവരൺ മിത്ര അവാർഡ്. കാർബൺ കുറഞ്ഞ ജീവിതശൈലി എന്ന പ്രോജക്ടിൽ സ്കുളിൽ സംഘടിപ്പിച്ച വിവിധ പരിസ്ഥിതി പ്രവർത്തനങ്ങൾക്കാണ് 2011 – 12 വർഷത്തെ പര്യാവരൺ മിത്ര അവാർഡ് ലഭിച്ചത്. ജില്ല യിലെ മികച്ച വിദ്യാലയം, മികച്ച അധ്യാപക പ്രോജക്ട് എന്നിങ്ങനെ രണ്ടു അവാർഡുക ളാണ് ലഭിച്ചത്. 10,000 രൂപയും പ്രശസ്തി പത്ര വുമാണ് അവാർഡ്.

ശുചിത്വ വീഥി അവാർഡ്

കണ്ണൂർ ഡയററിന്റെ 2012–13 ശുചിത്വവീഥി അവാർഡ് ലഭിച്ചു. കണ്ണൂർ ഡയററിന്റെ നേതൃ ത്വത്തിൽ നടപ്പിലാക്കിയ ശുചിത്വവീഥി പദ്ധതി യുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാ ക്കിയതിനും വിദ്യാലയം ശുചിത്വപൂർണ്ണവും ഹരിതാഭമാക്കിയതിനുമുള്ള അവാർഡാണ് വിദ്യാലയത്തിന് ലഭിച്ചത്. ഡയറ്റ് സംഘടിപ്പിച്ച അവാർഡ് ദാനച്ചടങ്ങിൽ ബഹു.കൃഷിവകുപ്പ് മന്ത്രി.കെ.പി.മോഹനനിൽനിന്നും ഹെഡ്മി സ്ട്രസ്സ് കെ.പി.സുലോചനയും പി.ടി.എ.പ്രസി ഡണ്ട് ഇ. ബാലകൃഷ്ണനും ഏറ്റുവാങ്ങി.

പഞ്ചായത്ത് പ്രൈമറി കലാമേള ഓവറോൾ ചാമ്പ്യൻഷിപ്പ്

കണ്ണപുരം ഗ്രാമപഞ്ചായത്ത് നടത്തിവരുന്ന പ്രൈമറി കലാമേളയിൽ 2012 – 13 വർഷത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും 2013–14 വർഷത്തിൽ റണ്ണർ അപ്പും നേടി.

ഈ വർഷം ഉപജില്ലാ സംസ്കൃതോത്സ വത്തിൽ രണ്ടാംസ്ഥാനവും വിദ്യാരംഗം സാഹിത്യ ഉത്സവത്തിൽ മൂന്നാംസ്ഥാനവും ലഭിച്ചു.

# കാത്തിരിപ്പ്

(സ്കൂൾ പ്രവേശനം നഷ്ടപ്പെട്ട ചെറുപയറിന്റെ ആത്മനൊമ്പരം.)

**കു**ട്ടികളെല്ലാം ഞങ്ങളെ ഭക്ഷിച്ചിരുന്ന കാലം. അതൊരു പ്രതാപകാലമായിരുന്നു. അന്ന് ഞങ്ങൾ കോടികൾ ചാക്കട്ടികളിലായി ഗോഡൗണുകളിൽ അണിനിരന്നിരുന്നു. എന്തൊരു സന്തോഷമായിരുന്നു അത്. കുറച്ചു ദിവസം കഴിഞ്ഞാൽ പിന്നെ സ്കൂളിലേക്ക് യാത്രയാകും; കുട്ടികളുടെയിടയിലേക്ക്. അവിടെയെത്തിയാൽ ഒരു മുറിയുടെ മൂലയ്ക്ക് അട്ടിയിടും. ഇരുണ്ട ലോകമാണത്. പുറംലോകം കാണാനുള്ള ഏക വഴി ഒരു ജനാലയാണ്. അതിലൂടെ ഞങ്ങൾ വളരെ താല്പര്യത്തോടെ വെളിയിലേക്ക് നോക്കിയിരിക്കും. കൂട്ടുകാരുടെ കുസൃതിയും വികൃതിയും കളിയും ചിരിയും വഴക്കുമെല്ലാം അപ്പോൾ കാണാൻ കഴിയുമായിരുന്നു. അവരുടെ കൂടെ കളിക്കാൻ പലപ്പോഴും കൊതിച്ചിട്ടുണ്ട്. തടവറയിൽ കഴിയുന്ന ഞങ്ങൾക്ക് തോന്നുമ്പോൾ പുറത്തുപോകാനുള്ള സ്വാതന്ത്ര്യം ഇല്ലല്ലോ. പകലിങ്ങനെരസകരമായി കടന്നുപോകും. രാത്രിയായാൽ പേടിയാകും. രാത്രി കടന്നുകിട്ടലാണ് ഏററവും വലിയ പ്രയാസം. മോന്തായത്തിൽ നിന്നും ഇറങ്ങി വരുന്ന എലിക്കൂട്ടങ്ങളാണ് പ്രശ്നം. അവറ്റകൾ ശരിക്കുപറഞ്ഞാൽ എലികളല്ല; പിശാചുക്കളാണ്. ചാക്കട്ടികളിൽക്കയറി ഓടിക്കളിക്കും. ചിലർ മാന്തിപ്പറിക്കുകയും ചാക്കു മുറിക്കുകയും ചെയ്യും. ഇവരുടെ പരാക്രമത്തിൽപ്പെട്ട് ഞങ്ങളിൽ ചിലർ കൂട്ടംതെറ്റി ഉതിർന്ന് താഴെ വീഴും. ഭയാനകമായ നിമിഷങ്ങളാണത്. സ്നേഹക്കുട്ടികൾക്ക് ഭക്ഷണമാകേണ്ട ഞങ്ങളെ പിശാചുക്കൾ ഭക്ഷണമാക്കുന്നത് ദുരന്തമാണ്. രാത്രിയുടെ ഇരുണ്ട യാമങ്ങളിൽ കുറെപ്പേർ ഇങ്ങനെമരണപ്പെടുന്നത് പാവം കുട്ടികൾ അറിയുന്നുണ്ടാകുമോ?

എല്ലാ ദിവസവും രാവിലെ പാചകം ചെയ്യാൻ ഞങ്ങളിൽ കുറച്ചുപേരെ അളന്നെടുക്കും. അപ്പോൾ എന്തൊരു ഉത്സാഹവും സന്തോഷവും ഉണ്ടാകുമെന്നോ? ഞങ്ങൾ പാത്രത്തിലേക്ക് മത്സരിച്ചോടും. ജനാലയിലൂടെ കണ്ട് മാത്രം സൗഹൃദമുണ്ടാക്കിയ കൂട്ടുകാരുടെ അരികിലെത്താനുള്ള കൊതികൊണ്ടാണ് ഇങ്ങനെ മത്സരിക്കുന്നത്. കുട്ടികളുമായി ചങ്ങാത്തം ഉണ്ടായിരുന്ന കാലം ഒരു സുവർണ്ണ കാലം തന്നെയായിരുന്നു.

കാലം കുറച്ച് കടന്നുപോയി. പുതിയ കാലം നമ്മെ വെറുക്കുമെന്നറിയില്ലായിരുന്നു. ഇപ്പോൾ ഭ്രഷ്ട് കല്പിച്ചിരിക്കുകയാണ്. ഞങ്ങളുമായി കൂട്ടുകൂടിയിരുന്ന കാലത്ത് കുട്ടികൾക്ക് നല്ല ആരോഗ്യം ഉണ്ടായിരുന്നു. കാരണം ഞങ്ങൾ പോഷകസമൃദ്ധി നല്കുന്നവരായിരിന്നു. ഇന്ന് കുട്ടികൾ ഉച്ചഭക്ഷണത്തിൽ പോഷകദാരിദ്ര്യം നേരിടുന്നുണ്ട്. ചില കൂട്ടുകാർ ചെറുപയർ കറിയെ കൊതിയോടെ ഓർമ്മിക്കുന്നുണ്ടെന്നും അറിയുന്നു. സന്തോഷഭരിതമായ ആ സുവർണ്ണ കാലത്തിന്റെ തിരിച്ചുവരവ് സ്വപ്നം കാണുകയാണ് ഞങ്ങളും●





തീർത്ഥ പി.എം



# ഋതുക്കൾ

അമയ പി.വി


**മൊ**ട്ടിട്ട മുല്ലയ്ക്ക് രാവെന്തു നല്കി?
പൂക്കൾ തൻ ഉത്സവമേളം വസന്തം
പൊൻ വെയിൽ തൂകിയ ചിരിയെന്തു ചൊല്ലി?
വേനലാം ദു:ഖവേളയെ നല്കി.
ഇടിമിന്നൽ പേമാരി ആകെ വിറച്ചു
വർഷമാം ആഹ്ളാദവേളയെ കാത്തു.
വാടിത്തളർന്നു കിടന്ന പൂവൊക്കെ
ഒന്നു ചിരിച്ചു വിരിഞ്ഞു ശരത്തിൽ.
ആഹ്ലാദമേറിയ ഹേമന്തമെത്തി
ഇല പൊഴിഞ്ഞേറിയ ശിശിരവുമെത്തി.
വർഷമനവധി മാറിമറിഞ്ഞു
വരുമോ ഇനിയുമാ നല്ല ഋതുക്കൾ●



# വസന്തോത്സവം

ആദിത്യ പി.പി.

**വ**സന്തകാലമെത്തിയല്ലോ
നെഞ്ചകത്തിൽ കുളിരേകി.
പുലരിയിൽ പല വർണ്ണത്താൽ
പാരിനെയണിയിച്ചൊരുക്കാനായ്.
കുഞ്ഞുമലർമൊട്ടിൽനിന്നും
വിടർന്നു പൊങ്ങും പുഷ്പങ്ങൾ
പൂവിൻ നറുതേൻ നുകരാനായ്
ചിത്രപതംഗം വന്നെത്തി.
പ്രഭാതത്തിൻ ഒളി ചീന്തി
വിണ്ണിൽ വിരിഞ്ഞു സുന്ദരദീപം
പല വർണ്ണങ്ങൾ തൂകിക്കൊണ്ട്
വിരിഞ്ഞല്ലോ നൽ മലർമഞ്ജരിയും.
വസന്തകാല തൂവെളിച്ചവും
നറുമണവും ആഹ്ളാദവും
ഒരു നാളുമണയുകയില്ലയീ
ശുഭദിനവർണ്ണക്കാഴ്ചകളും●





# കരിമീൻ

അതുൽ കെ.



**തോ**ട്ടിലുണ്ടൊരു കരിമീന്
തുള്ളി നടക്കും കരിമീന്
കരി മീനല്ലോ കരിമീന്
പാപ്പി തിന്നും കരിമീന്.
തോട്ടിലുണ്ടൊരു കരിമീന്
തുള്ളി നടക്കും കരിമീന്
കുസൃതികാട്ടും കരിമീന്
കൂട്ടിനുണ്ടൊരു ആമ്പൽപ്പൂ.
തെളിവെള്ളത്തിൽ ഒളി ചിന്നി
നീന്തി രസിക്കും കരിമീന്
തോട്ടിലുണ്ടൊരു കരിമീന്
ചാടി രസിക്കും കരിമീന്●

# സുന്ദരഗ്രാമം

അഷ്ന കെ.വി



**ന**മ്മുടെ ഗ്രാമമിത് സുന്ദരഗ്രാമം
മരങ്ങളാടും പക്ഷികൾ പാടും
പൂക്കൾ വിരിയും പൂമ്പാറ്റകൾ പാറും
നമ്മുടെ ഗ്രാമമിത് സുന്ദരഗ്രാമം.
മയിലുകൾ നൃത്തം ചെയ്യുന്നു,
തവളകൾ പേക്രോം കരയുന്നു,
കുട്ടികൾ ഊഞ്ഞാലാടുന്നു,
നമ്മുടെ ഗ്രാമമിത് സുന്ദരഗ്രാമം●



# ഒരു ഓണനാളിന്റെ മധുരസ്മരണകൾ



സനിക പി.പി

ഒരു അവധിക്കാലം കൂടി കടന്നുവന്നു. ഇത് ഓണം അവധിയാണ്. ഉത്രാടദിനത്തിൽ ഞാനും ഏച്ചിയും അനിയനും കൂടി മാമന്റെ വീട്ടിലേക്ക് പോയി. അവിടെയായിരുന്നു ഞങ്ങളുടെ ഓണാഘോഷം. ഞങ്ങൾ മാമന്റെയും മാമിയുടെയും കൂടെ കണ്ണൂരിൽ പോയി. മാമന്റെ കാറിലാണ് യാത്ര.ആദ്യം പോയത് പയ്യാമ്പലം ബീച്ചിലാണ്. അവിടെ കുട്ടികളുടെ പാർക്കുണ്ട്. ഞങ്ങൾ കുറെ സമയം കളിച്ചു രസിച്ചു. പിന്നീട് ഏച്ചിയുടെ കൂടെ തിരമാലകൾ അലയടിക്കുന്നിടത്തേക്ക് പോയി. ഞാൻ മണലിൽ എന്റെ പേരെഴുതി. അത് ഒരു തിരമാല വന്നു മായിച്ചു കളഞ്ഞു. തിരമാലകളെക്കൊണ്ട് പേരുമായ്പിക്കൽ എനിക്കൊരാവേശമായി. ഏച്ചിയും അനിയനും ഒട്ടകപ്പുറത്ത് സവാരിചെയ്തു. എനിക്കു പേടി തോന്നിയതിനാൽ കയറിയില്ല. പിന്നീട് ഞങ്ങൾ ഐസ് ക്രീം കഴിച്ചു. കുറച്ചു സമയം അവിടെ ചെലവഴിച്ചശേഷം വീട്ടിലേക്കു മടങ്ങി. മടങ്ങുന്ന വഴി തിരുവോണ ദിവസത്തേക്കുള്ള പൂക്കൾ വാങ്ങി.

വീട്ടിലെത്തിയപ്പോൾ സമയം ഒരുപാട് വൈകിയിരുന്നു. പിന്നെ ഞങ്ങൾ എല്ലാവരും കൂടി പൂക്കൾ അടർത്തിയിടുന്ന ജോലിയിൽ ഏർപ്പെട്ടു. അച്ഛാച്ഛനും മാമനും ചേർന്ന് പൂക്കളം വരച്ചു. വലിയ പൂക്കളമായിരുന്നു വരച്ചത്. അതിനുശേഷം ഭക്ഷണം കഴിച്ച് സന്തോഷത്തോടെ ഉറങ്ങാൻ കിടന്നു. നാളെ തിരുവോണമാണ്.

തിരുവോണനാളിൽ ഞാൻ അതിരാവിലെ തന്നെ എഴുന്നേറ്റു. പ്രഭാതകൃത്യങ്ങൾ ചെയ്ത് പൂക്കളം ഒരുക്കാൻ തുടങ്ങി. പല പല നിറത്തിലുള്ള പൂക്കൾ. പൂക്കളം എനിക്കു വളരെ ഇഷ്ടപ്പെട്ടു. അപ്പോൾ അടുക്കളയിൽ നിന്നുള്ള ഭക്ഷണത്തിന്റെ സ്വാദ് എന്റെ മൂക്കിൽ തുളച്ചുകയറുന്നുണ്ടായിരുന്നു.

പിന്നീട്, ഞാനും അനിയനും അനിയത്തിയുമൊക്കെ ചേർന്ന് ഓണാഘോഷപരിപാടിയിൽ പങ്കെടുക്കാൻപോയി. പോകുംവഴി ഒരു 'മാവേലി'യെ കണ്ടു. മാവേലി എനിക്കു കൈ തന്നു. എനിക്കു സന്തോഷമായി. ഞങ്ങൾ വേഗം തന്നെ ക്ളബ്ബിൽ എത്തിച്ചേർന്നു. അനിയന് കഥ പറയലിന് ഒന്നാം സ്ഥാനവും ഓർമ്മ പരിശോധനയിൽ രണ്ടാം സ്ഥാനവും ലഭിച്ചു. ഓപ്പൺ ടു ഓൾ വിഭാഗത്തിൽ വെള്ളംകുടി മത്സരം ഉണ്ടായിരുന്നു. മാമനായിരുന്നു ഒന്നാംസ്ഥാനം. പിന്നെ വീട്ടിലേക്കു മടങ്ങി. ഓണസ്സദ്യ കഴിച്ചു. സിനിമയും കണ്ട് വൈകുന്നേരം അച്ഛന്റെ വീട്ടിലേക്ക് മടങ്ങി. ഈ ഓണക്കാലം എനിക്കു മറക്കാൻ കഴിയാത്തതായിരുന്നു●







അനഘ ടി

# ശ്രീനിവാസ രാമാനുജൻ

**1887** ഡിസംബർ 22 ന് തമിഴ്നാട്ടിലെ കുംബകോണത്താണ് ശ്രീനിവാസ രാമാനുജന്റെ ജനനം. ചെറുപ്പം മുതലേ ഗണിതശാസ്ത്രത്തിൽ അതീവ താല്പര്യം ഉണ്ടായിരുന്നു. ജീവിതത്തിൽ കഷ്ടപ്പാടുകളെ അതിജീവിച്ച് ഗണിതശാസ്ത്രലോകത്തിന്റെ ഉയരംകണ്ട അതുല്യപ്രതിഭയാണ് ശ്രീനിവാസ രാമാനുജൻ. പാരമ്പര്യത്തിന്റെ പിൻബലമൊന്നുമില്ലാതിരുന്നിട്ടും പ്രസിദ്ധ ഗണിത ശാസ്ത്രജ്ഞൻ ജി.എച്ച്. ഹാർഡിയുടെ പിൻബലത്തോടെ അദ്ദേഹം വളർച്ചയുടെ പടവുകൾ നടന്നുകയറി.

സംഖ്യാ സംബന്ധമായി 4000 സിദ്ധാന്തങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. '1729' എന്ന സംഖ്യ രാമാനുജൻ സംഖ്യ എന്നറിയപ്പെടുന്നു. 1729 = 9 x 9 x 9 + 10 x 10 x 10 x 10 1 x 1 x 1 x 12 x 12 x 12

20-ാം നൂറ്റാണ്ടു കണ്ട മഹാന്മാരായ ഗണിതശാസ്ത്രപണ്ഡിതന്മാരിൽ ഒരാളാണ് ശ്രീനിവാസ രാമാനുജൻ. അദ്ദേഹം ഗണിതശാസ്ത്രത്തിനു നല്കിയ മഹത്തായ സംഭാവനയെ മാനിച്ച് ഡിസംബർ 22 ദേശീയ ഗണിതശാസ്ത്രദിനമായി ആചരിക്കുന്നു.

1917 - ൽ രാമാനുജന് ശ്വാസകോശത്തിൽ രോഗം ബാധിക്കുകയുണ്ടായി. അങ്ങനെയിരിക്കെ അദ്ദേഹം റോയൽ സൊസൈററിയുടെ ഫെലോ ആയി തെരഞ്ഞെടുക്കപ്പെട്ടു. ഈ ബഹുമതി ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് ശ്രീനിവാസ രാമാനുജൻ. 1918-ൽ തന്നെ മദ്രാസ് യൂണിവേഴ്സിറ്റി അദ്ദേഹത്തിനു വേണ്ടി യൂണിവേഴ്സിറ്റി ഓഫ് മാത്തമാറ്റിക്സ് എന്ന പദവി സൃഷ്ടിച്ചിരുന്നു.

അനാരോഗ്യം മൂലം രാമാനുജൻ 1919 - ൽ ഇന്ത്യയിലേക്ക് മടങ്ങി. കഴിയാവുന്ന ചികിത്സയെല്ലാം നടത്തിയെങ്കിലും രോഗത്തിന് മാററമൊന്നും ഉണ്ടായില്ല. അങ്ങനെ 1920 ഏപ്രിൽ 26 ന് മഹാനായ ആ ഗണിതശാസ്ത്രജ്ഞൻ ലോകത്തോട് യാത്ര പറഞ്ഞു.









# മഴയാഘോഷം

രജിനരമേശൻ

**തു**മ്പയും തെച്ചിയും കാത്തിരുന്നു
വമ്പനാം തുമ്പിയും കാത്തിരുന്നു
പൂമഴ വന്നു ചിരിച്ചീടുമ്പോൾ
തീവെയിൽ മാത്രം കറുത്തിടുന്നു.
തവളകൾ കലപില കൂട്ടുമ്പോൾ
ഉണ്ണിക്കുട്ടൻ ചിരിക്കുന്നു.
മഴയുടെ ശബ്ദം കേൾക്കുമ്പോൾ
മണ്ണിന്റെ ഗന്ധം പരക്കുന്നു.
വമ്പനാം തുമ്പിതൻ സന്തോഷം
പൂക്കളിൽ നിന്നും ലഭിക്കുന്നു.
തോടും തടാകവും നിറയുന്നു
മീനുകൾ നീന്തി രസിക്കുന്നു.



# വലിയമ്മാവൻ

രജിനരമേശൻ

**വ**ഴിയിൽ ഊന്നി നടക്കാൻ വാനിലെ
വലിയമ്മാവനു വടിയില്ല!
വടിയില്ലേലും ഉലകം ചുററാൻ
വലിയമ്മാവനു മടിയില്ല!
ഇരുളിൽ പുഞ്ചിരി തൂകിപ്പോകാൻ
വലിയമ്മാവനു ഭയമില്ല!
പതിയെ നടക്കും വലിയമ്മാവനെ
വെയിലു വരുമ്പോൾ കാണില്ല!





# ഹരിതനിധി

**വി**ദ്യാലയ അന്തരീക്ഷം ഹരിതവത്ക്കരിക്കുന്നതനും ശിശു സൗഹൃദപരമാക്കുന്നതിനും കണ്ണൂർ ഡയറ്റ് ജില്ലയിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്  ഹരിത നിധി . കൃഷിയാണ് ജീവിതത്തിന്റെ അടിസ്ഥാന പാഠം. നമ്മുടെ ഈ മാഗസിനിൽ പാഠം 1 പാടം  എന്ന പേരിൽ ഒരു കവിതയുണ്ട്. ആ കവിതയിലെ തിരിച്ചറിവാണ് നമുക്കെല്ലാവർക്കും ആദ്യമായി വേണ്ടത്. കൃഷി ഹരിതവുമായി ബന്ധപ്പെട്ടതാണ്. ഹരിതബോധമുള്ള കുട്ടികൾ ഭാവിയുടെ ഹരിതനിധികളാണ്. അവർക്ക് ഈ മണ്ണിനെ ഹരിതാഭമാക്കാൻ കഴിയും. കാരണം ലോകം അവരുടേതാണ്.

കുട്ടികളിൽ കൃഷിയുടെ പ്രാഥമിക പാഠത്തിന്റെ വിത്ത് വിതയ്ക്കുകയാണ്  ഹരിത നിധിയുടെ പരമമായ ലക്ഷ്യം. നമ്മുടെ വിദ്യാലയവും ഈ ലക്ഷ്യപ്രാപ്തിക്കായി കഴിവതും ചെയ്യുന്നുണ്ട്. സ്കൂൾമുറ്റം ആദ്യമായി പച്ചക്കറിത്തോട്ടമായി മാറിയത് ഈ വർഷമാണ്. ചീര, വെണ്ട, വഴുതിന, പയറ്, കാബേജ്, പച്ച മുളക് തുടങ്ങിയവ ഇവിടെ സമൃദ്ധമായി വളരുന്നു. പി.ടി.എ യുടെയും കണ്ണപുരം കൃഷിഭവന്റെയും പ്രോത്സാഹനവും സഹകരണവും ലഭിക്കുന്നുണ്ട്. സ്ക്കൂളിലെ സുരേശന്റെ നേതൃത്വത്തിലാണ് കുട്ടികൾ 'ഹരിതനിധി' ഫലസമ്പന്നമാക്കുന്നത്●







ലേഖനം



# പുതുവർഷം ഹരിതവർഷം



ഐശ്വര്യ പി.പി

*ഞാൻ എന്റെ വീട്ടുമുറ്റത്ത് ഒരു വലിയ പച്ചക്കറിക്കൃഷി ചെയ്യുന്നുണ്ട്. സ്കൂളിൽ നിന്നും ലഭിച്ച പച്ചക്കറിവിത്തുകൾ അതിന് വളരെ സഹായകമായി. തക്കാളി, പയർ, വെണ്ട, താലോരി, പച്ചമുളക്, പച്ചച്ചീര, ചുകന്ന ചീര, വഴുതിന എന്നിവയൊക്കെ എന്റെ വീട്ടിൽ ഇപ്പോഴും കൃഷി ചെയ്യുന്നുണ്ട്. അതിൽനിന്നും ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിൽ വിളവ് ലഭിക്കുന്നുമുണ്ട്. ഞാൻ കൃഷി ചെയ്തുണ്ടാക്കിയ ചീര കഴിക്കാൻ തലേദിവസം ഭാഗ്യമുണ്ടായി. ഒരു മായവും ചേർക്കാത്ത, ഞാൻ സ്വന്തമായിയുണ്ടാക്കിയ, ആ ചീര കഴിച്ചപ്പോൾ എന്തോ ഒരു സന്തോഷം എനിക്കനുഭവപ്പെട്ടു.*

**കാ**ലവൃക്ഷത്തിന്റെ ഒരില കൂടി പൊഴിഞ്ഞു. സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും തളിരിലകൾ അതിൽ വിരിയുകയും ചെയ്തു. ജീവിതവും ഒരു വൃക്ഷംപോലെയാണ്. ഇലകൾ വിരിയുകയും കൊഴിയുകയും ചെയ്തുകൊണ്ടേയിരിക്കുന്ന വൃക്ഷം! കാലവും ജീവിതവും നിത്യഹരിത വൃക്ഷമായിരിക്കണം എന്നാണ് എന്റെ ആഗ്രഹം. അതിനുവേണ്ടി എന്തൊക്കെ ചെയ്യണമോ അതൊക്കെ ചെയ്യാൻ നമ്മൾ തയ്യാറാകണം.

ഈ വർഷം അന്താരാഷ്ട്ര കുടുംബകൃഷി വർഷ (International Year of Family Farming) മായി ആചരിക്കുകയാണല്ലോ. നമ്മുടെ ലോകം ഒരു ഹൈടെക് ലോകമാണ്. ശാസ്ത്രസാങ്കേതികവളർച്ച അമ്പരപ്പിക്കുന്ന വേഗതയിലാണ് സംഭവിക്കുന്നത്. ഇതിനിടയിൽ നമുക്ക് നഷ്ടപ്പെടുന്നത് ഒരു ഹരിതജീവിതമാണോ എന്നെനിക്ക് സംശയമുണ്ട്. പണ്ട് ഓരോ കുടുംബത്തിനും അടുക്കളത്തോട്ടവും പറമ്പ് കൃഷിയും നെൽക്കൃഷിയും ഉണ്ടായിരുന്നു. കുടുംബത്തിലെ എല്ലാവരും കൃഷിക്കാരായിരുന്നു. അങ്ങനെ നാടിന് കാർഷിക സമൃദ്ധിയുണ്ടാക്കാൻ നമ്മുടെ പൂർവ്വികർക്ക് കഴിഞ്ഞു. ഇന്ന് സ്ഥിതി മാറി. എല്ലാവരും നാഗരികന്മാരാവുകയാണ്. അതിനനുസരിച്ച് കൃഷി ജീവിതത്തിൽനിന്നും അന്യമായിക്കൊണ്ടിരിക്കുന്നു.

നഷ്ടപ്പെടുന്ന കാർഷികജീവിതം തിരികെക്കൊണ്ടുവരുന്നതിനാണ് ഈ വർഷം കുടുംബകൃഷി വർഷമായി ആചരിക്കുന്നത്. ഭക്ഷണമാണ് ഇന്ന് ലോകം നേരിടുന്ന വലിയ പ്രശ്നങ്ങളിലൊന്ന്. അതിന് പരിഹാരം ഒരോ കുടുംബത്തെയും കൃഷിയിലൂടെ സ്വാശ്രയത്വത്തിലേക്ക് നയിക്കലാണ്. യു.എൻ.ജനറൽ അസംബ്ലി 2014 കുടുംബകൃഷി വർഷമായി പ്രഖ്യാപിക്കുമ്പോൾ ഇതൊക്കെയാണ് ഉദ്ദേശിക്കുന്നത്. ജീവിതവൃക്ഷത്തെ കാർഷികവൃത്തിയിലൂടെ പരിപാലിക്കുക!

കുടുംബകൃഷി കാർഷിക-പാരിസ്ഥിതിക-സാമൂഹിക പരിപാടികളുടെ കേന്ദ്രബിന്ദുവായി പുന:പ്രതിഷ്ഠിക്കുക എന്നതാണ് വർഷാചരണത്തിന്റെ പ്രധാന ലക്ഷ്യം. സമൂഹത്തിൽ നിന്ന് വിശപ്പും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യുന്നതിൽ കുടുംബകൃഷിയുടെയും ചെറുകിട കൃഷിയിടങ്ങളുടെയും പങ്ക് ആഗോളതലത്തിൽ ശ്രദ്ധാകേന്ദ്രമാക്കാനും ഇതുവഴി കഴിയും.

നമ്മുടെ സംസ്ഥാനം ഈ ലക്ഷ്യത്തിലേക്ക് നേരത്തേതന്നെ ചുവടുവെച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കൃഷിവകുപ്പ് മുഖേന സമഗ്ര പച്ചക്കറിക്കൃഷി വികസനപദ്ധതി നടപ്പിലാക്കിയുരുന്നു. അതിന്റെ ഭാഗമായി 60 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്ത് സൗജന്യമായി നൽകി. എല്ലാ വിദ്യാലയ മുറ്റങ്ങളെയും വീട്ടുമുറ്റങ്ങളെയും പച്ചക്കറിത്തോട്ടങ്ങളാക്കി മാറ്റിയത് ഈ പദ്ധതിയാണ്. വിദ്യാലയ കൃഷി പ്രോത്സാഹിപ്പിക്കുക വഴി കുട്ടികളെ കുടുംബകൃഷി എന്ന ലക്ഷത്തിലേക്ക് എത്തിക്കാൻ കഴിയുന്നുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എന്റെയൊരനുഭവം പറയാം.

ഞാൻ എന്റെ വീട്ടുമുറ്റത്ത് ഒരു വലിയ പച്ചക്കറിക്കൃഷി ചെയ്യുന്നുണ്ട്. സ്കൂളിൽ നിന്നും ലഭിച്ച പച്ചക്കറിവിത്തുകൾ അതിന് വളരെ സഹായകമായി. തക്കാളി, പയർ, വെണ്ട, താലോരി, പച്ചമുളക്, പച്ചച്ചീര, ചുകന്ന ചീര, വഴുതിനഎന്നിവയോക്കെ എന്റെ വീട്ടിൽ ഇപ്പോഴും കൃഷി ചെയ്യുന്നുണ്ട്. അതിൽനിന്നും ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിൽ വിളവ് ലഭിക്കുന്നുമുണ്ട്. ഞാൻ കൃഷി ചെയ്തുണ്ടാക്കിയ ചീര കഴിക്കാൻ തലേദിവസം ഭാഗ്യമുണ്ടായി. ഒരു മായവും ചേർക്കാത്ത, ഞാൻ സ്വന്തമായിയുണ്ടാക്കിയ, ആ ചീര കഴിച്ചപ്പോൾ എന്തോ ഒരു സന്തോഷം എനിക്കനുഭവപ്പെട്ടു. അതോടെ ഞാൻ ഉറപ്പിച്ചു: ഇനി എല്ലാ കൊല്ലവും പച്ചക്കറിക്കൃഷി ചെയ്യുന്ന സമയത്ത് എന്നാൽ കഴിയുന്ന പച്ചക്കറിക്കൃഷി ഞാൻ ചെയ്യുമെന്ന്. അത്രയെങ്കിലും എനിക്ക് മായവും മന്ത്രവും ഇല്ലാത്ത ആഹാരം കഴിക്കാൻ സാധിക്കുമല്ലോ!

കുടുംബകൃഷി വർഷമായി ആചരിക്കുന്ന ഈ അവസരത്തിൽ എനിക്ക് എല്ലാവരോടും പറയാനുള്ളത് ഒരു വിത്തെങ്കിലും അടുക്കള മുറ്റത്ത് നടണമെന്നാണ്. അതുമല്ലെങ്കിൽ ഒരു വിത്ത് നിങ്ങളുടെ മനസ്സിലെങ്കിലും നടണം. 'Keep a green tree in your heart, perhaps a singing bird will come' എന്ന ചൈനീസ് പഴമൊഴി ഓർമ്മ വരികയാണ്. ഇത്തരം കാര്യങ്ങൾ ലോകത്തിന്റെ വിശപ്പടക്കാൻ നമ്മെ സഹായിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്●



ആശംസകളോടെ...
പി. നാരായണൻ മാസ്റ്റർ
KVR ഓഡിറ്റോറിയം




ഫോൺ: 2862796, 9447641399

ചെറുകുന്ന്
വെജിറ്റബിൾ സ്റ്റോർ
മലബാർ ഷോപ്പിംഗ് സെന്റർ
തറ, ചെറുകുന്ന്
എല്ലാവിധ പച്ചക്കറികളും മൊത്തമായും ചില്ലറയായും ലഭിക്കുന്നു.



# നിറക്കൂട്ട് : നാട്ടറിവ് – ശാസ്ത്ര ശില്പശാല ചില പ്രതികരണങ്ങൾ



(2013 നവംബർ 15, 16 തിയ്യതികളിൽ നടത്തിയ നിറക്കൂട്ട് നാട്ടറിവ് – ശില്പശാലയെക്കുറിച്ചുള്ള കുട്ടികളുടെ ചില പ്രതികരണങ്ങൾ)

നിറക്കൂട്ട് എന്ന പരിപാടി എന്നെ വളരെ വലിയ കൗതുകത്തിലേക്ക് സഞ്ചരിപ്പിച്ചു. രണ്ടു ദിവസത്തെയും പരിപാടി എനിക്ക് ഉപകാരപ്രദമായി.
അമൽ എ.

ശില്പശാലയുടെ രണ്ടു ദിവസവും എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദിവസങ്ങളായിരുന്നു. പഠിക്കാനും കാണാനും നല്ല രസമായിരുന്നു ശില്പശാലയിലെ എല്ലാ പരിപാടികളും.

സഞ്ജു എ.വി.

എനിക്ക് മറക്കാൻ പറ്റാത്ത അനുഭവങ്ങളാണ് നിറക്കൂട്ട് ശില്പശാല നല്കിയത്. കളമെഴുത്ത് ആദ്യമായിട്ടാണ് കണ്ടത്. അത് ഭയങ്കര രസമായിത്തോന്നി.

ശ്രീലാൽ കെ. വി.

ശില്പശാലയുടെ രണ്ടു ദിവസം എന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷമുണ്ടാക്കിയ ദിവസങ്ങളായിരുന്നു. കാരണം ആ ദിവസങ്ങളിൽ പ്രകൃതിയിലെ നിറക്കൂട്ടുകളെന്തെല്ലാമാണെന്ന് അറിയാൻ കഴിഞ്ഞു.

ജിഷ്ണു ഇ.ബി.

ക്ലാസ്സിൽ നിന്ന് ഞങ്ങൾക്ക് ഇതുവരെ അറിയാത്ത കാര്യങ്ങൾ അറിയാൻ സാധിച്ചു.

ആവണി വി.

ക്യാമ്പിനോട് വിട പറഞ്ഞപ്പോൾ എനിക്ക് സങ്കടമായി. ഇനി ഇതുപോലുള്ള ശില്പശാലയിൽ പങ്കെടുക്കാൻ എനിക്ക് കഴിയുമോ?

വർഷ പി.

പ്രകൃതിയിൽ നിന്നുമുള്ള വിഭവങ്ങളും ചായങ്ങളും ഉപയോഗിച്ചാണ് തെയ്യം എന്ന കലാരൂപം നിർമ്മിക്കുന്നതെന്ന് ഉണ്ണിയേട്ടന്റെ ക്ലാസ്സിൽനിന്നും മനസ്സിലാക്കി.

ആദർശ് കെ.പി

നിറക്കൂട്ട് എന്ന ശില്പശാല എനിക്ക് അറിയാത്ത കുറെ കാര്യങ്ങൾ മനസ്സിലാക്കിത്തന്നു.

ആര്യ കെ.വി

നിറക്കൂട്ടുകളെക്കുറിച്ച് ഞങ്ങൾ കുട്ടികളുടെ അറിവ് ഈ രണ്ട് ദിവസങ്ങളിൽ വർധിച്ചു. സ്നേഹ കെ.

ശില്പശാല വളരെ രസകരവും കൗതുകകരവുമായിരുന്നു. ദിനേശൻ മാഷ് കാണിച്ച പരീക്ഷണങ്ങൾ പലതും മായയായി എനിക്കനുഭവപ്പെട്ടു. ഭക്ഷണത്തിലെ നിറക്കൂട്ട് എന്ന ക്ലാസ്സ് എനിക്ക് ഒരുപാട് പ്രയോജനപ്പെട്ടു.

സനിഘ പി. പി.

രണ്ടു ദിവസം നടന്ന നിറക്കൂട്ട് എന്ന പരിപാടി നമുക്ക് വളരെയധികം പ്രയോജനപ്പെട്ടു. കീർത്തന കെ

ചിത്രങ്ങളിൽ തെററുകളില്ല. നമ്മൾ വരക്കുന്നതെല്ലാം ചിത്രങ്ങൾ തന്നെയാണ് എന്ന് ക്ലാസ്സെടുത്ത ഗോവിന്ദൻ മാഷ് പറഞ്ഞിരുന്നു. ആദ്യത്തെ പരിപാടിയിൽ നിന്ന് എനിക്കത് മനസ്സിലായി. ഈ ശില്പശാല എനിക്ക് മറക്കാൻ കഴിയാത്ത അനുഭവമാണ്. രൂപശ്രീ കെ.

നിറക്കൂട്ട് ശില്പശാല വളരെ അറിവും കൗതുകവും നേടിത്തന്നു. അരുണിമ ഉണ്ണിക്കൃഷ്ണൻ

എന്റെ ജീവിതത്തിൽ ഏററവും കൂടുതൽ സന്തോഷവും ഉത്സാഹവും തന്ന ദിവസങ്ങളായിരുന്നു നവംബർ 15, 16 ദിവസങ്ങൾ. യദുകൃഷ്ണൻ

നിറക്കൂട്ടിലെ പരിപാടികൾ നല്ലതായിരുന്നു എന്നാണ് എന്റെ അനുഭവം അനുരാഗ് എൻ.

ദിനേശൻ മാഷിന്റെ ക്ലാസ്സിൽ നിന്ന് ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. അനഘ ടി

ഷൈജുവേട്ടൻ ഭക്ഷണത്തിലെ നിറക്കൂട്ടിനെക്കുറിച്ച് പറഞ്ഞു തന്നു. അതിൽനിന്ന് നമുക്ക് പല കാര്യങ്ങളും അറിയാൻ കഴിഞ്ഞു. ഹൃദ്യ കെ. പി.

രണ്ടു ദിവസത്തെ പരിപാടി നന്നായി ആസ്വദിക്കാൻ സാധിച്ചു. ആദിത്യ പി. പി.

ചിത്രകലയിലെ നിറക്കൂട്ട് എന്ന പരിപാടിയിലൂടെ കുറെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു.

ജിഷ ചന്ദ്രൻ

കളമെഴുത്ത് എനിക്ക് അത്ഭുതമായി അനുഭവപ്പെട്ടു.

ഐശ്വര്യ പി. പി.

നിറങ്ങളെപ്പറ്റിയുള്ള ദിനേശൻ മാഷിന്റെ ക്ലാസ്സിൽ നിന്ന് ഒരുപാട് കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. അതുപോലെ കൃഷ്ണ കെ. റാം ചേച്ചിയുടെ ക്ളാസ്സിൽ നിന്ന് എനിക്കും എന്റെ കൂട്ടുകാർക്കും ചുമർചിത്രകലയെക്കുറിച്ച് ധാരാളം കാര്യങ്ങൾ അറിയാൻ കഴിഞ്ഞു.

–ദിൽനകെ. വി.

മനുഷ്യൻ കോഴികളോടും മററു ജീവികളോടും കാണിക്കുന്ന ക്രൂരതകളെക്കുറിച്ചറിയാൻ ഷൈജുവേട്ടന്റെ ക്ലാസ്സ് സഹായിച്ചു. വിശ്വാസ്. സി.

രണ്ടു ദിവസത്തെ ശില്പശാല എനിക്ക് വളരെ കൗതുകമായിരുന്നു. മെടഞ്ഞ ഓലയിൽ തുണികൊണ്ട് തുന്നിയുണ്ടാക്കിയ നിറക്കൂട്ട് എന്ന തലക്കെട്ട് എന്നെ വളരെയധികം ആകർഷിച്ചു. അമൃത കെ. വി.

ചിത്രകലയിലെ നിറക്കൂട്ടുകളെക്കുറിച്ചുള്ള ക്ളാസ്സെടുത്തത് ഗോവിന്ദൻ മാഷായിരുന്നു. കുട്ടികളെ വളരെയധികം രസിപ്പിച്ചും ചിരിപ്പിച്ചുമുള്ള ക്ലാസ്സായിരുന്നു അത്. നിറങ്ങളുടെ രസതന്ത്രത്തെക്കുറിച്ചുള്ള ദിനേശൻ മാഷിന്റെ ക്ലാസ്സും രസകരമായി. കളമെഴുത്ത് അതിശയപ്പെടുത്തി.

അക്ഷയ കെ.

# വിദ്യാഭ്യാസം ധനാഭ്യാസമാക്കുമ്പോൾ...





> എന്താണ് വിദ്യാഭ്യാസം? എന്തിനാണ് വിദ്യാഭ്യാസം? സമൂഹത്തിൽ വിദ്യാലയങ്ങളുടെ പ്രാധാന്യമെന്ത്? തുടങ്ങിയവകളെ കുറിച്ചുള്ള അവ്യക്തത തന്നെയാണ് മേൽപ്പറഞ്ഞ കാര്യങ്ങൾ ഉടലെടുക്കുന്നതിനുള്ള പ്രധാന കാരണം. ക്ലാസു മുറികളിലെത്തുന്ന കുട്ടികൾ അധ്യാപകന്റെ സഹായത്തോടുകൂടി പാഠപുസ്തകത്തിലെ കാര്യങ്ങൾ മാത്രം മനസ്സിലാക്കുന്നതാണോ വിദ്യാഭ്യാസം? അല്ല.


വാസുദേവൻ നമ്പൂതിരി. പി.കെ
സംസ്കൃതാധ്യാപകൻ


**ഏ**തൊരു രാഷ്ട്രത്തേയും സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം എന്നത് ഒരു പ്രധാന ഘടകമാണ്. സാമൂഹ്യ നിർമ്മിതിയിൽ വളരെ പ്രധാനപ്പെട്ട സ്ഥാനവും വിദ്യാഭ്യാസത്തിനുണ്ട്. എന്താണ് വിദ്യാഭ്യാസം? എന്തിനാണ് വിദ്യാഭ്യാസം? എന്താണിതിന്റെ പ്രാധാന്യം? മുതലായ കാര്യങ്ങൾ മനസ്സിലാക്കാത്തവരെ, അഥവാ അർത്ഥഗൗരവ ത്തോടുകൂടി ഇതിനെ സമീപിക്കാത്തവരെ, തദ്വാരാ വിദ്യാഭ്യാസപ്രക്രീയയുടെ ഭാഗമാകാത്തവരെ ഇന്നും നമ്മുടെ രാജ്യത്ത് ചിലയിടങ്ങളിൽ കാണാൻ സാധിക്കും എന്ന വസ്തുത വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. ശാസ്ത്ര സാങ്കേതിക സാമ്പത്തികമേഖലകളിൽ നാം നേട്ടങ്ങൾ കൈവരിക്കുമ്പോഴും വയനാട് പോലുള്ള ജില്ലകളിലെ ആദിവാസി കുടുംബങ്ങളിൽ പെട്ടവരെപ്പോലുള്ള വിവിധ മനുഷ്യവർഗ്ഗങ്ങളിലെ ഒരു വിഭാഗമെങ്കിലും ഉദാത്തമായ ഈ വിദ്യാഭ്യാസ പ്രക്രിയയിൽ ഭാഗഭാക്കാകുന്നില്ല ആകുന്നില്ല എന്നു മനസ്സിലാക്കുമ്പോൾ നാം ഇന്ന് അവകാശപ്പെടുന്ന സമസ്ത മേഖലകളിലുമുള്ള പുരോഗതി സമൂഹത്തിന്റെ അടിത്തട്ടു കളിൽ എത്തുന്നില്ല എന്ന തിരിച്ചറിവുണ്ടാകുന്നു.

എന്താണ് വിദ്യാഭ്യാസം? എന്തിനാണ് വിദ്യാഭ്യാസം? സമൂഹത്തിൽ വിദ്യാലയങ്ങളുടെ പ്രാധാന്യമെന്ത്? തുടങ്ങിയവകളെ കുറിച്ചുള്ള അവ്യക്തത തന്നെയാണ് മേൽപ്പറഞ്ഞ കാര്യങ്ങൾ ഉടലെടുക്കുന്നതിനുള്ള പ്രധാന കാരണം. ക്ലാസുമുറികളിലെത്തുന്ന കുട്ടികൾ അധ്യാപകന്റെ സഹായത്തോടുകൂടി പാഠപുസ്തകത്തിലെ കാര്യങ്ങൾ മാത്രം മനസ്സിലാക്കുന്നതാണോ വിദ്യാഭ്യാസം? അല്ല. എന്തെന്നാൽ ഒരാൾക്ക് അറിഞ്ഞുകൂടാത്തത് പറഞ്ഞു കൊടുക്കുക മാത്രമല്ല ഈ പ്രക്രിയയിലൂടെ നടക്കുന്നത്. മറിച്ച് മനുഷ്യന്റെ നിത്യജീവിതത്തിനും വ്യക്തിത്വവികസനത്തിനും സാമൂഹിക ഉയർച്ചയ്ക്കും ആധാരമായ അറിവുകളും കഴിവുകളും മൂല്യങ്ങളും നൽകുന്നതുകൂടിയാണ് ഈ പ്രക്രിയയിലൂടെ നടക്കുന്നത്.

> സാമൂഹ്യനീതിക്കുവേണ്ടിയുള്ള നിരന്തരമായ പോരാട്ടങ്ങളിലൂടെയാണ് കേരളത്തിലെ വിദ്യാഭ്യാസം പടർന്നുപന്തലിച്ചത്. ഈ സമരങ്ങളുടെ ഫലമായിട്ടാണ് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള കുട്ടികൾക്കും വിദ്യാലയപ്രവേശനം സാധ്യമായത്. മാത്രമല്ല അവരെ കൊഴിഞ്ഞുപോകാതെ വിദ്യാഭ്യാസത്തിൽ നിലനിർത്താനുള്ള പ്രോത്സാഹനങ്ങൾ പലതും നടപ്പിലാക്കുകയും ചെയ്തു.

അതിപ്രാചീന കാലം മുതൽക്കുതന്നെ ഒരു കേന്ദ്രീകൃത സ്ഥലത്ത് കുട്ടികളെ സംഘങ്ങളാക്കി വിദ്യ അഭ്യസിപ്പിക്കുന്ന രീതി ഭാരതത്തിൽ നിലനിന്നിരുന്നു. ഇന്നു നാം വിദ്യാലയം എന്ന വാക്കിന്റെ പര്യായപദങ്ങളായി മനസ്സിലാക്കുന്ന പാഠശാല, പള്ളിക്കൂടം മുതലായവ ഇതിന് ഉദാഹരണങ്ങളാണ്. വിദ്യാർത്ഥികൾ അധ്യാപകരോടൊപ്പം തന്നെ താമസിച്ച് അറിവു നേടിയിരുന്ന ഗുരുകുല സമ്പ്രദായമാണ് ആദ്യമുണ്ടായതെന്ന് വേണം കരുതാൻ. പിന്നീടുള്ള കാലഘട്ടത്തിൽ മതപരമായ അധിനിവേശത്തിന്റെ ഭാഗമായിട്ടാണ് പാഠശാലകളിലൂടെയുള്ള വിദ്യാഭ്യാസ സമ്പ്രദായം ആരംഭിച്ചത്. ഇത്തരം പാഠശാലകളിൽ എഴുത്ത്, വായന, ഗണിതം, ശാസ്ത്രം, നിയമം, ന്യായം, ചികിത്സ തുടങ്ങിയ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങൾക്കുമൊപ്പം അധ്യാത്മിക വിദ്യ, മതപരമായ വിദ്യാഭ്യാസം മുതലായവയും അതീവ ഗൗരവത്തോടെ പഠന വിധേയമായി തീർന്നിട്ടുണ്ട്. അമ്പലങ്ങളോടൊപ്പമുണ്ടായിരുന്ന പാഠശാലകളും പള്ളികളോടൊപ്പമുണ്ടായിരുന്ന മദ്രസകളും മറ്റും ഇതിനുദാഹരണങ്ങളാണ്. എന്നാൽ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടാതെ ബ്രിട്ടീഷ് ഭരണകാലത്ത് ക്രിസ്തീയ മിഷിണറിമാർ പള്ളിക്കൂടങ്ങളും ആരംഭിച്ചതായി ചരിത്രങ്ങൾ രേഖപ്പെടുത്തുന്നു. ഇത്തരം പള്ളിക്കൂടങ്ങളിലൂടെയാണ് ഇന്നു നാം കാണുന്ന തരത്തിലുള്ള ആധുനിക വിദ്യാഭ്യാസത്തിന്റെ ആരംഭവും.


അധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളായാണ് ഇന്ന് വിദ്യാലയങ്ങൾ നിലനിൽക്കുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ ക്രമാനുഗതമായി വ്യത്യസ്ത വിദ്യാലയങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ബാല്യകാലത്ത് പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്തുന്ന കുട്ടികൾ കൗമാര പ്രായത്തിൽ ദ്വിതീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ സമൂഹത്തിന്റെ ഭാഗമായിത്തീരുന്നു. ഔപചാരിക വിദ്യാഭ്യാസത്തിനു മുമ്പ് ബാലവാടികളിൽ എത്തിച്ചേരുന്ന ബാല്യങ്ങൾ പ്രസ്തുത വിദ്യാഭ്യാസത്തിനുശേഷം കോളേജ്തല -സർവ്വകലാശാലാതല വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ ഭാഗമാകുമ്പോൾ ചില വിദ്യാർത്ഥികൾ നൃത്തം, സംഗീതം, സാമ്പത്തികം, തൊഴിലധിഷ്ഠിതം ഇത്യാദി വിഷയങ്ങളിൽ വിശേഷവിദ്യാഭ്യാസം നേടിയും ഭാഗമാകുന്നുണ്ട്. ഇപ്രകാരം അധ്യാപനത്തിനും പഠനത്തിനുമായി രൂപവല്ക്കരിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ എന്നുവേണം മനസ്സിലാക്കാൻ. മുൻകാലങ്ങളിൽ അധ്യാപകനും ക്ലാസ്സുമുറികൾക്കു മായിരുന്നു പ്രാധാന്യമെങ്കിൽ ഇന്ന് അതിനപ്പുറമുള്ള സ്വതന്ത്രമായ ഒരു സമ്പ്രദായമായി മാറിയത് വിദ്യാഭ്യാസ പ്രക്രിയയുടെ നേട്ടം തന്നെയാണെങ്കിലും ഇതിലുള്ള ചെറിയ ചെറിയ പോരായ്മകൾ പരിഹരിക്കപ്പെടേണ്ട തുണ്ട്.

എന്നിരുന്നാലും ജീവിക്കാനും കൂട്ടായ്മകളിലൂടെ പ്രവൃത്തികളിലേർപ്പെടാനും നന്നായി പെരുമാറുവാനും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുവാനും മറ്റും സാധിക്കുന്ന വിധത്തിൽ കഴിവുള്ളവരായും സാമൂഹിക ബോധമുള്ളവരായും നമ്മുടെ കുട്ടികൾ വളരണമെങ്കിൽ ആയത് ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം വിദ്യാലയങ്ങളിലൂടെ മാത്രമേ സാധ്യമാകൂ എന്നിടത്താണ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രാധാന്യമേറുന്നത്. ഇപ്രകാരം അധ്യാപകനിൽനിന്ന് കിട്ടുന്നതുപോലെതന്നെ പ്രധാനമായ അനുഭവങ്ങൾ ചുറ്റുപാടിൽനിന്നും സഹപാഠികളിൽ നിന്നും കുട്ടിക്ക് കിട്ടുന്നുണ്ട് എന്നതിലൂടെ സാമൂഹികമായ പുരോഗതിക്ക് പൊതു വിദ്യാഭ്യാസസമ്പ്രദായം അനിവാര്യമാണ് എന്ന് നിസ്സംശയം പറയുവാൻ സാധിക്കും. എന്നാലിന്ന് നമ്മുടെ ഈ വിദ്യാഭ്യാസസമ്പ്രദായം തച്ചുടക്കാനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കൂടിവരികയാണ്. താളിയോലകളിൽനിന്നും പുസ്തകങ്ങളിലേക്കും പുസ്തകങ്ങളിൽനിന്ന് അത്യാധുനികമായ ഡിജിറ്റൽ മാധ്യമങ്ങളിലേക്കും വളർന്നു വന്ന നമ്മുടെ ഉദാത്തമായ വിദ്യാഭ്യാസം പണമുള്ളവന് മാത്രം നേടാൻ പറ്റുന്ന വിധത്തിൽ കച്ചവട വല്ക്കരിക്കപ്പെടുന്നത് കേരളം പോലുള്ള സംസ്ഥാനങ്ങ ൾക്ക് സർവ്വോപരി നമ്മുടെ രാജ്യത്തിന് യോജിച്ചതേയല്ല.

സാമൂഹ്യനീതിക്കുവേണ്ടിയുള്ള നിരന്തരമായ പോരാട്ടങ്ങളിലൂടെയാണ് കേരളത്തിലെ വിദ്യാഭ്യാസം പടർന്നുപന്തലിച്ചത്. ഈ സമരങ്ങളുടെ ഫലമായിട്ടാണ് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള കുട്ടികൾക്കും വിദ്യാലയപ്രവേശനം സാധ്യമായത്. മാത്രമല്ല അവരെ കൊഴിഞ്ഞുപോകാതെ വിദ്യാഭ്യാസത്തിൽ നിലനിർത്താനുള്ള പ്രോത്സാഹനങ്ങൾ പലതും നടപ്പിലാക്കുകയും ചെയ്തു. എന്നാൽ ഇന്ന് ഉയർന്ന ക്ലാസിലെത്തുമ്പോഴേക്കും സമൂഹത്തിന്റെ താഴേക്കിടയിലുള്ള ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും വിദ്യാഭ്യാസത്തിൽ നിന്ന് പുറന്തള്ളപ്പെടുകയും താഴോട്ട് പടിയിറങ്ങേണ്ടിവരികയും ചെയ്യുന്ന കാഴ്ച സർവ്വസാധാരണമാവുകയാണ്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം വിദ്യാഭ്യാസരംഗത്തെ കച്ചവടവല്ക്കരണ സ്വഭാവം തന്നെയാണെന്ന് സംശയലേശമന്യേ പറയുവാൻ സാധിക്കും. കമ്പോളത്തിൽ ലഭിക്കുന്ന മറ്റേത് വസ്തുക്കളും സേവനങ്ങളും പോലെ കാശ് കൊടുത്ത് വാങ്ങാവുന്നതും കാശ് ഉള്ളവർക്കുമാത്രം നേടാവുന്നതുമായ ഒരു വില്പനച്ചരക്കായി വിദ്യാഭ്യാസം മാറുന്നതായി കാണാം. ലാഭമോഹത്തോടെ വിദ്യാലയങ്ങൾ നടത്തുന്നതാണിതിന്റെ പ്രധാന കാരണം. അതിന് സാമൂഹ്യമായ നിലനിൽപ്പും കാഴ്ചപ്പാടും ഉണ്ടാവുകയുള്ളു. അല്ലാതെ വന്നാൽ നമ്മുടെ സമൂഹത്തിന്റെ ഗതി ഭാവിയിൽ എങ്ങോട്ടായിരിക്കും എന്നത് ഒരു ചോദ്യമായി തന്നെ അവശേഷിക്കും ●


# ഗണിത ക്വിസ്സ്

അരുണിമ ഉണ്ണിക്കൃഷ്ണൻ



1. ശാസ്ത്രങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്ന ശാസ്ത്രശാഖ ഏത്?
2. ആധുനിക ഗണിതശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?
3. ജ്യാമിതിയുടെ പിതാവ് എന്നറിയപ്പെടുന്നത് ആര്?
4. സംഖ്യാ ശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് ആര്?
5. ഒരു നിശ്ചിത പരിധികൊണ്ട് പരമാവധി വിസ്തീർണ്ണം കിട്ടുന്ന ദ്വിമാനരൂപമെന്ത്?
6. ഒരു ചതുരശ്ര കിലോമീററർ എത്ര ഹെക്ടർ?
7. ഗണിതശാസ്ത്രത്തിലെ അത്ഭുത വനിത എന്നറിയപ്പെടുന്നത് ആരാണ്?
8. ഗണിതശാസ്ത്രത്തിലെ 'ഹെലൻ' എന്ത്?
9. രാമാനുജൻ സംഖ്യഏത്?
10. 5,6,8 എന്നീ സംഖ്യകളെ ഏതുകൊണ്ടു ഹരിച്ചാലും ശിഷ്ടം 2 വരുന്ന ഏററവും ചെറിയ സംഖ്യ?
11. ഒരു കോണിന്റെ അളവിന്റെ 8 മടങ്ങാണ് അതിന്റെ പൂരക കോണിന്റെ അളവ്. അതേ കോണിന്റെ അനുപൂരക കോണിന്റെ അളവ് എത്ര?
12. 25 ൽ കുറവായ എല്ലാ അഭാജ്യ സംഖ്യകളുടെയും ഗുണനഫലത്തിന്റെ അവസാനത്തെ അക്കം?
13. 20 ആളുകൾ 15 ദിവസം കൊണ്ട് തീർക്കുന്ന ജോലി 25 ആളുകൾ എത്ര ദിവസം കൊണ്ട് തൂർക്കും?

ഉത്തരം:
1. ഗണിതശാസ്ത്രം
2. ദക്കാർത്ത
3. യൂക്ളിഡ്
4. ഫെർമ പിയറെദെ
5. വൃത്തം
6. 100
7. ശകുന്തളാദേവി
8. സൈക്ളോയിഡ്
9. 1729
10. 120
11. 170
12. 0
13. 12



# കുസൃതിക്കണക്ക്

1. ഒറ്റനോട്ടത്തിൽ ഈ പ്രശ്നത്തിന് ഉത്തരം പറയണം. കൂടിയാൽ മുപ്പത് സെക്കന്റ് എന്നു പറഞ്ഞു കൊണ്ട് അധ്യാപകൻ ബോർഡിൽ ഇങ്ങനെ കുറിച്ചിട്ടു.

$35/70 + 148/296$ എത്ര?

2. കൂട്ടുകാരിൽ പലർക്കും സൈക്കിൾ ഉണ്ട്. എനിക്കും ഒരെണ്ണം വാങ്ങിക്കണം. പന്ത്രണ്ടു വയസ്സുകാരനായ ദിവാകരൻ അമ്മയുടെ മുന്നിൽ ഒരേ ഒരു വാശി.

3. എന്റെ മൂന്നിൽ ഒന്നു പ്രായം നിനക്കാകുമ്പോൾ വാങ്ങിച്ചുതരാം. കണക്കു ടീച്ചറും 45 വയസ്സുകാരിയുമായ അമ്മയുടെ മറുപടി ഇങ്ങനെയായിരുന്നു. അങ്ങിനെയായാൽ എത്ര വർഷം കഴിഞ്ഞാലാണ് ദിവാകരന് സ്വന്തം സൈക്കിൾ വാങ്ങാൻ കഴിയുക?

3. A യ്ക്ക് 6 ആൺ മക്കളുണ്ട്. ആൺ മക്കൾക്ക് ഓരോ സഹോദരിയുണ്ട്. എങ്കിൽ A യ്ക്ക് എത്ര മക്കളുണ്ട്?

4. മൂന്ന് പൂച്ച മൂന്ന് എലിയെ പിടിക്കാൻ മൂന്ന് മനുട്ട് സമയമെടുത്തു. ഓരോ പൂച്ചയും എടുത്ത സമയം തുല്യമാണെങ്കിൽ ഒരു പൂച്ച ഒരു എലിയെ പിടിക്കാൻ എന്തു സമയമെടുക്കും?

അക്ഷയ എ

5. അ യുടെ അച്ഛനാണ് ആ. എന്നാൽ ആ യുടെ മകനല്ല അ. യുക്തിക്ക് ചേരുന്ന പ്രസ്താവനയാണോ ഇത്?

6. 10 ൽ നിന്ന് 1 എത്ര പ്രാവശ്യം കുറയ്ക്കാം?

7. 6 പേർ 6 മനുട്ട് കൊണ്ട് 6 പായ്ക്കറ്റ് പായ്ക്ക് ചെയ്യുമെങ്കിൽ 60 മിനുട്ട് കൊണ്ട് 60 പായ്ക്കറ്റ് പായ്ക്കു ചെയ്യുവാൻ എത്ര പേർ വേണം?

8. 1 മീറ്റർ നീളവും 1 മീറ്റർ വീതിയുമുള്ള തുണിക്ക് 10 രൂപ വിലയെങ്കിൽ 2 മീറ്റർ നീളവും 2 മീറ്റർ വീതിയുമുള്ള തൂണിക്ക് എന്തു വില വേണ്ടിവരും?

*ഉത്തരം :*

**1. 4, 2. 33 വർഷം, 3. 7, 4. 3 മിനുട്ട്, 5. അതെ. ആ യുടെ മകളാണ് അ, 6. ഒരു പ്രാവശ്യം, 7. 6 പേർ, 8. 40 രൂപ**

# ഇന്ത്യയിലെ ഉത്സവങ്ങൾ



ആവണി വി.

ഓണം

കേരളീയരുടെ പ്രധാനപ്പെട്ട ആഘോഷമാണ് ഓണം. ചിങ്ങമാസത്തിലെ ഈ ആഘോഷം കൊയ്ത്തുത്സവമാണ്. സമത്വ സുന്ദരമായ ഒരു ലോക സങ്കല്പം ഓണത്തിന്റെ പിന്നിലുണ്ട്. അതുപോലെ വിളവെടുപ്പിന്റെ സമ്പൽസമൃദ്ധമായ പശ്ചാത്തലം ഓണാഘോഷത്തെ ആഹ്ളാദഭരിതമാക്കുന്നു. ഓണസ്സദ്യയും ഓണക്കോടിയും പ്രധാനമാണ്. കുട്ടികൾ വിവിധ ഓണക്കളികൾ കളിക്കുന്നു. ജാതിമത വ്യത്യാസമില്ലാതെ മലയാളികളായ സർവ്വരും ഒരേ മനസ്സോടയൊണ് ഓണം ആഘോഷിക്കുന്നത്.

ദീപാവലി

ചിലയിടത്ത് ഈ ഉത്സവത്തിന് ദിവാലി എന്നും പേരുണ്ട്. ഐശ്വര്യദേവതയായ ലക്ഷ്മിയെ കുടിയിരുത്തി ഇരുട്ടിനെഅകറ്റുന്ന ഒരു സങ്കല്പത്തിലാണ് ദീപാവലി ആഘോഷിക്കുന്നത്. ദീപങ്ങളുടെ കൂട്ടമാണ് ദീപാവലി. ദീപങ്ങൾ കത്തിച്ചും പടക്കങ്ങൾ പൊട്ടിച്ചും ആഘോഷപൂർണ്ണമാക്കുന്നു. കാർത്തികമാസത്തിലാണ് ദീപാവലി.

ഹോളി

ഹോളി പ്രചാരത്തിലുള്ളത് വടക്കേയിന്ത്യയിലാണ്. പ്രത്യേകിച്ചും ബിഹാറിലെ പാറ്റ്നയിൽ. പല നിറങ്ങളിലുള്ള പൊടികൾ വാരിയെറിഞ്ഞ് ഈ ഉത്സവം ആഘോഷിക്കുന്നു. രണ്ടു ദിവസം നീണ്ടുനിൽക്കും. രണ്ടാം ദിവസം ബന്ധുക്കളെയും സുഹൃത്തുക്കളെയും വീട്ടിൽ ക്ഷണിക്കും. നല്ല ഭക്ഷണം നൽകി സമ്മാനങ്ങൾ കൈമാറും.

*(ഒടുവിൽ നമ്മുടെ ഭാഷയ്ക്കും ശ്രേഷ്ഠഭാഷാ പദവി ലഭിച്ചു. മലയാളികളായ എല്ലാവർക്കും അഭിമാനമുണ്ടാക്കിയ തീരുമാനം. ഒ.എൻ.വി.കറുപ്പ് എഴുതിയ 'മല യാളം' എന്ന കവിതയുടെ അടിസ്ഥാനത്തിൽ മലയാളഭാഷയെക്കുറിച്ച് ഒരു ചിന്ത.)*

ഒരാളിന്റെ മാതൃഭാഷ അയാൾ പിറന്നു വീണ മണ്ണിന്റെ ഭാഷയായിരിക്കും. കേരളത്തിന്റെ ഭാഷ മല യാളമാണ്. അതിനാൽ കേരളീയരുടെ മാതൃഭാഷ മലയാളമാണ്.എല്ലാ ആളുകൾക്കും മാതൃഭാഷയോട് പ്രത്യേക അടുപ്പവും സ്നേഹവുമുണ്ടായിരിക്കും. മാതൃഭാഷയോടുള്ള മമതയാണ് കവി 'മലയാളം' എന്ന കവിതയിൽ പ്രകടിപ്പിക്കുന്നത്. അതോടൊപ്പം ഭാഷ യുടെ വികാസപരിണാമങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.

എന്റെ മലയാളം
മുത്തു പവിഴങ്ങൾ കൊരുത്തൊരു
പൊന്നുനൂൽ പോലെ!

എന്നാണ് അദ്ദേഹം പാടിയിട്ടുള്ളത്. മലയാളഭാ ഷയുടെ ഒരു വികാസ ഘട്ടമാണ് മണിപ്രവാളം. മുത്തും പവിഴവും വേർതിരിച്ചു മനസ്സിലാക്കാൻ കഴി യാത്ത വിധം ഒരേ നിറമാണ്; ചുകപ്പാണ്. ഇവിടെ മുത്ത് മലയാളത്തെയും പവിഴം സംസ്കൃതത്തെയും സൂചിപ്പിക്കുന്നു. മലയാളവും സംസ്കൃതവും വേർതിരിച്ചു മനസ്സിലാക്കാൻ കഴിയാത്ത വിധം ഒരു നൂലിൽ കോർത്തിണക്കിയ മാലപോലെയാണ് മണി പ്രവാളം. മലയാളഭാഷാ പദങ്ങളെ സംസ്കൃതീക രിച്ച് മിശ്രിതപ്പെടുത്തുന്നതാണ് മണിപ്രവാളം. നമ്മൾ ഇംഗ്ളീഷ് പദങ്ങൾ മലയാളീകരിക്കുന്നതുപോലെ. ഈ മണിപ്രവാളമാണ് പടി പടിയായി മാറി ഇന്നത്തെ രീതിയിലുള്ള മലയാളമായിത്തീർന്നത്. നമ്പൂതിരിമാരാണ് മലയാളത്തെ സംസ്കൃതീകരിച്ച് മണിപ്രവാളം സൃഷ്ടിച്ചത്. അവരുടെ സാഹിത്യ രചനമണിപ്രവാളത്തിലായിരുന്നു. അതേസമയം മണ്ണിൽപപ്പണിയെടുക്കുന്നവരുടെ വാമൊഴിയിലുള്ള നാടൻപാട്ടുകളുടെ പാരമ്പര്യവും ഇവിടെ നിലനിന്നി രുന്നു. അതാണ് പാട്ടുപ്രസ്ഥാനം. എഴുത്തച്ഛൻ പാട്ടു പ്രസ്ഥാനത്തിലെ ഭാഷയെയാണ് വികസിപ്പിച്ചത്. അതിന് അദ്ദേഹം ചെയ്തത് സംസ്കൃതത്തെ മല യാളീകരിക്കുന്ന രീതിയാണ്. നമ്പൂതിരിമാർ ചെയ്ത തിന്റെ നേർ വിപരീതമായ രീതിയാണിത്. അങ്ങനെ യാണ് അദ്ദേഹം ഭാഷയുടെ പിതാവായത്.

"നെഞ്ചണച്ചൊരു ഗുരു വളർത്തിയ
കിളിമകളുടെ" ഭാഷ അങ്ങനെദേവ ദൈത്യ മനു ഷ്യവർഗ്ഗങ്ങളുടെ കഥ പരയാൻ മാത്രം ശേഷിയും ഭംഗിയുള്ളതുമായിത്തീർന്നു.

"ദേവ ദൈത്യ മനുഷ്യവർഗ്ഗ-
മഹാ ചരിത്രങ്ങൾ
തേൻ കിനിയും വാക്കിലോതി
വളർന്നു മലയാളം
എത്ര സുന്ദരമെത്രസുന്ദരമെന്റെ മലയാളം"

കുഞ്ചൻ നമ്പ്യാരും ചങ്ങമ്പുഴയുമൊക്കെ എഴു ത്തച്ഛന്റെ വഴിയെ പാട്ടുപാരമ്പര്യത്തിലൂടെ സഞ്ച രിത്ത് മലയാളത്തെ സുന്ദരതരമാക്കി.

കവി പാടിയതുപോലെ കേരളീയരായ നമുക്കെ ല്ലാവർക്കും നമ്മുടെ മാതൃഭാഷ സുന്ദരമാണ്; അഭി മാനമാണ്. മാതൃഷയിലൂടെ വേണം എല്ലാം പഠിക്കാൻ. 'എന്റെ ഭാഷ' എന്ന കവിതയിൽ വള്ളത്തോൾ പാടി യത് ഓർമ്മിക്കുക:

ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം

മാതൃഭാഷയെ കൈവിടാതെ വേണം മറ്റു ഭാഷ സ്വീകരിക്കാൻ. ഇപ്പോൾ മലയാളികൾ മാതൃഭാഷ യോടു കാണിക്കുന്ന നിലപാട് സങ്കടപ്പെടുത്തുന്നതാ ണ്. ആ അവസ്ഥ നിലനിൽക്കുമ്പോൾ ശ്രേഷ്ഠഭാഷാ പദവികൊണ്ടു മാത്രം ഒരു ഭാഷ ശ്രേഷ്ഠമാകില്ല. ഒരു ജനത അവരുടെ മാതൃഭാഷയെ നെഞ്ചിലേറ്റുമ്പോഴേ ആ ഭാഷ ശ്രേഷ്ഠമാവുകയുള്ളൂ. ആ കടമ നിർവ്വ ഹിക്കേണ്ടത് നമ്മളാണ്. നമ്മുടെ കടമ വേറൊരാൾ നിർവ്വഹിക്കുമെന്ന് കരുതാൻ വയ്യ. എഴുത്തച്ഛന്റെ ഭാഷ ഒരു ജനത ഏറ്റെടുത്തപ്പോഴാണ് അതിന്റെ ശേഷിയുടെയും സൗന്ദര്യത്തിന്റെയും മാറ്റ് ഒന്നുകൂടി വർദ്ധിച്ചത് എന്നോർമ്മിക്കണം●



സനിക പി.പി.



# സംപൂജ്യൻ



സ്വേത കെ.വി.

ഉണ്ണി കരഞ്ഞുകൊണ്ട് അമ്മൂമ്മയുടെ അടുത്ത് വന്ന് പറഞ്ഞു : അമ്മമ്മേ ന്നെ അമ്മ വഴക്കു പറഞ്ഞു. ന്താ. കുട്ടാ അമ്മൂമ്മ അവനെ തലോടി.

നിക്ക് പരീക്ഷയ്ക്ക് പൂജ്യാ കിട്ട്യേ. അതോണ്ടാ. ഈ പൂജ്യത്തിനെയാരാ കണ്ടു പിടിച്ചേ? നിക്ക് പൂജ്യത്തെ ഇഷ്ടേയല്ല.

അമ്മൂമ്മ ചിരിച്ചു. മോന് അമ്മൂമ്മ പൂജ്യത്തിന്റെ കഥ പറഞ്ഞു തരട്ടേ?

വേണ്ട പെട്ടെന്ന് വന്നു ഉണ്ണയുടെ മറുപടി.

ന്നാലും ഒന്ന് കേട്ടുനോക്ക്

ഉണ്ണി മനസ്സില്ലാമനസ്സോടെ കഥ കേൾക്കാനിരുന്നു.

പണ്ട് ഒരു രാജ്യത്ത് ഒരു 0 ഉണ്ടായിരുന്നു. ഉരുണ്ട് നടന്ന അവനെവട്ടപൂജ്യം എന്നു വിളിച്ച് എല്ലാവരും എന്നും കളിയാക്കി. ഒരു ദിവസം കോലൻ 1 നടന്നുവരുമ്പോൾ പൂജ്യത്തെ കണ്ടു. അവൻ അവനെകളിയാക്കി: ഒരു വിലയുമില്ലാത്തവൻ.

പക്ഷേ പൂജ്യം അതൊന്നും കേൾക്കാതെ കളിച്ചുകൊണ്ടിരുന്നു. അവൻ ഉരുണ്ടുരുണ്ട് വന്ന് ഒന്നിന്റെ ഇടതു ഭാഗത്തത്ത് നിന്നു.

ഹും.. വിലയില്ലാത്തവൻ 1 വീണ്ടും അവനെകളിയാക്കി. എന്നാൽ പൂജ്യം ഉരുണ്ട് വന്ന് ഒന്നിന്റെ വലത് ഭാഗത്തത്തുനിന്നു. തനിക്കെന്താണ് സംഭവിച്ചത്? 1 ആശ്ചര്യപ്പെട്ടു.

നീയിപ്പോൾ നീയല്ല. ഞാൻ നിന്നപ്പോൾ നിന്റെ വില 10 ഇരട്ടിയായി. 0 പറഞ്ഞു. അങ്ങനെ അവർ ചങ്ങാതിമാരായി. നല്ല ചങ്ങാതിമാർ.

കഥ കേട്ടപ്പോൾ ഉണ്ണിക്കു സന്തോഷമായി. അവൻ പറഞ്ഞു: അടുത്ത തവണ നന്നായി പഠിച്ച് ഞാൻ ഈ പൂജ്യത്തിന്റെ വലതു ഭാഗത്ത് ഒരു പൂജ്യവും ഇടതു ഭാഗത്ത് ഒരു ഒന്നും വാങ്ങും

# ഭക്ഷണം: രുചിയുടെ കൊതിയൂറുന്ന നാട്ടുപാരമ്പര്യം





വിഷ്ണുമായ ടി. വി.

നമ്മുടെ വിദ്യാലയത്തിൽ നടത്തിയ നാട്ടറിവ് ശില്പ ശാലയിൽ പാരമ്പര്യ ഭക്ഷണ മേള നടത്തിയിരുന്നു. ഭക്ഷ ണത്തിലെ നാട്ടുപാരമ്പര്യം ഓർമ്മപ്പെടുത്താനാണ് ഭക്ഷണപ്രദർശനം സംഘടിപ്പിച്ചത്. വിവിധങ്ങളായ 57 ഇനം പാരമ്പര്യ ഭക്ഷണം പ്രദർശനത്തിലുണ്ടായിരുന്നു. പണ്ടുള്ളവർ അവരുടെ ചുറ്റുവട്ടത്തുള്ള വിഭവങ്ങളായി രുന്നു ഭക്ഷണമായി ഉപയോഗിച്ചിരുന്നത് എന്ന് മനസ്സി ലാക്കാൻ സാധിച്ചു. ആരോഗ്യത്തിനും പ്രകൃതിക്കും ഇണ ങ്ങുന്ന ഭക്ഷണമായിരുന്നു അവയെല്ലാം. ഇന്ന് കൃത്രിമ ഭക്ഷണം കുറെ ഉപയോഗിക്കുന്നുണ്ട്. ആ ഭക്ഷണം പല രോഗങ്ങളും ഉണ്ടാക്കുന്നു. പ്രദർശനം ഇങ്ങനെയൊരു തിരിച്ചറിവും ഉണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. എന്നെ ആകർഷിച്ച ഏതാനും ഭക്ഷണത്തെക്കുറിച്ച് എഴുതാം.

പാനകം

ചേരുവകൾ : ശർക്കര, കുരുമുളക് പൊടിച്ചത്, ചുക്ക് പൊടിച്ചത്, ഗ്രാമ്പൂ പൊടിച്ചത്, ഏലക്കായ പൊടിച്ചത്.

ഉണ്ടാക്കുന്ന വിധം:കുരുമുളക്, ചുക്ക്, ഏലക്കായ, ഗ്രാമ്പൂ, ശർക്കര എന്നിവയുടെ പൊടി വെള്ളത്തിലിട്ടു തിളപ്പിക്കുക.

പ്രയോജനം : ഇത് പാനം ചെയ്താൽ ക്ഷീണം ഉണ്ടാ കില്ല. ദഹനസംബന്ധമായ പ്രശ്നങ്ങളും ഇല്ലാതാകും.

പുക്കൻ

ചേരുവകൾ : 3–4 ദിവസം പുളിപ്പിച്ച കഞ്ഞി വെള്ളവും അരി കഴുകിയ വെള്ളവും, തവിട്, നുറുങ്ങലരി, ഉപ്പ് പാകത്തിന്.

ഉണ്ടാക്കുന്ന വിധം : പുളിപ്പിച്ചു വച്ച കഞ്ഞി വെള്ളവും അരി കഴുകിയ വെള്ളവും മുകളിൽ നിന്ന് ഊറ്റിക്കളഞ്ഞ് നുറുങ്ങലരിയും തവിടും ഇട്ട് വേവിക്കുക. ആവശ്യത്തിന് ഉപ്പു ചേർക്കുക.

പ്രയോജനം : തവിടിലെ വൈറ്റമിൻ കിട്ടും. നല്ല ഊർജ്ജവും ലഭിക്കും.

പൂളപ്പുട്ട്

ചേരുവകൾ : പൂള ഉണക്കിപ്പൊടിച്ചത്, തേങ്ങ, ഉപ്പ്.

ഉണ്ടാക്കുന്ന വിധം : പൂളപ്പൊടി ഉപ്പ് ആവശ്യത്തിനു ചേർത്ത് കുഴക്കുക. അത് ചിരട്ടയിൽ തേങ്ങ ചേർത്ത് ഇട്ട് ആവിയിൽ വേവിക്കുക.

താള് പുളിശ്ശേരി

ചേരുവകൾ : താളിൻ തണ്ട്, വറ്റൽ മുളക്, മോര്, മഞ്ഞൾ, ജീരകം, ഉപ്പ്, തേങ്ങ, ഉലുവ കടുക്.

ഉണ്ടാക്കുന്ന വിധം : താളിൻ തണ്ട് തൊലി നീക്കിയ ശേഷം ഉപ്പും രഞ്ഞളും ചേർത്ത് വേവിക്കുക. അതിനുശേഷം ജീരകം ചേർത്തരച്ച തേങ്ങയും മോരും ചേർത്ത് തിളപ്പി ക്കുക. ഉലുവയും കടുകും വറ്റൽ മുളകും വറുത്തിടുക.

ഓട്ട് മോര്

ചേരുവകൾ : പുളിച്ച മോര്, മഞ്ഞൾപ്പൊടി, കുരുമു ളക് പൊടി, വെളുത്തുള്ളി, ജീരകം, കറിവേപ്പില, ഉപ്പ്.

ഉണ്ടാക്കുന്ന വിധം : മോര് ഉപ്പും കുരുമുളക് പൊടിയും മഞ്ഞൾപ്പൊടിയും ജീരകവും വെളുത്തുള്ളിയും ചേർത്ത് നന്നായി തിളപ്പിച്ച് കുറുക്കിയെടുക്കുക. അപ്പോൾ കറി വേപ്പിലയും ചേർക്കണം. ആവശ്യത്തിനു ഉപ്പും ചേർക്കണം.

ഓട്ടുമോര് ദിസങ്ങളോളം ഉപയോഗിക്കാം. ദാഹമ കറ്റുന്നതിന് പാനകമായിട്ടും ഉപയോഗിക്കും. നല്ല രുചിയുള്ള കറികൂടിയാണ്.

തവിടു കാച്ചിയത്

ചേരുവകൾ : തവിട്, വെല്ലം, തേങ്ങപ്പാൽ, ഉപ്പ്.

ഉണ്ടാക്കുന്ന വിധം : തവിട് തേങ്ങയുടെ രണ്ടാം പാലിൽ കലക്കി തിളപ്പിക്കുക. തിളക്കുമ്പോൾ വെല്ലപ്പാവ് ചേർക്കുക. കുറുകി വരുമ്പോൾ തേങ്ങയുടെ ഒന്നാം പാലും ചേർക്കുക. ഒന്നാംതരം തവിടുപായസമായി.

തവിടുണ്ട

ചേരുവകൾ : തവിട്, തേങ്ങ, വെല്ലം, ഏലക്കായ.

ഉണ്ടാക്കുന്ന വിധം: വറുത്ത തവിടും തേങ്ങയും വെല്ലവും ഏലക്കായയും ചേർത്ത് ഇടിച്ച് ഉണ്ടയാക്കിയാൽ തവിടുണ്ടയായി. തേങ്ങയും വെല്ലവും ചേർത്ത് ഇടിച്ചതിൽ തവിട് കുഴച്ചും തവിടുണ്ടയുണ്ടാക്കാം.

മുതിരക്കറി

ചേരുവകൾ : മുതിപ്പരിപ്പ്, തേങ്ങ, മുളക് പൊടി, ചുകന്ന ഉള്ളി, ജീരകം, ഉപ്പ്.

ഉണ്ടാക്കുന്ന വിധം : മുതിര വറുത്ത് തരക്കി തോട് കളഞ്ഞ് പരിപ്പാക്കുക. പരിപ്പും മുളക് പൊടിയും ഇട്ട് വേവിക്കുക. ആവശ്യത്തിന് ഉപ്പു ചേർക്കണം. വെന്തുക ഴിഞ്ഞാൽ പരിപ്പ് ഉടയ്ക്കുക. അതിനു ശേഷം അരച്ച തേങ്ങയും ജീരകവും ചേർത്ത് ഒന്നുകൂടി കറി തിളപ്പി ക്കുക. പിന്നെ ചുകന്നുള്ളി കാച്ചിയൊഴിക്കുക.

മത്തൻ പായസം

ചേരുവകൾ : മത്തൻ പാകമായത്, വെല്ലം, തേങ്ങാ പ്പാൽ, അരിപ്പൊടി, പശുവിൻ നെയ്യ്, അണ്ടിപ്പരിപ്പ്, മുന്തി രിങ്ങ, ഏലക്കായ.

ഉണ്ടാക്കുന്ന വിധം : തൊലി കളഞ്ഞ മത്തൻ വേവി ച്ചുടയ്ക്കുക. അതിൽ അരിപ്പൊടിയും വെല്ലവും തേങ്ങയുടെ പാലും ചേർത്ത് തിളപ്പിക്കുക. കുറുകിയതിനു ശേഷം ഇറ ക്കിവെക്കുക.അതിനുശേഷം അണ്ടിപ്പരിപ്പും മുന്തിരിങ്ങയും നെയ്യിൽ കാച്ചിയൊഴിക്കുക. ഏലക്കായയും ചതച്ചിടണം.







# ശൈലികളും കടങ്കഥകളും

അഷീനഎ.

(ഭാഷയുടെ തനിമയും ചൈതന്യവും ശക്തിയും സൗന്ദര്യവും ശൈലികളിലും കടങ്കഥകളിലും സ്വച്ഛമായി പ്രതിഫലിക്കുന്നു. അവ ഭാഷയുടെ വിലമതിക്കാനാവാത്ത പൈതൃകങ്ങളാണ്.)

ശൈലികൾ :

ചൂടുവെള്ളത്തിൽ വീണ പൂച്ചയെപ്പോലെ – പകച്ചുനിൽക്കുക

പന്തം കണ്ട പെരുച്ചാഴിയെപ്പോലെ – പകച്ചുനിൽക്കുക

കഞ്ഞിയിൽ പാറ്റ വീഴ്ത്തുക – ഗതി മുട്ടിക്കുക

കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടു ചോറ് വാരിപ്പിക്കുക – കാര്യം നേടാൻ മറ്റൊരാളെ ഉപയോഗപ്പെടുത്തുക.

തുമ്പിയെക്കൊണ്ട് കല്ല് എടുപ്പിക്കുക – വല്ലാതെ ബുദ്ധിമുട്ടിക്കുക.

ചെണ്ട കൊട്ടിക്കുക – വല്ലാതെ ബുദ്ധിമുട്ടിക്കുക.

നക്ഷത്രമെണ്ണിക്കുക – വല്ലാതെ ബുദ്ധിമുട്ടിക്കുക.

അത്തും പൂത്തും പറയുക – പരസ്പരബന്ധമില്ലാതെ പറയുക (അറുപത് കഴിഞ്ഞാൽ അത്തും പൂത്തും എഴുപത് കഴിഞ്ഞാൽ എന്തോ ഏതോ എന്ന് ചൊല്ല്.)

വഴിമരുന്നിടുക – അടിസ്ഥാനം (വെടിക്കെട്ടിൽ നിന്നും വന്ന പ്രയോഗം)

പൂത്തരിയിൽ കല്ലു കടിക്കുക – തുടക്കത്തിലേ രസക്കേട്.

കാട്ടിലെ തടി തേവരുടെ ആന– ഉടമസ്ഥനില്ലാത്ത അവസ്ഥ.

പൂരപ്പറമ്പ് പോലെ – യാതൊരു നിയന്ത്രണവുമില്ലാത്ത അവസ്ഥ.

ലക്കും ലഗാനുമില്ലാതെ–ലക്ഷ്യവും നിയന്ത്രണവുമില്ലാതെ (ലക്ക് – ലക്ഷ്യം, ലഗാൻ – കടിഞ്ഞാൺ. കുതിര സവാരിയിൽനിന്നും ഉണ്ടായ പ്രയോഗം)

കണി കഴിഞ്ഞ കൊന്നയും പൂരം കഴിഞ്ഞ പണിക്കരും – പ്രത്യേക സമയത്ത് പ്രാധാനവും അതു കഴിഞ്ഞാൽ അപ്രധാനവുമായത്.

കറിവേപ്പില പോലെ – കണി കഴിഞ്ഞ കൊന്നയും പൂരം കഴിഞ്ഞ പണിക്കരും.

കുഴിയാനയെ ആറാട്ടു കൊമ്പനാക്കുക – നിസ്സാരമായതിനെഊതി വീർപ്പിച്ച് വലുതാക്കുക.

അമ്പട്ടൻ പല്ലക്കേറിയപോലെ – അനർഹമായ സ്ഥാനലബ്ധി ബുദ്ധിമുട്ടാകുക. (അമ്പട്ടൻ – ക്ഷുരകൻ)

കടങ്കഥകൾ – പ്രകൃതിയും ഫലങ്ങളുമായി ബന്ധപ്പെട്ടത്:

1. കുറ്റിക്കാട്ടിൽ കൊയ്ത്തരിവാൾ
2. എവിടെ നോക്കിയാലും കാലില്ലാ പന്തൽ
3. പാടുന്നുണ്ട് പറക്കുന്നുണ്ട്
   കണ്ണിൽക്കാണാനൊക്കില്ല.
4. അന്തണൻ വെന്തു, പൂണൂല് വെന്തില്ല.
5. ആയിരം പറ അവിലിൽ
   ഒരു പൂള് കൊട്ടത്തേങ്ങ
6. ചിതറിയിരിപ്പൂ പിച്ചിപ്പൂക്കളെ–
   യെടുത്തു കൊരുക്കാനൊത്തില്ല.
7. നാഴിപ്പാലോണ്ട് നാടാകെ കല്ല്യാണം
8. തോണ്ടാത്ത കൂളമേത്?
9. കണ്ടാലതൊരു പൂത്തളിക
   കാര്യംകൊണ്ടതു തീത്തളിക
10. മുഖമില്ലാത്തപ്പന്റെ താടി പറന്നു.
11. അച്ഛൻ പരപരാ
    അമ്മ മിനുമിനു
    മകൾ മണി മണി
12. കട കത്തിച്ചു, തല കുത്തിച്ചു.
13. ആടി ആടി അഴകനെപെറ്റു
    അഴകനകത്തും ഞാൻ പുറത്തും.
14. കണ്ടാൽ സുന്ദരി, തോലു കളഞ്ഞാൽ കഴമ്പില്ല.
15. കറുകറുത്തൊരു കുഞ്ഞൻ കുളിച്ചപ്പോൾ വെളുമ്പനായി.

ഉത്തരം :

*1. ചന്ദ്രൻ* *2. ആകാശം*
*3. കാറ്റ്* *4. കാട്ടിലെ വഴി*
*5. ചന്ദ്രൻ* *6. നക്ഷത്രങ്ങൾ*
*7. നിലാവ്* *8. സമുദ്രം*
*9. സൂര്യൻ* *10. അപ്പൂപ്പൻ താടി*
*11. ചക്ക, ചുള, കുരു* *12. നെല്ല്*
*13. നെല്ലും വൈക്കോലും* *14. ഉള്ളി*
*15. ഉഴുന്ന്*

# 'ഒലി' മണ്ണിന്റെ മണമുള്ള കവിത



അജില പി.

ഒളപ്പമണ്ണയുടെ 'ഒലി' എന്ന കവിത കാർഷികസംസ്കാരത്തിന്റെ മഹത്വം വിളിച്ചോതുന്ന കവിതയാണ്. വൃദ്ധനായ ഒരു കൃഷിക്കാരനാണ് ഈ കൃതിയിലെ പ്രധാനകഥാപാത്രം. ജീവിതകാലം മുഴുവൻ കൃഷിക്കാരനായി ജീവിച്ച ആ വൃദ്ധൻ ഇപ്പോൾ ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിലായി. എന്നാലും മക്കൾ പണിയെടുക്കുന്ന പാടത്ത് ചെന്ന് വരമ്പിന്മേൽ നട്ടുച്ചയോളമിരിക്കും. കാളകളുടെ കളിയോട്ടം കണ്ട് മണ്ണിന്റെ മണവും ശ്വസിച്ച് അങ്ങിനെയിരിക്കുമ്പോൾ തന്റെ പഴയ കാലത്തെക്കുറിച്ച് അയാൾ ഓർമ്മിക്കുന്നു. ഓർമ്മകൾ സൃഷ്ടിക്കുന്ന വിചാരങ്ങളും വികാരങ്ങളുമാണ് കവിതയിൽ ആവിഷ്കരിച്ചിട്ടുള്ളത്.


"താനുമീച്ചേറ്റിൽ പണ്ടു കൂത്താടിയ
കാലം മനസ്സിലെണീറ്റിരിക്കും"

ഐശ്വര്യ സമ്പന്നമായ ആ കാലം അയാളെ പുളകം കൊള്ളിക്കുന്നു. തിന്നും കുടിച്ചും കളിച്ചും ഭൂമിയിൽ എന്നും സന്തോഷിച്ചു ജീവിക്കുന്നവരാണ് കൃഷിക്കാർ എന്നാണ് അയാളുടെ അഭിപ്രായം.

"തിന്നും കുടിച്ചും കളിച്ചുമീ ഭൂമിയിൽ
എന്നെന്നും കൂത്തടിക്കുന്നു നമ്മൾ"

പണ്ട് കൃഷിക്കാരന്റെ അനുഭവം അതാണ്. അവർ പ്രകൃതിയുടെ ഭാഗമായിരുന്നു. കൃഷി ഒരു തൊഴിലായിരുന്നില്ല അവർക്ക്. ഒരു കർമ്മമായിരുന്നു; ജീവിതമായിരുന്നു; സംസ്കാരമായിരുന്നു. അതിനാൽ പ്രകൃതി അവരെ അനുഗ്രഹിച്ചു. കൃഷിക്കാരുടെ ഐശ്വര്യത്തിനു കാരണം ഈ അനുഗ്രഹമായിരുന്നു. തന്റെ കാർഷിക സംസ്കാരം മക്കളിൽ എത്തിയതിൽ വൃദ്ധൻ വളരെ സന്തുഷ്ടനാണ്. ഈ സംസ്കാരത്തിന്റെ ധാര മുറിയരുതെയെന്ന് അയാൾ ആഗ്രഹിക്കുകയും ചെയ്യുന്നു. കവിതയുടെ പേര് ആ ആഗ്രഹത്തിന്റെ സൂചന നൽകുന്നു.

ലളിതമായ കവിതയാണ് 'ഒലി'. മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ല. സുന്ദരമായ ഈണവും താളവും കവിതയെ ആകർഷകമാക്കുന്നു. ഒരു വൃദ്ധനിലൂടെ കാർഷിക ജീവിതത്തിന്റെ മഹിമ അനുഭവപ്പെടുത്താൻ കവിതയ്ക്ക് സാധിക്കുന്നുണ്ട്. ജീവിതത്തോട് ചേർന്നു നിൽക്കുന്ന രചനകളെ മണ്ണിന്റെ മണമുള്ളരചനകളെന്ന് പറയാറുണ്ട്. ഈ കവിതയ്ക്ക് ആ വിശേഷണം നന്നായി ചേരും. പാടത്തിൻ വരമ്പിലിരുന്ന് വൃദ്ധൻ അനുഭവിക്കുന്ന മണ്ണിന്റെ ഗന്ധം കഴിതയിലൂടെ വായനക്കാരിലെത്തിക്കുന്ന സുന്ദര സൃഷ്ടിയാണ് 'ഒലി'.



# സ്കൂളിനെക്കുറിച്ച്

ഇടക്കേപ്പുറത്തിന്റെ സാമൂഹ്യപശ്ചാത്തലത്തിൽ ഒരു പുത്തൻ ഉണർവ് പകർന്നുകൊണ്ടാണ് 1951-ൽ ഇടക്കേപ്പുറം യുപി സ്കൂൾ പിറവി കൊള്ളുന്നത്.ഈപ്രദേശത്ത് വർഷങ്ങൾക്കുമുമ്പുതന്നെ ഒരു എലിമെന്ററി സ്കൂൾ - ഇടക്കേപ്പുറം എൽപി സ്കൂൾ-പ്രവർത്തിച്ചിരുന്നു. ഈ സ്കൂളിൽ നിന്നും അഞ്ചാം ക്ളാസ് പാസായി പുറത്തുവരുന്ന കുട്ടികൾ തുടർവിദ്യാഭ്യാസത്തിവായി ദൂരെയുള്ള ഒതയമ്മാടം യു പി സ്കൂളിനെ ആശ്രയിക്കേണ്ടിവന്നിരുന്നു.അതിനാൽ പലർക്കും പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നു.വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ ആശ്വാസം പകരുമാറ് ഈ പ്രദേശത്തെ പ്രബുദ്ധരായ ഒരുകൂട്ടം ആളുകൾ ഒന്നിച്ച് ചാരിറ്റബിൾ ആക്ട് പ്രകാരം ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തു.അതിന്റെ കീഴിൽ ഇടക്കേപ്പുറം ഹയർ എലിമെന്ററി സ്കൂൾ എന്ന പേരിലാണ് ഇന്നത്തെ ഇടക്കേപ്പുറം യുപി സ്കൂൾ സ്ഥാപിച്ചത്.കമ്മിറ്റി മെമ്മോറാണ്ടത്തിൽ എഴുതിയതുപോലെ വിദ്യാഭ്യാസം വഴി പൊതുജനസഞ്ചയങ്ങളെ സാംസ്കാരികമായും സാമുദായികമായും ഉയർത്തിക്കൊണ്ടുവരികയെന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.ഈ നാടിന്റെ പുരോഗതിയിൽ ഈ സ്കൂളിന്റെ സ്ഥാനം അദ്വിതീയമാണ്. സ്കൂൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം പരേതനായ കുന്നൂൽ കുഞ്ഞിക്കണ്ണൻ സൗജന്യമായി നല്കിയതാണ് എന്നത് പ്രത്യേകം സ്മരണീയമാണ്. സ്ഥാപക മാനേജരും അദ്ദേഹമായിരുന്നു.സ്ഥാപക കമ്മിറ്റിയിൽ യശശ്ശരീരായ തൂണോളി കിഞ്ഞപ്പനായർ,കന്നൂൽ കുഞ്ഞിക്കണ്ണൻ,അരുവിരുത്തി കാക്കാമണി അമ്പുക്കുട്ടി,കലിക്കോട്ടുവളപ്പിൽ അനന്തൻ നമ്പ്യാർ,നിടിയങ്ങ കണ്ണൻ മൂപ്പൻ,കണ്ണാരത്തുവളപ്പിൽ നാരായണൻ, കോളങ്കട നടുവിലെ വീട്ടിൽ കുഞ്ഞികൃഷ്ണൻ നായർ,തീണ്ടക്കര നാരായണൻ നമ്പ്യാർ,കുറ്റിക്കര ഒതയോത്ത് വീട്ടിൽ ഗോപാലൻനായർ,തച്ചരത്ത് വളപ്പിൽ കേളൻ, കോളിയോട്ടുവളപ്പിൽ രാമൂട്ടി,തെക്കേപൊറയിൽ ബാലകൃഷ്ണൻ നായർ,കോളങ്കട മുത്താർത്ത് കുഞ്ഞികൃഷ്ണൻ നായർ, കാപ്പാടൻ ഒതേനൻ, വേലിക്കാത്ത് കുഞ്ഞമ്പു, എന്നിവരാണ് ഉണ്ടായിരുന്നത്. ഇവരെ പ്രത്യേകം സ്മരിക്കുന്നു. ഇവിടെ പരാമർശിക്കാത്ത നിരവധി പ്രദേശവാസികൾ നേരിട്ടും അല്ലാതേയും അവരുടെ സഹായസഹകരണങ്ങൾ ഈ വിദ്യാലയത്തിന്റെ സ്ഥാപനത്തിനും പ്രവർത്തനത്തിനും നല്കിയിരുന്നു എന്നതും എന്നുംഓർമ്മിക്കപ്പെടേണ്ട വസ്തുതയാണ്. പ്രഥമ പ്രധാനദ്ധ്യപകൻ പരേതനായ പി കെ കരുണാകരൻ നമ്പ്യാർ ആണ്. സ്കൂൾ ഇപ്പോഴും നാട്ടുകാരുടെ കമ്മിറ്റിയുടെ കീഴിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.




V



VI A


VI B



VII A


VII B

# ജ്യാമിതീയരൂപങ്ങളുടെ സംഗീതം





നിഖിത നാരായണൻ



ദേവിക കെ


Devika.k
VI.A
Roll No: 13
E.U.P.S






രജിന രമേശൻ





Devika.k
VI.A


# ഭാവനയുടെ വർണ്ണച്ചിറകുകൾ

















# ഭാവനയുടെ വർണ്ണച്ചിറകുകൾ




Sanigha P.P
7A
Rollno:18



അനുരാഗ്.N
7-B




NIKHITHA NARAYANAN
VI-A Rollno:14
E.U.P.S



7A-Rollno:4 AISHWARYA.P.P



# മാടായി കോ-ഓപ്പ്. റൂറൽ ബേങ്ക്

നമ്പർ എഫ് 1233, പഴയങ്ങാടി, കണ്ണൂർ
✆0497- 2876835, 2871936, 2875547
email: mcrbsecretary@yahoo.co.in Web: www.madaibank.com

കേരളത്തിലെ ഏറ്റവും വലിയ ക്ലാസ്സ് 1 സൂപ്പർ ഗ്രേഡ് ബേങ്ക്

2012 മാർച്ചിൽ നടത്തിയ നിക്ഷേപ സമാഹരണത്തിലും

## ബേങ്കിന് സംസ്ഥാന അവാർഡ്



- ഓഹരി മൂലധനം : 7 കോടി
- മംഗല്ല്യശ്രീ, ധൻവർഷ തുടങ്ങി ആകർഷകങ്ങളായ നിക്ഷേപ പദ്ധതികൾ
- നിക്ഷേപം : 500 കോടി
- വായ്പ : 380 കോടി
- പ്രവർത്തന മൂലധനം 508 കോടി
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ, കൂടുതൽ സുരക്ഷിതത്വം

സദാ സേവന സന്നദ്ധമായ 22 ബ്രാഞ്ചുകൾ
കോർ ബേങ്കിംഗ് സൗകര്യം
സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം
RTGS/NEFT, DD എന്നി സൗകര്യങ്ങൾ

പരിയാരം, പരിയാരം മെഡിക്കൽ കോളേജ്, കണ്ണപുരം, പഴയങ്ങാടി എന്നിവിടങ്ങളിൽ **ATM**



സഹകരണ മേഖലയിൽ
കേരളത്തിലെ ഏറ്റവും വലിയ ഓഡിറ്റോറിയം

## മാടായി ബേങ്ക് ഓഡിറ്റോറിയം

ബുക്കിംഗിന്
0497-2870188, 2876835

ആധുനിക സൗകര്യങ്ങളോടു കൂടിയ
1000 പേർക്കിരിക്കാവുന്ന എ.സി. ഓഡിറ്റോറിയം
200 പേർക്കിരിക്കാവുന്ന മിനി ഓഡിറ്റോറിയം,
വിശാലമായ സ്റ്റേജ്, പാർക്കിംഗ് സൗകര്യം

പ്രസിഡണ്ട് : കെ. പത്മനാഭൻ
സിക്രട്ടറി : പി.പി. രവീന്ദ്രൻ




# കണ്ണപുരം സർവ്വീസ് സഹകരണ ബേങ്ക്
## ലിമിറ്റഡ് നമ്പർ എൽ.എൽ.135

കണ്ണപുരം, പി.ഒ.ചെറുകുന്ന് കണ്ണൂർ ജില്ല, ഫോൺ:2860287,2864252

തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ
Class I Super Grade Bank
എല്ലാ ബ്രാഞ്ചുകളിലും സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം ലഭ്യമാണ്.

പ്രസിഡണ്ട്
**എൻ. ശ്രീധരൻ**
മൊബൈൽ:9497144455

സെക്രട്ടറി - ഇൻ - ചാർജ്ജ്
**ടി.കെ. അരുണകുമാരി**
ഫോൺ:0497 - 2862429



WELDTECH
ENGINEERING WORKS
All Type of Blade
(Bandsaw, Band knife, Manufacturing works)
Edakkepuram North
Kannapuram


റോയൽ
ടൈൽസ് & ഗ്രനൈറ്റ്സ്
നാഷണൽ ഹൈവേ
പിലാത്തറ
ഫോൺ: 04972800125


അനഘ ടൈലേഴ്സ്
ലേഡിസ് & ജെന്റ്സ്
ഇടക്കേപ്പുറംതെക്ക്
ഫോൺ: 9745819639


വർണ്ണം ഡിജിറ്റൽ
സ്റ്റുഡിയോ & വിഡിയോ
ഫോൺ: 9895581568


കൊറിയൻ
തയ്ക്കോണ്ടോ അക്കാദമി
കണ്ണപുരം (R.S)
ഫോൺ: 9447859130
അഡ്മിഷൻ
അവസാനിക്കുന്നില്ല.
തുടരുന്നു...


BAJAJ
MOTORCYCLES
TWINSPARK
Discover DTS-i
MUCH MORE THAN MILEAGE
അവതരിപ്പിക്കുന്നു
DISCOVER 100 M
KVR BAJAJ
Authorised Dealer for Bajaj Auto Limited
RABEESH M (Asst.Sales Manager ) Mob: 9995963366



മധുര പലഹാരങ്ങൾക്ക്
ലയൺ കൺഫെക്ഷനറി
LION
CONFECTIONARY
THARA,CHERUKUNNU
Ph:0497 2861380




മാർച്ച് 1 വരെ
10% മുതൽ
20% വരെ വിലക്കുറവ്
The Complete Family Shop
മൃദുൽ
ഫേഷൻ
ഫേഷൻസ് ടെക്സ്റ്റയിൽസ് | റെഡിമെയ്ഡ്സ് | കിഡ്സ്വേർ | ഗിഫ്റ്റ്സ്
കിച്ചൺ അസസറീസ് | ഫോട്ടോസ്റ്റാറ്റ് | ലാമിനേഷൻ
റെയിൽവേ സ്റ്റേഷന് സമീപം, നദാഷ കോംപ്ലക്സ്
കണ്ണപുരം
ഫോൺ:8136863166

# കതിരുവെക്കുംതറ ജനറൽ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് പ്രൊസസ്സിംഗ് കോ–ഓപ്പ് സൊസൈറ്റി

**ലിമിറ്റഡ് നമ്പർ സി 1499**

**കതിരുവെക്കുംതറ, പി.ഒ ചെറുകുന്ന് 670 301, ഫോൺ: 2860277**

വില്പന ഡിപ്പോ: കതിരുവെക്കുംതറ, കണ്ണപുരം (കെ.വി.ആർ ബിൽഡിംഗിന് സമീപം)
അഞ്ചാംപീടിക, മാങ്ങാട്, വേളാപുരം, പാപ്പിനിശ്ശേരി ഹാജിറോഡ്

വിവാഹസദ്യക്കാവശ്യമായ ഇല, തൈര്, പച്ചക്കറി ഓർഡർ മുൻകൂട്ടി സ്വീകരിക്കുന്നതാണ്.

പ്രസിഡണ്ട് **ഇ.കെ.ബാലൻ** സെക്രട്ടറി: **വി.വി.സജിത്ത്**

# കണ്ണപുരം ക്ഷീരവ്യവസായ സഹകരണ സംഘം

**ലിമിറ്റഡ് നമ്പർ സി 21 (ഡി)**

**പി.ഒ ചെറുകുന്ന്, കണ്ണൂർ 670 301**

പ്രസിഡണ്ട്: **ശ്രീ.സി.ലക്ഷ്മണൻ** സെക്രട്ടറി ഇൻചാർജ്ജ്: **ടി.വി.രഞ്ജിത്ത്**

